Date of publication: 9 ഒക്ടോബർ 2017
വോള്യം 13 / ലക്കം 4 / വില 20₹
ISSN 2319 – 9741

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത

## അമ്മയനുഭവം



# അമ്മയനുഭവം

സംഘടിത

സംഘടിത | ഒക്ടോബർ 2017 | വോള്യം 13 | ലക്കം 4



കവർചിത്രം കടപ്പാട്:
**റോളി മുഖർജ്ജിയുടെ 'എ ഹറികേൻ ഇസ് ബോൺ വെൻ ദ വിങ്ങ്സ് ഫ്ളട്ടർ'**


ഉമ്മയുടെ രാഷ്ട്രീയം : മാതൃത്വവും സമുദായവും **6**
**ഉമ്മുൽ ഫായിസ**

**13** തങ്ക മനസ്സ്, ഈ അമ്മ മനസ്സ്
**ഷാഹിന കെ.റഫീക്ക്**

നോർമൽ ഡെലിവറി **16**
**സരിജ ശിവകുമാർ**

**19** മലയാളചലച്ചിത്ര ലോകത്തിലെ അമ്മമാർ
**ചിഞ്ചു റോസ**

രണ്ടാനമ്മ **22**
**മൃദുല ദേവി എസ്.**

**25** സ്വവർഗ്ഗാനുരാഗിയുടെ അമ്മ
**ജിജോ കുര്യാക്കോസ്**

**29** അസംഘടിത തൊഴിലിടങ്ങളിലെ അമ്മമാർ
**മായ പ്രമോദ്**

അമ്മത്തം ചില വിചാരങ്ങളും വിചാരണകളും **37**
**ശ്രീപ്രിയ ബാലകൃഷ്ണൻ**

**44** മാതൃത്വത്തിന്റെ മഹത്വവൽക്കരണം
**ആഷാറാണി**

പൊതുയിടങ്ങളിലെ സ്ത്രീകളും സമകാലീന മുഖ്യധാരാ വീക്ഷണങ്ങളും **46**
**ദിവ്യ എൻ.**




**ഫോട്ടോ ഫീച്ചർ : അമ്മച്ചിത്രങ്ങൾ**

---


**18** കവിത
**അർച്ചന കെ.രാജൻ**

**52** വായനാനുഭവം
**ഷീബ ഇ.കെ.**

**54** കഥ
**ഷീല എൻ.കെ.**

**43** വാസ്തവം
**ഡോ.ജാൻസി ജോസ്**

**62** വഴിത്താരകൾ
**ജാനകി**

**46** പുസ്തകപരിചയം
**രോഹിണി വി.വി.**

**61** ശാസ്ത്രം
**സീമ ശ്രീലയം**


**എഡിറ്റർ**:ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ**:കെ.അജിത **എക്സി.എഡിറ്റർ**:ഡോ. ജാൻസി ജോസ്, **ഗസ്റ്റ് എഡിറ്റർ** : ഇഞ്ചിപ്പെണ്ണ് **പത്രാധിപസമിതി**: രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, ഗാർഗി ഹരിതകം, അഡ്വ.കെ.കെ.പ്രീത, ഷീബാ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, അമീറ വി.യു, ഡോ.ഷർമ്മിള.ആർ, സോണിയ ജോർജ്, മിനിസു കുമാർ **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ **ലേഔട്ട് & കവർ** :സുവിജ കെ., **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370

sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com

# മുഖപ്രസംഗം



ഷീബ കെ.എം.

മാസങ്ങളായി സ്വന്തം ജീവിതത്തിനുമേൽ സ്വയംനിർണ്ണയാവകാശം നഷ്ടപ്പെട്ട് സ്വന്തം വീട്ടിൽ തടങ്കലിലാണ് ഹാദിയ. ഇസ്ലാംവിരുദ്ധതയും സ്ത്രീവിരുദ്ധതയും ഹേതുവായി ഒരു മുതിർന്ന പൗര മാനസികവും ശാരീരികവുമായി പീഡിപ്പിക്കപ്പെടുന്നു. സാമാന്യബോധത്തിന്റെ യുക്തികളെപ്പോലും വെല്ലുന്ന തരം കടന്നുകയറ്റമായിപ്പോയി ഇത്. ഇതെല്ലാം ദൈവനാമത്തിലാണ് നടക്കുന്നതെങ്കിൽ ദൈവസങ്കല്പങ്ങളുടെയും ആവിഷ്ക്കാരങ്ങളുടേയും അതിദയനീയവും ക്രൂരവുമായ പരാജയം തന്നെയാണിത്. രാഷ്ട്രീയ അധികാരപ്രയോഗങ്ങൾക്ക് വിധേയപ്പെടുന്ന മതബോധങ്ങൾ അപകടകരമാം വിധം സ്ത്രീ ജീവിതങ്ങളെ ദുരിതങ്ങളിലാഴ്ത്തുക തന്നെ ചെയ്യുന്നു. സ്വന്തം അച്ഛന്റെ നിയന്ത്രണത്തിലല്ല പ്രായപൂർത്തിയായ ഒരു മകളുടെ ജീവിതം എന്ന ഈ കേസ്സിനെക്കുറിച്ചുള്ള സുപ്രീം കോടതിയുടെ സുപ്രധാന നിരീക്ഷണം ഏറെ ആശാവഹമാണ്.

നടൻ ദിലീപിന് ജാമ്യം ലഭിച്ചതും അതേത്തുടർന്ന് ആരാധകർ (?) നടത്തുന്ന ജയഭേരികളും ഗുണ്ടാഭീഷണികളും കേരളത്തിലെ സ്ത്രീവിരുദ്ധതയുടെ ഭയാനകമായ ആഴങ്ങൾ വെളിപ്പെടുത്തുന്നു. സിനിമ ഒരു വിനോദോപാധി എന്നതിലധികം മാഫിയാ ശക്തികളുടെ വിഹാരകേന്ദ്രമായിരിക്കുന്നു എന്ന് അടിവരയിട്ട് തെളിയിച്ചിരിക്കയാണ് ഈ സംഭവങ്ങൾ. ജയിൽവാസത്തിനിടെ ജാമ്യത്തിലിറങ്ങുന്നവർക്ക് ലഭിക്കുന്ന 'ഉജ്ജ്വല'സ്വീകരണം കേരളത്തിന്റെ നാണംകെട്ട സാമൂഹ്യാവസ്ഥയെയാണ് തുറന്നു കാട്ടുന്നത്.

'നമുക്ക് ജാതിയുണ്ട്' എന്ന് ലജ്ജാകരമായി വിളിച്ചു പറയുകയാണ് ടിവി ചാനൽ പ്രവർത്തകയായ ശരണ്യക്കുണ്ടായ ദുരനുഭവം. ആധുനികമെന്നവകാശപ്പെടുന്ന ദൃശ്യമാധ്യമമേഖലയിൽ പ്രവർത്തിക്കുമ്പോഴും സ്വന്തം തൊലിയുടെ നിറവും ജാത്യാവസ്ഥയും നിരന്തരം പ്രതിക്കൂട്ടിലാവുന്നതെന്തുകൊണ്ടാണെന്ന് ഗൗരവമായി ആലോചിക്കേണ്ടതുണ്ട്.മാധ്യമരംഗത്തെ ദലിത് അഭാവങ്ങൾക്ക് കേവലം സാങ്കേതിക കാരണങ്ങളോ പരിഹാരങ്ങളോ ഇല്ലെന്നതാണ് യാഥാർത്ഥ്യം. ഈ ചന്ദ്രയാൻ യുഗത്തിലും നമ്മളിൽ ഇനിയും ഉച്ചാടനം ചെയ്യപ്പെടാതെ ഒളിഞ്ഞു കിടക്കുന്ന കടുത്ത ജാതീയത ഒരു സാമൂഹ്യദുരന്തം തന്നെ.

തൃശൂരിൽ ഓണാഘോഷങ്ങളെത്തുടർന്നുള്ള പുലികളിയിൽ കഴിഞ്ഞ വർഷം പുതുതായി കാൽവെയ്പ്പ് നടത്തിയ പെൺപുലികൾ ഈ വർഷം വർദ്ധിച്ച ആത്മവിശ്വാസത്തോടെ തെരുവരങ്ങിൽ സാന്നിധ്യമുറപ്പിച്ചു. സ്ത്രീകൾ പുതിയ ഇടങ്ങൾ സ്വന്തമാക്കുക എന്ന രാഷ്ട്രീയ തിരിച്ചറിവ് സ്ത്രീവാദപ്രവർത്തനത്തിന് അനിവാര്യമാണ്. അഭിനന്ദനങ്ങൾ!

സ്ത്രീ ജീവിതത്തിന്റെ അവശ്യഘടകമെന്ന മട്ടിൽ കൂട്ടിക്കെട്ടപ്പെട്ടതാണ് മാതൃത്വം എന്ന അവസ്ഥ. സന്താനലബ്ധിക്കായുള്ള നെട്ടോട്ടങ്ങളെ ഭക്തികേന്ദ്രങ്ങളോടൊപ്പം കമ്പോളവും ഏറ്റെടുത്തതോടെ സ്ത്രീകളുടെ മേലുള്ള സമ്മർദ്ദങ്ങൾ വർദ്ധിക്കുകയാണുണ്ടായത്.കോർപ്പറേറ്റ് ജീവിതത്തിനിടയിലും സ്ത്രീകൾക്ക് അമ്മയാവുക എന്നത് ജീവിതത്തിലെ പരമപ്രധാനമായ ലക്ഷ്യമായി സ്ഥാപിക്കപ്പെട്ടു കൊണ്ടേയിരിക്കുന്നു. മറ്റെല്ലാ ജീവിതതാല്പര്യങ്ങളും അടിയറ വെയ്ക്കേണ്ടുന്ന ഇടമായിത്തീരുന്നു ഇത്.ഏറ്റവും ഉദാത്തവൽക്കരിക്കപ്പെട്ട പദവി എന്ന നിലയിൽ അമ്മ സ്ഥാനം വിമർശനങ്ങൾക്കതീതമാണ്. 'എല്ലാ തെറ്റുകളും മാപ്പാക്കുന്ന കോടതി' യായും സ്വയം പട്ടിണി കിടന്ന് കുടുംബത്തിന് ഭക്ഷണം നൽകുന്നവളായും പ്രതിഷ്ഠിക്കപ്പെടുമ്പോൾ തങ്ങൾക്ക് സ്വന്തമായൊരു അസ്തിത്വവും ജീവിതവുമുണ്ടെന്ന് മറന്നു പോകാൻ സ്ത്രീകൾ ബാധ്യസ്ഥരാകുന്നു. വാർദ്ധക്യത്തിൽ മക്കൾ പുറം തള്ളുന്ന അമ്മമാരുടെ എണ്ണം നാൾക്കുനാൾ വർദ്ധിക്കുമ്പോഴും എല്ലാ കാല്പനിക ഗൃഹാതുരത്വങ്ങളും ചെന്നവസാനിക്കുന്നത് അമ്മയിലാണ്. ഏതു പരാജിതയുടെ/ന്റെയും അവസാനത്തെ അത്താണി. അമ്മമാർ കാലത്തിലേക്ക് മറയുന്നത് തങ്ങളുടെ നങ്കൂരങ്ങളും വഹിച്ചു കൊണ്ടാണെന്ന് മക്കൾ തിരിച്ചറിയുന്ന അവസ്ഥ. മാക്സിം ഗോർക്കിയുടെ 'അമ്മ' യും മഹാശ്വേ താദേവിയുടെ 'ഹസാർ ചൗരാസീർ മാ' യിലെ അമ്മയും ഇന്ന് കാശ്മീരിലടക്കം ഭരണകൂട ഹിംസയിൽ കൊല്ലപ്പെടുന്ന മക്കളുടെ അമ്മമാരുമൊക്കെ രാഷ്ട്രീയഭൂമികകളുടെ കഠിനമായ അമ്മച്ചിത്രങ്ങൾ നമുക്ക് മുന്നിൽ വരച്ചിടുന്നുണ്ടെന്നും ഈ അവസരത്തിൽ ഓർക്കേണ്ടതുണ്ട്. ഇഞ്ചിപ്പെണ്ണ് അതിഥിപത്രാധിപയായി 'മാതൃത്വം' എന്ന വിഷയം ചർച്ച ചെയ്യുന്ന ഈ ലക്കം സംഘടിത സ്നേഹാശംസകളോടെ സമർപ്പിക്കുന്നു.

## അതിഥിപത്രാധിപക്കുറിപ്പ്

**Inji Pennu**

# മാതൃത്വം ഒരു ആരോപണമാണ് !

*അമ്മമാർക്കെല്ലാം അല്പം ഭ്രാന്തുണ്ട്*
*- J.D Salinger*

ഉമ്മമാർക്ക് അടുക്കള മണമാണ്. കമല സുരയ്യയുടെ കഥകളിലെ അമ്മമാർക്ക് മഞ്ഞൾ മണമാണ്. അരുന്ധതി റോയുടെ 'God of Small Things' ലെ ബേബി കൊച്ചമ്മക്ക് ഈർപ്പമുള്ള വൈകുന്നേരങ്ങളിൽ ചായ മുക്കി കഴിക്കുന്ന പാർലെ ജി ബിസ്കറ്റിന്റെ മണമാണ്. കണ്ണ് തുറക്കുന്നതിനു മുൻപ് ഈ പാൽമണം പിടിച്ച് പിടിച്ചാണ് പിറന്ന് വീഴുന്നുടൻ ജീവൻ മനുഷ്യകുലം ജീവൻ നിലനിറുത്തി പോരുന്നത്. കാൽഷ്യം മുഴുവൻ അവളുടെ എല്ലുകളിൽ നിന്ന് ഊറ്റിക്കുടിച്ചതിനു ശേഷവും ഈ മണങ്ങളുടെ വേരുകളിലാണ് മാതൃത്വത്തെ നമ്മൾ നിർവ്വചിച്ചുകൊണ്ടിരിക്കുന്നത്.

ഒരിക്കൽ പ്രസവിച്ച് കഴിഞ്ഞ സ്ത്രീയെ ജീവിതകാലം അമ്മായാക്കി നിലനിറുത്തുന്നത് എന്തിനാണ്? അവൾക്കൊരു തിരിച്ച് പോക്ക് അസാധ്യമാവും വിധം. മാതൃത്വമെന്നത് ജൈവികമായ പ്രസവത്തോട് കൂടിയുള്ളതാണോ?

പൊതു സമൂഹം നിർവചിക്കുന്ന മാതൃത്വത്തെ ഇഴപിരിച്ച് ഉടച്ച് വാർത്തെടുക്കേണ്ടതുണ്ട്. ജീവിതം തകർത്ത് കൊണ്ട് ത്യാഗം ചെയ്യുന്ന അമ്മത്തങ്ങളിൽ നിന്ന്, ഉല്ലസിക്കുന്ന, പൊട്ടിച്ചിരിക്കുന്ന, കാമിക്കുന്ന, പ്രസവിക്കാത്ത, അമ്മത്തങ്ങളായി അത് കുഴച്ച് തിരിച്ച് വെക്കേണ്ടതുണ്ട്. ആ ഇടത്തിലേക്ക് അമ്മമാരായി ആണും പെണ്ണും, സ്വവർഗ്ഗാനുരാഗികളും, ഭിന്ന ലിംഗക്കാരും അങ്ങിനെ എല്ലാവരും കടന്ന് വരും. ഗർഭപാത്രമില്ലാതെ അവർ പ്രസവിക്കും, ഊട്ടിവളർത്തും, പരിപാലിക്കും. എപ്പോൾ വേണമെങ്കിലും ഒരു തിരിച്ച് പോക്ക് സാധ്യമാവും വിധം അവർ മാതൃത്വത്തെ ആഘോഷിക്കും.

ആ ഇടത്തിൽ ഉമ്മമാർക്ക് അടുക്കള മണമില്ല, മഞ്ഞൾ മണമില്ല, ബിസ്കറ്റ് മണമില്ല. ഇംഗ്ലീഷിലെ 'other' (അപരവൽക്കരണം) എന്ന വാക്ക് എടുത്തു വെച്ച്, യാതൊരു അധികാരവുമില്ലാത്ത ഒരു ജീവനെ, ചേർത്ത് പിടിക്കാൻ ആർക്ക് സാധിക്കുന്നുവോ അവിടെ അവരിൽ Mother ഉണ്ടാവുന്നു. മാതൃത്വം എന്നാൽ എനിക്ക് അതാണ്. മൗലികമായൊരു സ്നേഹവലയമാണ്. മാതൃത്വം ഒരു ചിന്തയണ്, ഒരു മതമാണ്, ഒരു കലയാണ്, ഒരു ഭ്രാന്താണ്.

ഈ ലക്കം സംഘടിത അങ്ങിനെയുള്ള അനേകം മാതൃത്വങ്ങളോടൊപ്പവും, മാതൃത്വത്തിൽ കുരുങ്ങി, മക്കൾ നഷ്ടപ്പെട്ട അനേകം കാശ്മീരിലെ അമ്മമാർക്കൊപ്പവും, രോഹിത് വെമുലയുടെ അമ്മ രാധികക്കൊപ്പവും, നജീബിന്റെ അമ്മ ഫാത്തിമയ്ക്കൊപ്പവും, അമ്മയെ കാണാൻ അനുവദിച്ച അബ്ദുൽ നാസർ മദനിയുടെ അമ്മയ്ക്കൊപ്പവും, പെട്ടെന്നൊരുനാൾ നീതിക്ക് വേണ്ടി ജീവൻ ഉഴിഞ്ഞ് വെച്ച് പോരാടേണ്ടി വരുന്ന അനേകം അമ്മമാർക്കൊപ്പവുമാണ്!

*സോഫ്റ്റ് വെയർ ടെക്നോളജി ഡയറക്റ്ററായി പകലും, ഗ്ലോബൽ വോയ്സസിലും ഗ്ലോബ്വൽ അഡ്വക്കസി ഗ്രൂപ്പിലും ജേർണലിസ്റ്റായി ഒഴിവു നേരങ്ങളിലും ജീവിക്കുന്നു.*

ചർച്ചാവിഷയം

ഉമ്മുൽ ഫായിസ



# ഉമ്മയുടെ രാഷ്ട്രീയം : മാതൃത്വവും സമുദായവും

*ജെ എൻ യു വിൽ സെന്റർ ഫോർ പൊളിറ്റിക്കൽ സ്റ്റഡീസിൽ പി.എച്ച്. ഡി. ഗവേഷക*



**മാ**തൃത്വം എന്നത് ഒരു സാർവലൗകിക സാമൂഹിക പ്രതിഭാസം അല്ല. വ്യത്യാസങ്ങളും അധികാരങ്ങളും പല രീതിയിൽ മാതൃത്വ അനുഭവങ്ങളെ പുനർ നിർമ്മിക്കുന്നുണ്ട്. വ്യത്യസ്ത സാഹചര്യങ്ങളും വ്യത്യസ്ത സാമൂഹിക ചുറ്റുപാടുകളും പരിഗണിക്കാതെ മാതൃത്വത്തെ കുറിച്ചു സംസാരിക്കാൻ സാധ്യമല്ല. ഇനി മാതൃത്വം എന്നത് അടിച്ചമർത്തലിന്റെയും ആൺകോയ്മയുടെയും ഭാഗമായി കാണുന്നുവെന്ന് തന്നെ കരുതുക. അതിന്റെ കാരണങ്ങൾ തന്നെ ഒരു പോലെയാണോ? ഏതു മാതൃത്വം? ആരുടെ മാതൃത്വം? തുടങ്ങിയ ചോദ്യങ്ങളും പല പഠനങ്ങൾ ഉന്നയിക്കുന്നത് കാണാം.

തീർച്ചയായും ഈ കുറിപ്പ് ഭാരത് മാതായെക്കുറിച്ചല്ല. മദർ ഇന്ത്യയുടെ പുറത്തെ അപരയെക്കുറിച്ചാണ്. ഇന്ത്യൻ ദേശിയ വ്യവഹാര ങ്ങളിൽ ഏറെ ചർച്ച ചെയ്യപ്പെട്ടതും ആഘോഷിക്കപ്പെട്ടതുമായ ഒരു രൂപമാണ് ഭാരത് മാതാ എന്നത്. സ്നേഹത്തിന്റെയും സഹനത്തിന്റെയും/ ത്യാഗത്തിന്റെയും പ്ര തിരൂപമായാണ് അവ പ്രചരിക്കപ്പെത്. 'പെറ്റമ്മയും പെറ്റനാടും സ്വർഗ്ഗത്തേക്കാൾ മഹത്തരം'എന്ന പ്രശ്നപരിസരത്തെ ഉൾക്കൊള്ളുന്ന നിലനില്പാണ് ഭാരത് മാതായുടേത്.

1880 കളിൽ ദേശിയവാദികളായ സവർണ്ണ ബംഗാളി എഴുത്തുകാരും കലാകാരന്മാരുമാണ് ഇ ന്ത്യൻ ഭൂപടത്തിന്റെ രൂപത്തിൽ മദർ ഇന്ത്യയുടെ (ഭാരത് മാതാ) രൂപം ചിത്രികരിച്ചത്. പിന്നിട് ദേശിയവാദ നോവലുകലുകളിലും വിവരണങ്ങളിലും തന്റെ സുരക്ഷിതത്വത്തിനും പ്രതിരോധത്തിനും വേണ്ടി ആൺമക്കളെ ആശ്രയിക്കുന്ന ത്യാഗിയും സ്നേഹവതിയുമായ

മാതാവായാണ് മദർ ഇന്ത്യ (ഭാരത് മാതാ) കടന്നു വരുന്നത്. കാലക്രമേണ സവർണ്ണ ഹിന്ദു ദേവിമാരുടെ വ്യത്യസ്ത രൂപങ്ങളിലും ചിത്രങ്ങളിലും ഭാരത് മാതാ പ്രചരിപ്പിക്കപ്പെട്ടു.

തനിക സർക്കാർ പറയുന്നത് പോലെ ഇന്ത്യൻ ദേശീയവാദികൾ മാതൃത്വത്തെ ബന്ധപ്പെടുത്തി



ഉണ്ടാക്കിയെടുത്ത പ്രതിരൂപം സ്ത്രീകളെ സംസ്കാരത്തിന്റെയും ആത്മീയസ്വത്വത്തിന്റെയും സ്വകാര്യജീവിതത്തിന്റെയും മേഖലയിൽ പ്രതിഷ്ഠിക്കുകയും ഭാരതീയ മൂല്യങ്ങളുടെ സംഭരണ സ്ഥലമാക്കി മാറ്റുകയും ചെയ്തു. ഭാരതീയ കുടുംബ സാംസ്കാരിക മൂല്യങ്ങൾ കാത്ത് സൂക്ഷിക്കുന്നവരും ദേശീയസ്വത്വത്തെ പുനരുത്പാദിക്കുന്നവരുമായി സ്ത്രീകൾ മാറി. പുരുഷന്മാർ രാഷ്ട്രത്തിന്റെ സംരക്ഷകരും രാഷ്ട്രീയ രക്തസാക്ഷികളുമായി. അവർ രാഷ്ട്രീയത്തിന്റെ മേഖലയിൽ വ്യാപൃതരായി.

പക്ഷെ ദേശിയവാദവിവരണങ്ങളിലെ മദർ ഇന്ത്യയെക്കുറിച്ച് മേൽപ്പറഞ്ഞ വിമർശനം പുരുഷൻ / സ്ത്രീ എന്ന ദ്വന്ദത്തിലുന്നി മാത്രമേ ഉയർന്നു വന്നിട്ടുള്ളു. ഇത് അവർണ്ണ/ ദലിത് ബഹുജൻ സ്ത്രീകളുടെയോ മറ്റു ന്യൂനപക്ഷ സ്ത്രീകളുടെയോ വിശിഷ്യാ മുസ്ലിം സ്ത്രീകളുടെയോ ജീവിതത്തെകുറിച്ചാണോ? ഭാരത് മാതാ എന്ന സങ്കല്പം ഇതര/അപര സ്ത്രീകളെ പൂർണ്ണമായും നിരാകരിച്ചു കൊണ്ടു തന്നെ സവർണ്ണ ഹിന്ദു പുരുഷന്റെ ജാതീയമായ കാല്പനികതയിൽ നിന്നുയർന്നു വരുന്നതാണ് എന്ന തരത്തിലേക്ക് കൂടി കൂട്ടിവായിക്കപ്പെടേണ്ടതുണ്ട്. ഭീകരവേട്ടയുടെയും അതിദേശീയതയുടെയും ഈ കാലത്ത് ചില മലയാളി മുസ്ലീം സ്ത്രീകളുടെ മാതൃഅനുഭവങ്ങളെ പ്രസ്തുത വിമർശനവുമായി കൂട്ടിവായിക്കാൻ ഇത് പ്രേരണ നല്കുന്നു.

**മലയാളി ആഘോഷിച്ച ഉമ്മ**

ഉമ്മ എന്ന അറബി വാക്കിനു രണ്ടു അർത്ഥങ്ങളുണ്ട്. ഒരേ സമയം മാതാവ് എന്നും അതെ സമയം തന്നെ സമുദായം എന്ന രീതിയിലും ഈ വാക്ക് ഉപയോഗിക്കപ്പെടുന്നുണ്ട്. ഇസ്ലാമിക വ്യാവഹാരിക പാരമ്പര്യത്തിലും അറബി ഭാഷയിലും ഈ രണ്ടു രീതിയിലുള്ള അർത്ഥങ്ങൾ ഉമ്മ എന്ന വാക്കിനു ലഭ്യമാണ്.

ഉമ്മയും അമ്മയും മലയാളിക്ക് ഒരു പോലെയാണോ? മേലെ പറഞ്ഞ പോലെ പെറ്റമ്മയും പെറ്റനാടും എന്ന ചോയ്സ് ഒരൊറ്റ ശ്വാ

**സ്ത്രീകളെ സംസ്കാരത്തിന്റെയും ആത്മീയസ്വത്വത്തിന്റെയും സ്വകാര്യജീവിതത്തിന്റെയും മേഖലയിൽ പ്രതിഷ്ഠിക്കുകയും ഭാരതീയ മൂല്യങ്ങളുടെ സംഭരണ സ്ഥലമാക്കി മാറ്റുകയും ചെയ്തു. ഭാരതീയ കുടുംബ സാംസ്കാരിക മൂല്യങ്ങൾ കാത്ത് സൂക്ഷിക്കുന്നവരും ദേശീയസ്വത്വത്തെ പുനരുത്പാദിക്കുന്നവരുമായി സ്ത്രീകൾ മാറി. പുരുഷന്മാർ രാഷ്ട്രത്തിന്റെ സംരക്ഷകരും രാഷ്ട്രീയ രക്തസാക്ഷികളുമായി. അവർ രാഷ്ട്രീയത്തിന്റെ മേഖലയിൽ വ്യാപൃതരായി.**

സത്തിൽ ആർക്കാണ് എളുപ്പം ലഭ്യമാകുന്നത്? പേരിൽ ഉമ്മ എന്ന അറബിഭാഷാ/ മുസ്ലിം മതസമുദായ നാമം പേറുമ്പോൾ ഉണ്ടാവുന്ന വ്യത്യാസങ്ങൾ എങ്ങിനെയാണ് പൊതുരാഷ്ട്രീയ ചർച്ചകളിലും സ്ത്രീവ്യവഹാരങ്ങളിലും കടന്നുവരുന്നത്?

അരീക്കോട്ടെ ചേലക്കാടൻ ആയിഷ മലയാളി ആഘോഷിച്ച ഒരു ഉമ്മയായിരുന്നു. ആഘോഷ വായന എപ്പോഴാണ് ഈ ഉമ്മാക്ക് ലഭ്യമാകുന്നത്? മുസ്ലിം സ്ത്രീ എന്ന അഭാവത്തെ സങ്കല്പിച്ചാണ് മലയാളി സ്വന്തം കാമനകളുടെ പൂർണത കണ്ടെത്തിയത് എന്നാണ് ചേലക്കാടൻ ആയിഷയുടെ ജീവിതം പറയുന്നത്. നന്ദഗോപാല മേനോൻ എങ്ങിനെയാണ് കേരളം സ്വയം ഭാവന ചെയ്യുന്നത് എന്നന്വേഷിക്കുമ്പോൾ ഈ കാര്യം സൂചിപ്പിക്കുന്നുണ്ട്. മാപ്പിള എന്ന രീതിയിൽ മാത്രമാണ് ചോലക്കാടൻ ആയിഷ എന്ന 84 കാരിയുടെ ജീവിതത്തെക്കുറിച്ച് വായിക്കുന്നതെങ്കിലും അതിന്റെ ലിംഗപരമായ അധികമാനങ്ങൾ ഏറെ പ്രാധാന്യമർഹിക്കുന്നു.

" More than 70 years later, at the official culmination of the Kerala government's total literacy campaign in Kozhikode, an 84-year-old Muslim woman from Malappuram (incidentally, a major site of the 1921 rebellion and a Muslim majority district), Ayesha Chellekkodan, was chosen to declare the state fully literate. It was a profoundly symbolic act - the proclamation of Kerala's unique achievement among Indian states was read out by the representative of the community that was perceived as the most "backward". The state had done its job. The "civilised", ' rational" Mappilas had finally joined the mainstream of a "literate, beautiful Kerala"

മലപ്പുറത്തുകാരിയായ ആ ഉമ്മയിൽ സവർണ ഭാഷ സംസാരിക്കാൻ തുടങ്ങിയ മലയാളി തന്റെ 'സാക്ഷരതയുടെ പൂർണത' കണ്ടെത്തിയപ്പോൾ അറബി മലയാളം അടക്കം വായിക്കാനും എഴുതാനും അറിയാവുന്ന വലിയൊരു സ്ത്രീ സമൂഹത്തെ തന്നെയാണ് ജ്ഞാനഹത്യക്ക് വിധേയമാക്കിയത്. മാലപ്പാട്ടുകളും കർമ്മശാസ്ത്ര ഗ്രന്ഥങ്ങളും അടങ്ങിയ വലിയൊരു ജീവിതലോകത്തെ അങ്ങിനെ മലയാളി മറികടന്നു.

മുസ്ലിം സ്ത്രീയുടെ ശരീരത്തിൽ സംസ്കാരത്തിന്റെ പൂർണത കണ്ടെത്തിയ മലയാളിയുടെ മതേതര പുരോഗമന വ്യവഹാരങ്ങൾ പക്ഷെ ഭീകരവേട്ടക്കാലത്ത് എന്താണ് ചെയ്യുന്നത്? ഉമ്മ എന്ന വ്യാവഹാരിക വ്യത്യാസത്തെയും ജനാധിപത്യ ലോകത്തെയും ഉൾകൊള്ളാൻ സ്ത്രീപക്ഷ വ്യവഹാരങ്ങൾക്ക് വരെ സാധ്യമാകുന്നുണ്ടോ എന്ന അന്വേഷണം ഈ അർത്ഥത്തിൽ പ്രസക്തമാണ്. ബീമാപള്ളിയിൽ വെടിയേറ്റ് മരിച്ചവരുടെയും പരിക്ക് പറ്റിയവരുടെയും കുടുംബത്തിലെ സ്ത്രീകൾ മുതൽ അബ്ദുന്നാസർ മദനിയുടെ ഉമ്മ അസ്മ ബീവി വരെയുള്ളവരുടെ ജീവിതത്തെ വായിക്കാനും ഐക്യപ്പെടാനും പ്രബല മലയാളി വ്യവഹാരങ്ങൾ എന്നെങ്കിലും തയ്യാറായിട്ടുണ്ടോ?

ഇന്ത്യൻ ജനതയുടെ അഭിമാനമാണുമ്മാ നിങ്ങൾ. 2008 ഒക്ടോബർ 17നു കശ്മീരിലെ കുപ്വര



യിൽ നടന്ന ഏറ്റുമുട്ടൽ കൊലപാതകത്തിൽ കൊല്ലപ്പെട്ടുവെന്നു പോലീസ് പറയുന്ന നാലു പേരിൽ ഒരാളാണ് ഫയാസ്. ഫയാസിന്റെ ഉമ്മ സഫിയ മാധ്യമ ശ്രദ്ധ നേടുന്നത് "രാജ്യ ദ്രോഹിയായ മകന്റെ മയ്യിത്ത് കാണേണ്ട" എന്ന് പറഞ്ഞപ്പോഴാണ്. അത് രാജ്യമെങ്ങും വലിയ രീതിയിൽ ആഘോഷിച്ചു. ഭരണകൂടത്തിന്റെ വർഗ്ഗ സ്വഭാവത്തെക്കുറിച്ച് സിദ്ധാന്തമുള്ള സി പി എം അടക്കമുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളും അന്ന് സഫിയ ഉമ്മയുടെ രാജ്യസ്നേഹത്തെ പുകഴ്ത്തി.

ദേശീയ പത്രങ്ങൾ മുഖപ്രസംഗവും ഫീച്ചറുകളും അവരെക്കുറിച്ച് എഴുതി. കേരളം മറ്റൊരു കശ്മീർ ആവാതെ സൂക്ഷിച്ചതിന് അവരോടു മലയാളികൾ കടപ്പെട്ടിരിക്കുന്നു എന്ന് വായനകൾ വികസിച്ചു. 'മാതുജെ സലാം..'

'ഇന്ത്യൻ ജനതയുടെ അഭിമാനമാണുമ്മാ നിങ്ങൾ' എന്നാണ് അക്കാലത്ത് ഒരാൾ ഒരു ബ്ലോഗ് പോസ്റ്റിൽ എഴുതിയത്.

ഫൈസൽ എന്ന കൂട്ടുകാരൻ ബാംഗ്ലൂരിലേക്ക്



പോകാനെന്നും പറഞ്ഞു വിളിച്ചു കൊണ്ട് പോയതു മാത്രമാണ് കണ്ണൂർ നീർച്ചാൽ സ്വദേശിയായ സഫിയ ഓർക്കുന്നത്. 22 ദിവസം കഴിഞ്ഞാണ് മകൻ ഫയാസ് കാശ്മീരിൽ കൊല്ലപ്പെട്ടുവെന്നു എൻ ഐ എ സ്ഥിരികരിക്കുന്നത്. ഇതിനു മുമ്പ് ഒരു മാല മോഷണക്കേസിൽ പ്രതിയായി രണ്ട് മാസം ഫയാസ് തലശ്ശേരി ജയിലിൽ കിടന്നിരുന്നു. ആ മാനക്കേട് ഒഴിവാക്കാനാണ് എവിടെയെങ്കിലും പോയി തൊഴിൽ എടുത്തു ജീവിച്ചോട്ടെ എന്ന് പറഞ്ഞു ആ ഉമ്മ മകനെ യാത്രയാക്കിയത്.

"രാജ്യദ്രോഹീന്റെ ഉമ്മാന്ന് കേൾക്കുന്നത് വലിയ സങ്കടല്ലേ? നാട്ടുകാരും ടി.വി.ക്കാരും പത്രക്കാരുമൊക്കെ തീവ്രവാദിയുടെ ഉമ്മയെ കാണാനെത്തി. മകന്റെ മയ്യിത്ത് കാണണോയെന്നായി ചോദ്യം. പേടിക്കേണ്ടെന്നും എല്ലാ സഹായവും ചെയ്യാമെന്നും പോലിസ് പറഞ്ഞു. എന്നാലും എന്റെ മകന്റെ മയ്യിത്ത് കണ്ട് നാട്ടിലെ മുസ്ലീങ്ങൾക്കൊരു അപകടോം ഉണ്ടാവരുതെന്ന് എനിക്കു തോന്നി. ശരിയാണ്; രാജ്യദ്രോഹിയാണെങ്കിൽ മകന്റെ മയ്യിത്ത് കാണേണ്ടെന്ന് ഞാൻ നെഞ്ചുപൊട്ടി പറഞ്ഞു. പിന്നെ അതായി വാർത്ത." - ശബ്ന സിയാദ് തന്റെ ശ്രദ്ധേയമായ 'ഒരു ഉമ്മയുടെ ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ' എന്ന ഫീച്ചറിൽ തേജസ് ആഴ്ചവട്ടത്തിൽ കുറിക്കുന്നു.

"എല്ലാ ഉമ്മമാരെയും പോലെ ഞാനും അവനെ വലിയ പ്രതീക്ഷയിലൊക്കെയാണ് വളർത്തിയത്. എന്റെ ഏകമകനാണവൻ. അവന്റെ മയ്യിത്ത് പോലുമെനിക്ക് കാണേണ്ടെന്നു ചങ്കുപൊട്ടിയാണ്

**"രാജ്യദ്രോഹീന്റെ ഉമ്മാന്ന് കേൾക്കുന്നത് വലിയ സങ്കടല്ലേ? നാട്ടുകാരും ടി.വി.ക്കാരും പത്രക്കാരുമൊക്കെ തീവ്രവാദിയുടെ ഉമ്മയെ കാണാനെത്തി. മകന്റെ മയ്യിത്ത് കാണണോയെന്നായി ചോദ്യം. പേടിക്കേണ്ടെന്നും എല്ലാ സഹായവും ചെയ്യാമെന്നും പോലിസ് പറഞ്ഞു. എന്നാലും എന്റെ മകന്റെ മയ്യിത്ത് കണ്ട് നാട്ടിലെ മുസ്ലീങ്ങൾക്കൊരു അപകടോം ഉണ്ടാവരുതെന്ന് എനിക്കു തോന്നി. ശരിയാണ്; രാജ്യദ്രോഹിയാണെങ്കിൽ മകന്റെ മയ്യിത്ത് കാണേണ്ടെന്ന് ഞാൻ നെഞ്ചുപൊട്ടി പറഞ്ഞു. പിന്നെ അതായി വാർത്ത."**

ഞാൻ പറഞ്ഞതെന്ന് അറിയോ? അന്നെനിക്ക് പിന്തുണ നല്കുന്ന ആരുമുണ്ടായിരുന്നില്ല. എല്ലാവരും തീവ്രവാദിയുടെ ഉമ്മയായിട്ടാണ് എന്നെ കണ്ടത്. ഒരു പെറ്റമ്മയായി ആരുമെന്നെ കണ്ടില്ല"- സഫിയ പറയുന്നു. ഉമ്മയുടെ ആ കാല്പനിക പദവിയൊന്നും തീവ്രവാദിയുടെ ഉമ്മാക്ക് ലഭ്യമല്ല. തീവ്രവാദിയാണോ എങ്കിൽ അയാളും

അയാളുമായി ജീവശാസ്ത്ര ബന്ധമുള്ള എല്ലാവരും ജീവിതത്തിൽ നിന്ന് പുറത്താണ്.
രാജ്യസ്നേഹത്തിന്റെ ഉരുക്കുമുഷ്ടികൾ ഒരുമ്മയുടെ മകന്റെ മേലെയുള്ള മാതൃസ്നേഹത്തെവരെ ചോദ്യം ചെയ്തു. പെറ്റ സന്താനമാണോ വലുത് അതോ രാജ്യമാണോ വലുത് എന്നത് ആ ഉമ്മയെ വേട്ടയാടിയ ഒരു ചോദ്യമായിരുന്നു. അങ്ങിനെയുള്ള നിർബന്ധിത തിരഞ്ഞെടുപ്പിന്റെ രാഷ്ട്രീയം നാം അധികം ചർച്ച ചെയ്തിട്ടില്ല.


എന്നാൽ മകൻ മരിച്ച് ഒരു വർഷം കഴിഞ്ഞപ്പോൾ ഇതേ ഉമ്മ മകന്റെ മയ്യിത്ത് കാണണം എന്നാവശ്യപ്പെട്ടു: "എന്റെ മകൻ രാജ്യദ്രോഹിയാണെങ്കിൽ എനിക്കവനെ കാണേണ്ട. അല്ലെങ്കിൽ എനിക്കവനെ വേണം. എല്ലാവരും തീവ്രവാദിയെന്ന് ആണയിട്ടപ്പോൾ ഞാനും അവന്റെ മയ്യിത്ത് കാണേണ്ടന്നു പറഞ്ഞുവെന്നത് നേരാണ്". പക്ഷെ ആദ്യഘട്ട രാജ്യസ്നേഹ പ്രകടനത്തിന്റെ ഉന്മാദം പോലെയല്ലല്ലോ ഈ ചോദ്യം. ആരും പ്രതികരിക്കാൻ ഉണ്ടായില്ല. ``ഇപ്പൊ കേസന്വേഷണമൊക്കെ നടക്കുന്നുണ്ട്. ഇതുവരെ അവന്റെ മരണ സർട്ടിഫിക്കറ്റ് എനിക്കു കിട്ടിയിട്ടില്ല. ഡൽഹീന്ന് വന്ന പോലിസിനോടു ചോദിച്ചപ്പോ കശ്മീരിലങ്ങനെ ഒരുപാട് പേരു മരിക്കുന്നുണ്ടെന്നും സർട്ടിഫിക്കറ്റൊന്നും കിട്ടില്ലെന്നും പറഞ്ഞു." ശബ്ന സിയാദിനോട് ആ ഉമ്മ ചോദിക്കുന്നു. മകന്റെ മരണത്തിനു തെളിവായി ആ ഉമ്മ ഇന്നും ചോദിക്കുന്നത് ഒരു മരണ സർട്ടിഫിക്കറ്റ് ആണ്. ആരെയും കൊല്ലാനും ആർക്കും ജീവിക്കാനും അവകാശവും അധികാരവും നൽകാൻ കഴിവുള്ള ഭരണകൂടം മൗനത്തിലായിരുന്നു.

കേരളത്തിലെ പ്രബല രാഷ്ട്രീയകക്ഷികൾ , മാധ്യമങ്ങൾ ഒന്നും തന്നെ സഫിയയുടെ ചോദ്യത്തിന് ചെവികൊടുത്തില്ല. ഇരകളായ മുസ്ലിം സ്ത്രീകളെ കേൾക്കാൻ തയ്യാറാകുന്ന പുരോഗമന സ്ത്രീപക്ഷ വ്യവഹാരങ്ങളിൽ വളരെ അപൂർവ്വമായി മാത്രമേ ഈ പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളൂ. ഒരു കാരണം ഇസ്ലാമിക മൗലികവാദം മുസ്ലിം സ്ത്രീശരീരത്തെ നിയന്ത്രിക്കുന്നു എന്ന ഏകപക്ഷീയമായ സ്ത്രീരാഷ്ട്രീയ വായനകൾ ഭരണകൂടനിയന്ത്രണത്തിന്റെയും ഭീകരവേട്ട അടക്കമുള്ള ജൈവാധികാര വ്യവഹാരത്തിന്റെയും പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ വിസമ്മതിച്ചിട്ടുണ്ട് എന്നതാണ്. ഭീകരവാദിയുടെ ഉമ്മക്ക് എന്ത് സംഭവിച്ചുവെന്ന് നാം കണ്ടു. കാരണം മദർ ഇന്ത്യയല്ലല്ലോ ഭീകരവാദിയുടെ ഉമ്മ.

സഫിയയുടെ കഥയിൽ നിന്ന് വ്യത്യസ്തമാണ് ബിയ്യുമ്മയുടെ കഥ. അഗ്രഹാര ജയിലിൽ പത്തു വർഷം പൂർത്തിയാക്കുന്ന സക്കറിയ പക്ഷെ തീവ്രവാദിയായാണ് അറിയപ്പെടുന്നത്. തീവ്രവാദിയുടെ ഉമ്മയാണ് ബീയ്യുമ്മ.

**ഉമ്മയോട് ഉറങ്ങാൻ പറ**

2008 ജൂലൈ 25 നുണ്ടായ ബംഗളുരു സ്ഫോടനക്കേസിൽ ട്രിമ്മറുകളും മൈക്രോചിപ്പുകളും നിർമ്മിച്ചു നല്കി എന്ന് ആരോപിക്കപ്പെട്ട് പ്രതി ചേർക്കപ്പെട്ട് അറസ്റ്റിലായതാണ് പരപ്പനങ്ങാടി സ്വദേശിയായ സക്കറിയ. പതിനെട്ടാം വയസ്സിൽ പ്ലസ്ടു വിദ്യാഭ്യാസം മാത്രമുള്ള സക്കറിയക്ക് ഇലക്ട്രോണിക് ബോംബ് ഉണ്ടാക്കാൻ വേണ്ടി സാങ്കേതിക അറിവ് ഉണ്ടെന്ന് മാധ്യമങ്ങൾ അക്കാലത്ത് കഥ നെയ്തു. ഒരിക്കലും നേരിൽ കാണാത്ത ഒരാളെ അവനെതിരെ സാക്ഷിയാക്കി. 2009 ഫെബ്രുവരിയിൽ സക്കറിയയെ അറസ്റ്റ് ചെയ്യുമ്പോൾ പതിനെട്ട് വയസ്സായിരുന്നു. വൈകിയാണെങ്കിലും സക്കറിയയുടെ ഉമ്മ ബിയ്യുമ്മയുടെ പോരാട്ടം ഒരു പരിധിവരെ മുസ്ലിം സംഘടനകളും ചുരുക്കം ചില മനുഷ്യാവകാശ പ്രവർത്തകരും ഏറ്റെടുത്തിരുന്നു. ഫയാസിന്റെ 'കശ്മീർ ബന്ധം' പോലെയല്ലല്ലോ സക്കറിയയുടെ ബാംഗ്ലൂർ ബന്ധം. സംസാരിക്കാൻ കുറേക്കൂടി എളുപ്പമാണ്. ഈ ഉമ്മയും ആവശ്യപ്പെടുന്നത് മറ്റൊന്നല്ല. നീതി മാത്രമാണവരുടെ ആവശ്യം. പക്ഷെ ആര് കേൾക്കാൻ? കഴിഞ്ഞ വർഷം അവർ



ഇങ്ങനെ പറഞ്ഞു: എല്ലാ സർക്കാരിനും മുകളിൽ 'അല്ലാഹു' എന്ന ഒരു സർക്കാർ ഉണ്ട്. എല്ലാ കോടതിക്കും മുകളിൽ 'മഹ്ശര' എന്ന ഒരു കോടതിയുമുണ്ട്. ദൈവീകകാരുണ്യത്തിലും വിശ്വാസത്തിലും മാത്രമാണ് ആ ഉമ്മ ഇപ്പോൾ പ്രതീക്ഷയർപ്പിക്കുന്നത്.

സക്കറിയ അറസ്റ്റിലാവുന്നതിനു മുമ്പ് തന്നെ മകനെ പോലീസ് നോട്ടമിട്ടിരുന്നുവെന്ന് ബീയുമ്മ പറയുന്നു. ഒരു പോലീസുകാരൻ വീട്ടിൽ വന്നു പാസ്പോർട്ട് എടുത്തിട്ടുണ്ടോ എന്ന് ചോദിച്ചത് അവർ ഓർക്കുന്നു. അന്ന് തന്നെ പൊലിസ് സക്കറിയയെ അന്വേഷിച്ചെത്തിയതിൽ ആ ഉമ്മാക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. പൊലീസുകാരൻ അങ്ങനെ സക്കറിയ ജോലിചെയ്തിരുന്ന തിരൂരിലെ മൊബൈൽ ഷോപ്പിലുമെത്തി. എന്തിനാണ് വീട്ടുകാരെ ഇങ്ങിനെ ഉപദ്രവിക്കുന്നത് എന്ന ചോദ്യത്തിന് ആ പോലീസുകാരൻ ഒന്നും പറഞ്ഞില്ല. പോലീസുകാരായ നിങ്ങൾ വീട്ടിൽ വന്നതിൽ ഉമ്മാക്ക് ഉറക്കം നഷ്ടപ്പെട്ടിരിക്കുകയാണെന്ന് പറഞ്ഞ സക്കറിയയോട് പൊലീസ് ഉദ്യാഗസ്ഥൻ പ്രതികരിച്ചത് 'ഉമ്മയോട് ഉറങ്ങാൻ പറ' എന്നാണ്. പിന്നീട് പൊലീസ് പല വേഷത്തിലും ബീയുമ്മയെ തേടിയെത്തി. മകനെക്കുറിച്ച് മോശം കഥകൾ പറഞ്ഞ് ആ ഉമ്മയെ അവർ നോവിച്ചു. പലതും പറഞ്ഞ് വേദനയും വിഷമവും ഇരട്ടിപ്പിച്ചു. ബീയുമ്മ അങ്ങനെ സഹോദരന്റെ വീട്ടിലേക്കു താമസം മാറ്റി.



ബീയുമ്മയെ ഊരു വിലക്കിയത് ആരാണ്? സ്വന്തം വീട്ടിൽ സ്വസ്ഥത കെടുത്തി പുറത്താക്കിയത് ആരാണ്? അതെന്തുകൊണ്ടാണ് മുസ്ലിം സ്ത്രീയുടെ അടിച്ചമർത്തൽ കഥയായി വായിക്കാൻ ആരും താല്പര്യപ്പെടാത്തത്? അന്ന് കേരളം ഭരിച്ച ഇടതുഭരണകൂടത്തിന്റെയും പോലീസിന്റെയും ജാതിയും സമുദായവും ലിംഗവും ഇവിടെ ഒരിക്കലെങ്കിലും ചർച്ചയായിട്ടുണ്ടോ? ബീയുമ്മയുടെ കഥ മലയാളി മുഖ്യധാര ആഘോഷിക്കുന്ന 'മുസ്ലിം സ്ത്രീ പീഡനാനുഭവ'ത്തിന്റെ പരിധിയിൽ വരുമോ?

### ഭീകരവേട്ടയും മുസ്ലിം സ്ത്രീകളും

9/11 നുശേഷം ഇന്ത്യയിൽ യു. എ. പി. എ. അടക്കമുള്ള അമിതാധികാര നിയമങ്ങളുടെ ചുവടുപിടിച്ചാണ് ഭീകരവേട്ടയും ഭീകരവിരുദ്ധ യുദ്ധവും വികസിച്ചത്. ഭാഷയിലും വ്യവഹാരത്തിലും നേരത്തെയുണ്ടായിരുന്ന തീവ്രവാദ വിരുദ്ധത അങ്ങിനെ ഭീകരവിരുദ്ധതയായി മാറി. പല മുൻതീവ്രവാദികളും പക്ഷെ മാറിയ കാലത്ത് ഭീകരതക്കെതിരായ വേട്ടയിൽ അണിനിരന്നു. പൊട്ടയും ടാഡയും ഏശാത്ത കേരളം പോലും 9/11നു ശേഷം ഭീകരതക്കെതിരെ അണിനിരന്നു.

ഭീകരവേട്ടയിൽ നീതിയും നിയമപരിരക്ഷയും കിട്ടാതെ ജയിലിൽ കിടക്കുന്നത് ബഹുഭൂരിപക്ഷവും ഒരു സമുദായമെന്ന നിലയിൽ മുസ്ലിം പുരുഷൻമാരാണ്. ഇത് കേവലം ഒരു പുരുഷ രാഷ്ട്രീയ പ്രശ്നം മാത്രമാണോ? കേവല ആൺകോയ്മയുടെ പ്രശ്നമായി ഭീകരവേട്ടയെ ചുരുക്കാൻ, ലിംഗഭേദത്തെ സത്രീ/ പുരുഷ ദ്വന്ദത്തിലുപരി നിരവധി അധികാര ഘടനകളിലും വ്യവഹാരങ്ങളിലും തീർത്തെടുക്കുന്ന സങ്കീർണമായ അധികാരബന്ധമായി കാണുന്ന അധികാര വിമർശനപരമായ ഫെമിനിസ്റ്റ്

**ഒരു പോലീസുകാരൻ വീട്ടിൽ വന്നു പാസ്പോർട്ട് എടുത്തിട്ടുണ്ടോ എന്ന് ചോദിച്ചത് അവർ ഓർക്കുന്നു. അന്ന് തന്നെ പൊലിസ് സക്കറിയയെ അന്വേഷിച്ചെത്തിയതിൽ ആ ഉമ്മാക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. പൊലീസുകാരൻ അങ്ങിനെ സക്കറിയ ജോലിചെയ്തിരുന്ന തിരൂരിലെ മൊബൈൽ ഷോപ്പിലുമെത്തി. എന്തിനാണ് വീട്ടുകാരെ ഇങ്ങിനെ ഉപദ്രവിക്കുന്നത് എന്ന ചോദ്യത്തിന് ആ പോലീസുകാരൻ ഒന്നും പറഞ്ഞില്ല. പോലീസുകാരായ നിങ്ങൾ വീട്ടിൽ വന്നതിൽ ഉമ്മാക്ക് ഉറക്കം നഷ്ടപ്പെട്ടിരിക്കുകയാണെന്ന് പറഞ്ഞ സക്കറിയയോട് പൊലീസ് ഉദ്യാഗസ്ഥൻ പ്രതികരിച്ചത് 'ഉമ്മയോട് ഉറങ്ങാൻ പറ' എന്നാണ്.**

രാഷ്ട്രീയത്തിന് കഴിയില്ല. അതുകൊണ്ടുതന്നെ പുതിയൊരു രാഷ്ട്രീയഭാവന ഈ പ്രശ്നങ്ങളെ മനസ്സിലാക്കാൻ അത്യാവശ്യമാണ്. കാരണം തങ്ങളുടെ കുടുംബത്തിന്റെ ഭാഗമായവരെ നഷ്ടപ്പെടാതിരിക്കാൻ വേണ്ടി വിഫലമെങ്കിലും നിയമ പോരാട്ടത്തിൽ ഏർപ്പെടുന്ന ബീയുമ്മയെപ്പോലുള്ളവരും ചേരുന്നതാണ് ഭീകരവേട്ടയുടെ രാഷ്ട്രീയ പരിസരം. ഭരണകൂടം കൊന്നുകളഞ്ഞെങ്കിലും മരിച്ചുവെന്ന ഉറപ്പിനുവേണ്ടി സ്വന്തം മകന്റെ മരണ സർട്ടിഫിക്കറ്റിനായി ഭരണകൂടത്തിനു മുന്നിൽ കാത്തിരിക്കുന്ന കണ്ണൂരിലെ സഫിയ അടക്കമുള്ള ഉമ്മമാരുടേതു കൂടി ചേരുമ്പോൾ മാത്രമാണ് ഭീകരവേട്ടയുടെ ലിംഗരാഷ്ട്രീയം പൂർത്തിയാവുന്നത്. ഈ പോരാട്ടവും സഹനവും ശ്രദ്ധയും അധികാര വിമർശനവും വ്യത്യസ്തമായ ഒരു ലിംഗരാഷ്ട്രീയത്തിന്റെ മേഖല തന്നെ തുറന്നുവെക്കുന്നുണ്ട്. ഇരകളും പീഡിതരും മാത്രമല്ലല്ലോ ഈ ഉമ്മമാർ.

പുരോഗമന സ്ത്രീപക്ഷ ധാരകളിലെ നല്ലൊരു പങ്കും ആധുനിക അധികാരത്തെ ഒരു ന്യൂനീകരണത്തിന്റെ പ്രശ്നമായാണ് വായിച്ചത്. അധികാരം കുറവായി കാണുമ്പോൾ സംഭവിക്കുന്നതാണിത്. ഇസ്ലാം, മുസ്ലിം സമുദായം ഇവയെ ആധുനിക അധികാരത്തിലേക്ക് ഉൾച്ചേരാത്തതിന്റെ പ്രശ്നമായി വായിക്കാനേ അധികാരത്തെക്കുറിച്ചുള്ള പ്രസ്തുത സമീപനങ്ങൾക്ക് സാധ്യമാവൂ. അതു കൊണ്ടാണ് പൊതുവിൽ ഭീകരവേട്ടയുടെ രാഷ്ട്രീയത്തെ അതിന്റെ ഗൗരവത്തിൽ മലയാളിയുടെ പുരോഗമന വ്യവഹാരങ്ങൾ അഭിസംബോധന ചെയ്യാൻ പരാജയപ്പെട്ടത്. നക്സൽ വേട്ട കഴിഞ്ഞ കേരളത്തിലാണ് ഭീകരവേട്ട അരങ്ങേറുന്നത്. പക്ഷെ മുസ്ലിമിന്റെ വ്യത്യാസം ഇതിന്റെ രണ്ടിനുമിടയിൽ പ്രധാനമാണ്.

ആധുനിക അധികാരത്തിന്റെ പുറത്തല്ല ഭീകരവേട്ടയുടെ സ്ഥാനം. ആധുനിക അധികാരത്തെ പുനരുൽപാദനപരമായ അധികാരമായി കാണാനും അങ്ങിനെ ജീവിതത്തിന്റെ ഉൽപാദനമായി ആധുനിക അധികാരത്തെ കാണാനും സമീപിക്കാനും കഴിയണം. അതായത് ആധുനിക അധികാരം ജൈവാധികാരമെന്ന രീതിയിൽ വിപുലമായിത്തീർന്നിരിക്കുന്നു. ശരീരത്തെ നിയന്ത്രിക്കുന്ന അനുശീലനാധികാരത്തെയും ജനസമൂഹത്തെ നിയന്ത്രിക്കുന്ന ജൈവരാഷ്ട്രീയത്തെയും ജൈവാധികാരത്തിന്റെ രണ്ടു ധ്രുവങ്ങളായി തിരിച്ചറിയുന്നത് ഭീകരവേട്ടക്കാലത്ത് ഏറെ പ്രധാനമാണ്. ഭീകരവേട്ടയുടെ പേരിൽ മുസ്ലീങ്ങൾ അടക്കമുള്ള ന്യൂനവിഷയികളുടെ മേലെ സാധ്യമാകുന്ന ഭരണകൂടവംശീയത (state racism) മനസ്സിലാക്കാൻ

**പുരോഗമന സ്ത്രീപക്ഷ ധാരകളിലെ നല്ലൊരു പങ്കും ആധുനിക അധികാരത്തെ ഒരു ന്യൂനീകരണത്തിന്റെ പ്രശ്നമായാണ് വായിച്ചത്. അധികാരം കുറവായി കാണുമ്പോൾ സംഭവിക്കുന്നതാണിത്. ഇസ്ലാം, മുസ്ലിം സമുദായം ഇവയെ ആധുനിക അധികാരത്തിലേക്ക് ഉൾച്ചേരാത്തതിന്റെ പ്രശ്നമായി വായിക്കാനേ അധികാരത്തെക്കുറിച്ചുള്ള പ്രസ്തുത സമീപനങ്ങൾക്ക് സാധ്യമാവൂ.**

ജൈവാധികാരത്തെക്കുറിച്ച് മാറിയ വിമർശനാവബോധം അത്യാവശ്യമാകുന്നു. ഇത് അധികാരത്തിന്റെ അടിച്ചമർത്തൽ മാത്രമല്ല നിർമ്മാണത്തെക്കുറിച്ചും ഉല്പാദനത്തെക്കുറിച്ചു കൂടിയുള്ള സമീപനമാണ്. ഭരണകൂട വംശീയത നിർമ്മിക്കുന്ന അപര ജനസമൂഹങ്ങളുടെ ലോകത്തെ അടയാളപ്പെടുത്താൻ അധികാരത്തിന്റെ ആവിഷ്കാരത്തെക്കുറിച്ച് വ്യത്യസ്തമായൊരു സങ്കൽപ്പം തന്നെ അത്യാവശ്യമാക്കുന്നു.

ഭീകരവേട്ട അനന്തമായി നീളുന്ന, അതിരുകളില്ലാത്ത, ഭൗമജീവിതത്തെ ആകെ ചൂഴ്ന്നുനിൽക്കുന്ന ഉത്തരാധുനിക യുദ്ധമാണ്. മനുഷ്യർ തമ്മിലുള്ള യുദ്ധത്തിന്റെ പരമ്പരാഗത സ്വഭാവം ഭീകരവേട്ടക്കില്ല. ഭീകരവേട്ട നീട്ടിവെക്കപ്പെട്ട യുദ്ധമാണ്. ഒരു ജനസമൂഹത്തോട് നിരന്തരം പോലീസ് ചെയ്യുന്ന രാഷ്ട്രീയ തന്ത്രമാണ്. ഇതൊരു ആധുനികാധികാര ബോധമായി മാറിയിരിക്കുന്നു. മാതാവിന് പേറ്റുനോവിനെ രാജ്യസ്നേഹത്തിനുവേണ്ടി മറക്കാൻ കഴിയുന്ന രാഷ്ട്രീയ സാഹചര്യമാണ് ഭീകരവേട്ടക്കാലം. അത് ഭീകരവേട്ടയുടെയും ഇസ്ലാമോഫോബിയയുടെയും രാഷ്ട്രീയസാഹചര്യം കൂടിയാണ്. ബീയുമ്മയും ഫയാസിന്റെ ഉമ്മ സഫിയയും ഈ രാഷ്ട്രീയ സാഹചര്യത്തിലാണ് നമ്മോടു സംസാരിക്കുന്നത്.

Reference

Elizabeth Dauphinee & Cristina Masters, (eds). The Logics of Biopower and the War on Terror: Living, Dying, Surviving. New York: Palgrave, 2006.

Nandagopal. R Menon. Imagined Kerala. Economic and Political Weekly. Vol. 45, No. 34 (2010): 22-25.

Tanika Sarkar. Hindu Wife, Hindu Nation: Religion, Community, Cultural Nationalism. Bloomington: Indiana University Press, 2001.

ചർച്ചാവിഷയം

ഷാഹിന കെ.റഫീക്ക്





*എഴുത്തുകാരി*

# തങ്ക മനസ്സ്, ഈ അമ്മ മനസ്സ്

തങ്ക മനസ്സ്, ഈ അമ്മ മനസ്സ്, മുറ്റത്തെ തുളസി പോലെ എന്ന വരികൾ എനിക്കൊരിക്കലും ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടില്ല. ഞാനൊരു നല്ല മകൾ അല്ലാത്തതു കൊണ്ടാവാം, ഉമ്മ = അടുക്കള എന്ന മട്ടിൽ തന്നെയാണ് കണ്ടിരുന്നത്. നേരത്തിന് ഭക്ഷണം മേശപ്പുറത്ത് എത്തുന്നു, പാക്ക് ചെയ്തു വച്ച ടിഫിൻ എടുത്ത് ബാഗിൽ വയ്ക്കുക, സ്കൂൾ - കോളേജ് പോവുക, തിരിച്ചു വന്നാൽ വാതിലടച്ചിരുന്നു പുസ്തകം വായിക്കുക, അവധി ദിവസങ്ങളിൽ കിടന്നുറങ്ങുക ഇത്യാദി കലാപരിപാടികൾക്കപ്പുറം അടുക്കള കാണാത്ത ഒരു കാലം. ജോലിക്കാരി ഇല്ലാതിരിക്കുന്ന അപൂർവ്വം അവസരങ്ങളിൽ പാത്രം കഴുകാൻ ഏൽപ്പിച്ചാൽ വലിയ ശബ്ദത്തോടെ സിങ്കിൽ പാത്രങ്ങൾ വലിച്ചിട്ട് ദേഷ്യം തീർക്കുക. പുസ്തകങ്ങളോടും ചെടികളോടും ഇഷ്ടം കൂടാൻ പ്രേരണയായ, നീന്തൽ പഠിപ്പിച്ചു തന്ന, സ്കൂട്ടറിന്റെ മുൻപിൽ നിർത്തി കാറ്റിൽ മുടിയിഴകൾ പാറിപ്പിച്ചു കൊണ്ടു പോയ ഉപ്പയോടായിരുന്നു ഇഷ്ടക്കൂടുതൽ. പത്തു മാസത്തെ കണക്ക് പറഞ്ഞു വരാതെ എന്നെ എന്റെ വഴിക്ക് വിടുകയും ചെയ്തു ഉമ്മ.

കല്യാണം, കുട്ടികൾ എന്നിവയൊന്നും അജണ്ടയിൽ തന്നെ ഇല്ലാത്ത കാലത്താണ് നാട്ടുനടപ്പ് എന്ന സമ്മർദ്ദത്തിന് വഴങ്ങി തല നീട്ടി കൊടുക്കുന്നത്. ആദ്യത്തെ കണ്മണി എന്നൊക്കെ പാട്ട് പാടാൻ ആഗ്രഹിക്കുന്നതിനു മുൻപ് അപ്രതീക്ഷിതമായ ഗർഭം. മുപ്പത്തിയാറ് കിലോ ശരീര ഭാരം, പാതി വഴിയിലെ പഠനം, ഞാൻ ഇതിന് പാകപ്പെട്ടിട്ടില്ല എന്നോർത്തു കുറേ ചാടുകയും ഓടുകയും ഒക്കെ ചെയ്തു നോക്കി. അടിവസ്ത്രത്തിലെ ചുവപ്പിന് വേണ്ടി ഇത്രയും തീവ്രമായി ആഗ്രഹിച്ച അവസരം വേറെയില്ലായിരുന്നു. മണവും രുചിയും പിടിക്കാത്ത ശർദ്ദിയുടെ പത്തു മാസം. ആഫ്റ്റർ ഷേവിന്റെ മണമടിക്കുമ്പോൾ ഈ മനുഷ്യനെ എവിടേലും കൊണ്ടുകളഞ്ഞാലോ എന്ന തോന്നൽ വരെ വരും. ഗർഭിണിയെ കാണാൻ വന്ന കസിൻസ് കൊണ്ടു വന്നത് എനിക്കേറ്റവും പ്രിയപ്പെട്ട ചോക്ലേറ്റ്സ്, അത് പോലും കഴിക്കാനാവാതെ ജീവിതത്തിൽ ആദ്യമായി (അവസാനമായും, hopefully) മിഠായി മറ്റുള്ളവർക്ക് കൊടുത്ത കാലം. ഒരു പകലും രാത്രിയും കഷ്ടപ്പെട്ട്, വേദനയുടെ അങ്ങേയറ്റം കണ്ട്, തലയ്ക്ക് ചുറ്റും നക്ഷത്രങ്ങൾ മിന്നിയ 'സുഖപ്രസവം'! (ഇത്രയും മനോഹരമായ oxymoron ഞാൻ വേറെ കേട്ടിട്ടില്ല!) അന്ന് ആ ആശുപത്രി



**മാതൃത്വം ഓരോരുത്തരുടെ ചോയ്സ് ആണെന്നാണ് എന്റെ പക്ഷം, സമൂഹം മറിച്ചു കരുതുമെങ്കിലും. കല്യാണം കഴിഞ്ഞു കുറച്ചു കഴിയുമ്പോഴേക്കും വിശേഷം ആയില്ലേ എന്ന ചോദ്യം, ഒരു കുട്ടി ആയി കഴിഞ്ഞാൽ അവന് / അവൾക്ക് ഒരു കൂട്ട് വേണ്ടേ, പെണ്ണാണേൽ ആണ് വേണ്ടേ, അല്ലെങ്കിൽ തിരിച്ച് എന്നിങ്ങനെ ചോദ്യങ്ങൾ വന്നു കൊണ്ടേയിരിക്കും.**

കിടക്കയിൽ കുഴഞ്ഞു കിടക്കുമ്പോൾ ഉമ്മ അടുത്തുവന്നിരുന്ന് മുഖം തഴുകിയപ്പോഴാണ് ഞാൻ അവരെന്ന സ്ത്രീയെ ആദ്യമായി അറിയുന്നതും നമിക്കുന്നതും.

വെറുതെ കിടക്കുന്ന പാത്രത്തിൽ സിസ്റ്റുകൾ കൂടു കൂട്ടുന്നു, ഗർഭം ധരിച്ചാൽ പോവുമെന്ന ഡോക്ടറുടെ ഉപദേശത്തിൽ നാലു വർഷം കഴിഞ്ഞ് അടുത്ത ഉദ്യമം. ആദ്യത്തെ പോലെയേ അല്ല, യാതൊരു ബുദ്ധിമുട്ടുമില്ല, എന്തും കഴിക്കാം, എന്തും മണക്കാം, ആഗ്രഹിച്ച പോലെ പെൺകുട്ടി തന്നെ എന്ന് ഉറപ്പിച്ചു. ജനുവരിയിലെ കുളിരു പൊതിയുന്ന ഒരു രാത്രിയിൽ ആശുപത്രിയിൽ അഡ്മിറ്റ് ആവുന്നു, നോമ്പ് കാലമാണ്, ഡോകടർ വന്നിട്ടില്ല. എനിമയുടെ തളർച്ചയിൽ സ്റ്റീൽ കട്ടിലിന്റെ തണുപ്പിൽ വിറച്ചു കിടക്കുമ്പോൾ അടുത്തിരിക്കുന്ന നേഴ്സ് പേൻ നുള്ളിക്കൊണ്ട് കുറച്ചുറക്കെ തന്നെ പ്രാകി, ഈ നേരത്ത് പ്രസവം വന്നാൽ ഒന്ന് ഉറങ്ങാനും കൂടി പറ്റില്ല എന്ന്! പുതച്ചു മൂടി ഉറങ്ങേണ്ട നേരത്ത് വന്നും പോയും ഇരിക്കുന്ന വേദനയല്ലാതെ ആരും കൂട്ടില്ലാതെ കിടക്കുമ്പോൾ ഓർത്തു, പടച്ചോനെ ഏത് നേരത്താണ് ഇങ്ങനെ ഒരു ബുദ്ധി പോയതെന്ന്! അടിമുതൽ മുടി വരെ പിടിച്ചുലച്ച വേദനയുടെ പർവ്വം കഴിഞ്ഞു വീണ്ടും ‘സുഖ പ്രസവം!’

കുട്ടികൾ ചെറുതായിരിക്കുമ്പോൾ ഉറക്കപ്പോത്ത് ആയ ഞാൻ ഏത് നട്ടപ്പാതിര ഉറക്കത്തിലും പകുതി കണ്ണുകൾ തുറന്നു വെച്ചു, ഒരു കൈ എപ്പോഴും അവരെ ചേർത്തു പിടിച്ചു. അവരോളം പതുപതുത്തതൊന്നും ഞാൻ തൊട്ടിട്ടുണ്ടാവില്ല, ഒരു പെർഫ്യൂമിനും തരാനാവാത്ത, കടിച്ചു തിന്നാൻ തോന്നുന്ന, കുഞ്ഞിളം മേനി മണങ്ങൾ. പിന്നെ കഥ പറച്ചിലിന്റെ കാലം, അവർക്കു വേണ്ടി വാങ്ങി കൂട്ടിയ പുസ്തകങ്ങൾ, കഥ കേട്ട് വിടരുന്ന കണ്ണുകൾ, ക്രിസ്മസ് അപ്പൂപ്പനായി സമ്മാനങ്ങൾ സോക്സിൽ ഒളിപ്പിച്ചു വച്ചിരുന്നത്, കളിച്ചു തിമിർക്കുന്നതിനിടയിൽ വീണ് തല പൊട്ടിയവനെ എടുത്ത് ആശുപത്രിയിലേക്കുള്ള ഓട്ടം, പഠിക്കാൻ മിടുക്കനായ മൂത്തവന്റെയും കാണാതെ പഠിച്ച് പരീക്ഷയെഴുതി വാങ്ങുന്ന അറിവുകൾക്ക് ജീവിതത്തിൽ ഒരു പ്രസക്തിയുമില്ല എന്ന തത്വം പറഞ്ഞ് സ്വയം അവധി പ്രഖ്യാപിക്കുന്ന ഇളയവന്റെയും ഇടയിൽ എന്റെ ജീവിത വണ്ടി ലക്കും ലഗാനും ഇല്ലാതെ ഓടിക്കൊണ്ടിരിക്കുന്നു. എന്തു കൊണ്ടോ രണ്ടു പേരും എന്നെ ഉമ്മ/അമ്മ/മമ്മി എന്നൊന്നും വിളിച്ചില്ല. മൂത്തവന്റെ എടോ വിളി അനിയൻ പരിഷ്ക്കരിച്ച് ഡോ എന്നാക്കി ചുരുക്കി. സ്നേഹം കൂടുമ്പോൾ അത് തള്ളേ എന്നാവും, അല്ലെങ്കിൽ വായയിൽ തോന്നിയത് എന്തെങ്കിലും. തിരിച്ചും, മോനേ, കുട്ടാ, എന്നതിന് പകരം എടാ, പോടാ തുടങ്ങി പട്ടി വരെ പോവുന്ന വിളികൾ. കെട്ട്യോന്റെ ഭാഷയിൽ സംസ്കാരമില്ലാത്ത തള്ളയും മക്കളും! അവർ രണ്ടു



പേരും എന്നെപ്പോലെ രാത്രി വൈകി ഉറങ്ങുന്നവരായി, ഞങ്ങൾ ഉറക്കമൊഴിച്ച് സിനിമ കാണുകയും നട്ടപ്പാതിരയ്ക്ക് കേക്കും ഐസ് ക്രീമും വാങ്ങി തിന്നുകയും ചെയ്തു. ചെറുപ്പത്തിൽ വായിച്ചു കൊടുത്ത കഥകൾ മറന്ന് അവർ പുസ്തകം തൊടാതെ ഫോണിൽ കമഴ്ന്ന് വീഴാൻ തുടങ്ങി. ഇനി ചിറകുകൾ മുളച്ച് അവരവരുടെ ആകാശം തേടി അവർ പറന്നു പോവുന്ന ഒരു കാലത്ത് തീർത്തും സ്വതന്ത്രയായി തെണ്ടി നടക്കാനുള്ള ഇടങ്ങൾ ഞാനും അടയാളപ്പെടുത്തി വയ്ക്കുന്നു.

മാതൃത്വം  ഓരോരുത്തരുടെ ചോയ്സ് ആണെന്നാണ് എന്റെ പക്ഷം, സമൂഹം മറിച്ചു കരുതുമെങ്കിലും. കല്യാണം കഴിഞ്ഞു കുറച്ചു കഴിയുമ്പോഴേക്കും വിശേഷം ആയില്ലേ എന്ന ചോദ്യം, ഒരു കുട്ടി ആയി കഴിഞ്ഞാൽ അവന് / അവൾക്ക് ഒരു കൂട്ട് വേണ്ടേ, പെണ്ണാണേൽ ആണ് വേണ്ടേ, അല്ലെങ്കിൽ തിരിച്ച് എന്നിങ്ങനെ ചോദ്യങ്ങൾ വന്നു കൊണ്ടേയിരിക്കും. (രണ്ടാൺ കുട്ടികൾ കഴിഞ്ഞു ഒരു പെണ്ണ് വേണ്ടേ എന്ന ചോദ്യം ഞാൻ കേട്ടു മടുത്തിരിക്കുന്നു. ചിലർ കൂടുതൽ ഉപദേശങ്ങൾ തരും, ഫ്രീ ആയിട്ട്, ഇന്ന പൊസിഷൻ, ഇന്ന ദിവസം, ഇന്ന ഭക്ഷണം എന്നു തുടങ്ങി പെൺകുട്ടി ആവാനുള്ള നൂറ്റൊന്നു വഴികൾ. ഈ വീട്ടിൽ ഒരു സിംഹി മതി എന്ന് ഞാൻ തർക്കുത്തരം പറഞ്ഞു വയ്ക്കും). ഗർഭം ധരിക്കാത്തത്  വലിയ പാതകം എന്ന നിലയിലുള്ള കാഴ്ചപ്പാടുകൾ . കുട്ടികൾ ഇല്ലാതിരുന്ന ഒരു ബന്ധു ആൾക്കൂട്ട ചോദ്യങ്ങളിൽ ചൂളി നില്ക്കുന്നത് കണ്ടിട്ടുണ്ട്, പിന്നീട് അവർ ഒരാഘോഷ പരിപാടികളിലും പങ്കെടുക്കാതായി. “നിന്റെ ഓന് കഴിവില്ലാഞ്ഞിട്ടാണ്, ഞാൻ വേണേ റെഡിയാക്കി തരാം” എന്ന അശ്ലീല ആൺ

**മാതൃത്വം മാത്രമേ ഒരു സ്ത്രീയെ പൂർണ്ണമാക്കുന്നുള്ളൂ എന്ന മട്ടിലുള്ള വിചാരങ്ങൾക്ക് ഇപ്പോഴും മാറ്റമൊന്നുമില്ല, കുട്ടികളെ നോക്കേണ്ട ഉത്തരവാദിത്വം അമ്മയ്ക്കാണ് എന്ന ചിന്താഗതി പോലെ. ഇപ്പോഴും ഞാൻ എവിടെയെങ്കിലും പോവാനിറങ്ങിയാൽ “അയ്യോ കുട്ടികളെ ഒറ്റയ്ക്കാക്കിയിട്ട്, അവരെന്ത് കഴിക്കും, നീ അവരെ തീരെ ശ്രദ്ധിക്കുന്നില്ല...” എന്നൊക്കെ എന്റെ ഉമ്മ മനസ്സാക്ഷിക്കുത്ത് ഫോണിലൂടെ തലയിൽ ആണിയടിച്ചു കയറ്റാൻ ശ്രമിക്കും.**

നോട്ടങ്ങൾ വേറെ.  വിശ്വാസത്തിന്റെ പേരിൽ പ്രസവിച്ചു കൊണ്ടേ ഇരിക്കാൻ വിധിക്കപ്പെട്ട പെണ്ണുങ്ങളെ കുറിച്ച് ഡോക്ടർ ആയ അനിയത്തി പറഞ്ഞ വിവരങ്ങൾ ഓർത്തു, അഞ്ചും ആറും പ്രസവം കഴിഞ്ഞ് ഒരുപാട് ആരോഗ്യ പ്രശ്നങ്ങളുമായി ഡോക്ടറുടെ അടുക്കൽ വന്ന് ഭർത്താവറിയാതെ പ്രസവം നിർത്തി തരണം എന്ന് കെഞ്ചേണ്ടി വരുന്ന പെണ്ണുങ്ങൾ. മാതൃത്വം മാത്രമേ ഒരു സ്ത്രീയെ പൂർണ്ണമാക്കുന്നുള്ളൂ എന്ന മട്ടിലുള്ള വിചാരങ്ങൾക്ക് ഇപ്പോഴും മാറ്റമൊന്നുമില്ല, കുട്ടികളെ നോക്കേണ്ട ഉത്തരവാദിത്വം അമ്മയ്ക്കാണ് എന്ന ചിന്താഗതി പോലെ. ഇപ്പോഴും ഞാൻ എവിടെയെങ്കിലും പോവാനിറങ്ങിയാൽ “അയ്യോ കുട്ടികളെ ഒറ്റയ്ക്കാക്കിയിട്ട്, അവരെന്ത് കഴിക്കും, നീ അവരെ തീരെ ശ്രദ്ധിക്കുന്നില്ല...” എന്നൊക്കെ എന്റെ ഉമ്മ മനസ്സാക്ഷിക്കുത്ത് ഫോണിലൂടെ തലയിൽ ആണിയടിച്ചു കയറ്റാൻ ശ്രമിക്കും.

ജനസംഖ്യയിലെ പകുതി പെണ്ണുങ്ങളും കല്യാണം കഴിച്ചില്ലെങ്കിലും ഈ ലോകത്തിന് ഒന്നും സംഭവിക്കില്ല, മറിച്ച് അവർക്ക് എന്തെല്ലാം ചെയ്യാനാവുമായിരുന്നു. എത്ര കാഴ്ചകൾ, എത്ര ലോകങ്ങൾ, ഞാൻ തെണ്ടി നടന്നു മരിച്ചേനെ എന്നോർത്തിരിക്കുന്ന വേളകൾ.  കാലൊന്ന് തെന്നിയാൽ ‘അയ്യോ എന്റെ കുട്ടി’ എന്ന ആന്തലോടെ അമ്മ മഴക്കാറാവുകയും ചെയ്യുന്ന മറ്റൊരു ഞാനും! ശുഭം!

ചർച്ചാവിഷയം

**സരിജ ശിവകുമാർ**



*വായനയിലും സ്വപ്നങ്ങളിലും പാട്ടിലും പ്രകൃതിയിലുമെല്ലാം തുണ്ടുകളായ് ചിതറിക്കിടക്കുന്നു. ഒരു സോഫ്റ്റ്‌വെയർ എഞ്ചിനീയറായി പകലുകളിൽ പണിയെടുക്കും.*

# നോർമൽ ഡെലിവറി



**ഓപ്പറേഷൻ തീയേറ്ററിലെ തണുപ്പിൽ എന്നോട് വളഞ്ഞു കിടക്കാൻ പറഞ്ഞു. ഈ വയറും വച്ച് എങ്ങനെ വളയാനാ ഡോക്ടറേ എന്നു ചോദിച്ച് ഞാൻ റ പോലെ കിടന്നു. ഡോക്ടർമാരല്ലേ സാധനം , ഞങ്ങളിതെത്ര വളച്ചതാ എന്നുമ്പറഞ്ഞ് റ യിൽ കിടന്ന എന്നെപ്പിടിച്ച് വളച്ച് ഉ വാക്കി നടുവിനു കുത്തി.**

ഏഴാം മാസം സ്വന്തം വീട്ടിലേക്കുള്ള കൂട്ടിക്കൊണ്ട് പോകലിൽ കെട്ടിയോൻ ശക്തമായ എതിർപ്പ് രേഖപ്പെടുത്തിയത് എനിക്കാശ്വാസമായി. വീട്ടിൽ പോയി ചുമ്മാ കുത്തിയിരിക്കുന്നത് എനിക്കോർക്കാൻ പോലും വയ്യ. അങ്ങനെ ചടങ്ങുകളെ നിഷ്ക്കരുണം തള്ളിക്കളഞ്ഞ് ഞങ്ങ പിന്നേം ബൈക്കിൽ മുപ്പത്തഞ്ച് കിലോമീറ്റർ സഞ്ചരിച്ച് ജോലിക്ക് പോകൽ തുടർന്നു.

ഒൻപതാം മാസം ഈ വയറും താങ്ങി ബൈക്കിൽ ട്രാഫിക്ക് ജാമിൽ വെയിറ്റ് ചെയ്യുമ്പോൾ തൊട്ടു പുറകിൽ വലതുവശത്തായി ഒരു കെ.എസ്.ആർ.റ്റി.സി ഫാസ്റ്റ് പാസഞ്ചർ ഉരുട്ടിയുരുട്ടി കയറ്റി നിർത്തുന്നു. എടങ്ങേറു പൊസിഷനിലാണല്ലോ ആ ബസ്സെന്നു ചിന്തിച്ചതും ബസ്സിന്റെ ഫ്രണ്ടിലെ കാറു അൽപ്പം മുന്നോട്ട് നീങ്ങി. ബസ്സ് ഒറ്റയെടുപ്പ്. നേരെ വന്ന് ബൈക്കിന്റെ ബാക്കിൽ.ഞാൻ ശിവനെ അള്ളിപ്പിടിച്ച്. ശിവൻ ബൈക്ക് പെട്ടെന്ന് മുന്നോട്ടെടുത്തതും ഏതോ പൂർവ്വകാല വൈരാഗ്യം തീർക്കാനെന്നപ്പോലെ അങ്ങേരു വീണ്ടും ഒറ്റയിടി. ആ ഇടിയിൽ ഞാൻ സീറ്റീന്ന് തെറിച്ച്. ശിവൻ ഇടതുകൈകൊണ്ട്  എങ്ങനെയോ എന്റെ കൈയ്യിൽ കയറിപ്പിടിച്ചു. റോഡിലേക്ക് മൂക്കുകുത്തിയ ഞാൻ ആ കൈയ്യിൽ തൂങ്ങി ത്രിശങ്കു സ്വർഗത്തിലെന്നവണ്ണം നിന്നു. വഴിയരികിലെ കടകളിൽ നിന്നയാൾക്കാർ അലറിവിളിച്ചു. കാരണം ഇതൊന്നും കാണാതെ ഡ്രൈവർ പിന്നെയും വണ്ടിയെടുക്കുകയാണു. പുറകേ ബൈക്കിലുണ്ടായിരുന്നവർ ബസ്സിന്റെ വശങ്ങളിൽ ആഞ്ഞടിച്ചു. എന്തോ പന്തികേട് തോന്നിയ ഡ്രൈവർ ബസ്സ് നിർത്തി. എന്നെയും ബൈക്കിനേയും നടുറോഡിൽ വാഹനങ്ങൾക്ക് നടുവിൽ നിർത്തി ശിവൻ ബസ്സിന്റെ ഡ്രൈവർ സീറ്റിനടുത്തേക്കോടി. കൂടെ  നാട്ടുകാരും.

'എനിക്ക് കാണാൻ പറ്റുന്നുണ്ടായിരുന്നില്ല ബൈക്ക്' എന്നയാൾ. പിന്നെന്തിനാടോ താൻ ഉരുട്ടിക്കയറ്റുന്നതെന്ന് ശിവൻ. അല്ലേലും കുത്തിക്കയറ്റൽ ഇവന്മാരുടെ പണിയാണെന്ന് നാട്ടുകാർ. സമാധാനം പുനസ്ഥാപിച്ച് യാത്ര തുടരാൻ വേണ്ടി കറങ്ങുന്ന തലയും കൊളുത്തിപ്പിടിക്കുന്ന വയറുമായി ഞാൻ ബസ്സിൽ പിടിച്ച് ബഹളക്കാരുടെ അടുത്തേക്ക് നടന്നു. 'വാ വഴക്കൊന്നും വേണ്ട ഒന്നും പറ്റിയില്ലല്ലോ' എന്നും പറഞ്ഞ് ഞാൻ ശിവന്റെ കൈയ്യിൽ പിടിച്ചു. അത്രയും നേരം ഡ്രൈവർ സീറ്റിലിരുന്ന് സംസാരിച്ച മനുഷ്യൻ ഡോറു തുറന്ന് ചാടിയിറങ്ങി 'എന്റെ പൊന്നുപെങ്ങളേ, ക്ഷമിക്കണം, മിററിൽ കാണാൻ പറ്റുന്നുണ്ടായിരുന്നില്ല' എന്ന് അൽപ്പം ഭയത്തോടെ പറയുന്നു. എങ്ങനെയെങ്കിലും ഒന്നു വീട്ടിൽ ചെന്നാൽ മതീന്നും പറഞ്ഞ് നിൽക്കണ ഞാൻ പിന്നേം ശിവനെ പിടിച്ചു വലിച്ചു.

എല്ലാം തീർത്ത് പോരാൻ തുടങ്ങുമ്പോ ഒരഭ്യുദയാകാംക്ഷി ആത്മഗതിക്കുന്നു, 'ഈ വയറൊക്കെ വെച്ച് വീട്ടിലെവിടേലും ഇരുന്നാൽ പോരെ' ശിവൻ തിരിഞ്ഞ് അങ്ങേരോട്, 'ഇവിടുത്തെ പ്രശ്നം ഇവളുടെ വയറാണോ അതോ ബൈക്കിൽ ബസ് തട്ടിയതാണോ?' അതോടെ ആ ചേട്ടൻ സ്കൂട്ടായി.

ബാക്കിയുള്ള പതിനഞ്ച് ദിവസം സ്വന്തം വീട്ടിപ്പോയി ടിവി കണ്ട് തീർക്കാമെന്ന തീരുമാനത്തിൽ തിരുവനന്തപുരത്ത്ന്ന് എറണാകുളം പിടിച്ചു. നേരെ കിടക്കയെടുത്ത് ടീവീടെ മുന്നിൽ കൊണ്ടിട്ടു. രണ്ടുദിവസം കഴിഞ്ഞ് കാണാൻ വന്ന കെട്ടിയോൻ കാണുന്നത് ടീവിയുടെ മുന്നിലെ കിടക്കയിൽ പലഹാരപ്പാത്രങ്ങളുടെ ഇടയ്ക്ക് കിടക്കുന്ന എന്നെ. കൂടി നിൽക്കുന്ന ബിപി ഓർമ്മിപ്പിച്ച് അങ്ങേരു കണ്ണുരുട്ടി. എന്റെ ബെല്ലും ബ്രേക്കുമില്ലാത്ത തീറ്റയും ഉറക്കവും കണ്ട് സഹിക്കാൻ മേലാതെ അങ്ങേരു ലീവെടുത്തിരുന്നു പലഹാരപ്പാട്ടകളെ കടന്നാക്രമിച്ച് കാലിയാക്കി. അങ്ങനെ ഒരു മത്സരം കഴിഞ്ഞ് ഉറങ്ങാൻ കിടന്നതാ ഞാൻ , തണുക്കുന്നു എന്നുപറഞ്ഞെണീറ്റപ്പോൾ ശിവൻ അന്തംവിട്ടു. തണുപ്പുകാലത്ത് പോലും പുതയ്ക്കാത്തവൾ ഡിസംബറിലെ ഉച്ചതിരിഞ്ഞ നേരത്ത് പുതപ്പന്വേഷിക്കുന്നു. പുതപ്പെടുത്ത് തന്നിട്ട് വെറുതേ നെറ്റിയിലൊന്ന് കൈവച്ച് നോക്കി. കടുത്ത പനി. മരുമകനെ ഏൽപ്പിച്ചിട്ട് ഓഫീസിൽ പോയ അമ്മ പാഞ്ഞുവന്നു. പിന്നെ എല്ലാം പെട്ടെന്നായിരുന്നു. കൊച്ച് വയറ്റിലപ്പിയിട്ട് നാശാക്കീന്ന്.

നോർമൽ ഡെലിവറി നടക്കില്ലാന്ന് കണ്ട് വെളുപ്പാൻ കാലത്ത് ദൈവത്തിന്റെ തിരുമണവാട്ടിയായ എന്റെ ഡോക്ടർ നിന്നു വിയർത്തു. വെളുപ്പിനേ സർവ്വ ഡോക്ടേഴ്സിനും കോളുപോയി. അനസ്തേഷ്യസ്റ്റ് അങ്കമാലീലും. ഇനിയുള്ള ഗൈനക്കോളജിസ്റ്റ്, ബ്ലോഗറും ശിവന്റെ സുഹൃത്തുമായ ഡോക്ടർ, ക്വാർട്ടേഴ്സീന്ന് വിവരമറിഞ്ഞതും പാഞ്ഞെത്തി. സ്ട്രെച്ചറിൽ ലേബർ റൂമിൽ നിന്ന് ഓപ്പറേഷൻ തീയേറ്ററിലേക്ക് കൊണ്ടുപോകുമ്പോൾ നഴ്സ് പിള്ളേർ മുടി ഇരുവശവു പിന്നിക്കൊണ്ടിരുന്നു. നോർമൽ ഡെലിവറീടെ വേദനയിൽ നിന്ന് രക്ഷപെട്ടു എന്നുള്ള ആനന്ദം ഒളിപ്പിക്കാനാവാതെ ഞാൻ ശിവനേയും അമ്മയേയും അച്ഛനേയും നോക്കി സ്ട്രെച്ചറിൽ കിടന്ന് വെളുക്കെ ചിരിച്ചു.

ഓപ്പറേഷൻ തീയേറ്ററിലെ തണുപ്പിൽ എന്നോട് വളഞ്ഞു കിടക്കാൻ പറഞ്ഞു. ഈ വയറും വച്ച് എങ്ങനെ വളയാനാ ഡോക്ടറേ എന്നു ചോദിച്ച് ഞാൻ റ പോലെ കിടന്നു. ഡോക്ടർമാരല്ലേ സാധനം , ഞങ്ങളിതെത്ര വളച്ചതാ എന്നുമ്പറഞ്ഞ് റ യിൽ കിടന്ന എന്നെപ്പിടിച്ച് വളച്ച് ഋ വാക്കി നടുവിനു കുത്തി.

ശിവന്റെ ഫ്രണ്ട് ഡോക്ടർ എന്തൊക്കെയോ ചോദിച്ച് കൊണ്ടിരുന്നു. ബ്ലോഗിനെപ്പറ്റി യാത്രകളെ പറ്റി ഒക്കെ. എന്റെ സ്വന്തം ഗൈനക്കോളജിസ്റ്റ് അത്ഭുതത്തിൽ ഡോക്ടറെ നോക്കി താങ്കൾ ഇവരെ അറിയുമോ എന്ന്. ഇതിനിടയിൽ വയറിന്മേൽ എന്തൊക്കെയോ സംഭവിക്കുന്നത് ഞാനറിയുന്നുണ്ട്. കഥ പറയാതെ ശ്രദ്ധിച്ച് പണിചെയ്യാൻ അവരെ ഉപദേശിക്കണം എന്നുണ്ടായിരുന്നു. പക്ഷെ നാവു പൊന്തണ്ടേ. ബ്ലോഗേർസ് കല്യാണത്തിന്റെ കഥ ഡോക്ടർ പറഞ്ഞ് കൊണ്ടിരുന്നപ്പോൾ ഞാനുറങ്ങിപ്പോയി. ആരോ കവിളത്ത് തട്ടി , മോനാണു എന്നുപറഞ്ഞ് ഒരു തണുത്ത കവിൾത്തടം എന്റെ കവിളോട് ചേർത്ത് വച്ചു. ഒന്നും കാണാനും പറയാനും പറ്റണില്ലെന്ന് പരാതിപ്പെടാൻ പോയപ്പഴേയ്ക്കും പിന്നേം ഉറങ്ങിപ്പോയി.

ഞാൻ ഐസിയൂവിൽക്കിടന്ന് വേദനയനുഭവിക്കുമ്പോൾ അവനെ പൊതിഞ്ഞും തുടച്ചും അമ്മയും ശിവനുമൊക്കെ ആഘോഷം. അവരുടെ ആഘോഷത്തിന്റെ നടുവിലേക്ക് എന്നെ കൊണ്ടുവന്ന് കിടത്തി. ഇടതുവശത്തായി വെളുത്ത ടർക്കിയിൽ കിടന്ന് കൈയ്യുംകാലുമിളക്കുന്ന അവനെയും വച്ചു. "വാവേ, ദേ ഇങ്ങോട്ട് നോക്ക്, ചേച്ചിയെ നോക്ക്". ഞാനതു പറഞ്ഞ് തീർന്നതും റൂമിൽ കൂട്ടച്ചിരി. അമ്മ എന്നുപറയേണ്ടതിനു പകരം സ്വന്തം കൊച്ചിനോട് ചേച്ചിയെ നോക്ക് വാവേന്ന് പറഞ്ഞാൽ ആരാ ചിരിക്കാതിരിക്കുക. അമ്മ എന്ന പരിണാമം ശാരീരികം മാത്രമല്ല മാനസികം കൂടിയാണെന്ന് ചിരിക്കുന്ന മറുതകൾക്കറിയില്ലല്ലോ. കൊച്ചുണ്ടായിട്ടും മാനസികമായി അമ്മയാവാൻ താമസിച്ചതിന്റെ വൈക്ലബ്യം എന്നെ വിട്ടുമാറാൻ സമ്മതിക്കാതെ കളിയാക്കൽ ടീംസ് ശ്രദ്ധിക്കുന്നുണ്ട്. കൊച്ചിന്റെ ആദ്യത്തെ ഡിപിറ്റി വാക്സിനേഷൻ കണ്ട് വാവിട്ട് കരഞ്ഞ് കൊച്ചിനെപ്പോലും തോൽപ്പിച്ച് ഞാനെന്റെ അമ്മത്വം വീട്ടുകാർടേം ഹോസ്പിറ്റലുകാർടേം മുന്നിൽ തെളിയിച്ചു. (പിന്നെ ഇന്നുവരെ ആ ഹോസ്പിറ്റലിൽ ഞാൻ പോയിട്ടില്ല, പോയാലും അവരെന്നെ പുറത്തിരുത്തിയേ കൊച്ചിനു ഇഞ്ചക്ഷനെടുക്കൂ).

കവിത


അർച്ചന കെ.രാജൻ



# ഞാൻ ശൂർപ്പണഖ

വെട്ടേറ്റു മുലകളിൽ ചോരചിന്തീടവേ
ഞെട്ടറ്റുമണ്ണിൽ പതിച്ചതെൻമാതൃത്വം,
എന്തിനായെന്നോടീ നിന്ദ്യമാം ക്രൂരത?
ചൊല്ലു കുമാരാ ലക്ഷ്മണായിക്ഷണം.?

കുലമഹിമയില്ലിവിൾ കാട്ടാളകന്യക,
അരുതായ്കയറിയാതെയാശവച്ചങ്ങയിൽ,
ഊർമ്മിളയങ്ങേയ്ക്കുപത്നിയാണെന്നതും
പാവമിവളറിഞ്ഞില്ല പിഴച്ചുപോയ്.



അയിത്തമുണ്ടായിരുന്നില്ല നിനക്കൊട്ടും
കാമത്താലെൻ മെയ്മേലെശയിച്ചിട്ടും,
ബീജത്തിൻവേരെന്റെയുദരത്തിൽനാമ്പിട്ടു
യാചിച്ചുനിന്നോടുതാലിക്കുമാത്രമായ്.
അരുമയാംപൈതലിന്നമൃതേത്തുപകരുവാ-
നമൃതമാം കുംഭം പടച്ചതാണുടയവൻ.
വെട്ടിയറുത്തതെൻസ്ത്രീത്വത്തിൻപൂർണ്ണതആര്യകുമാരനെ
പ്രണയിച്ചസാഹസം.

നീചമാം കൃത്യം നടന്നതും മുന്നിലായ്,
തടയുവാനാഞ്ഞില്ല ജാനകീ നീയൊട്ടും,
ഊറ്റം കൊള്ളേണ്ടതില്ല നീ മൈഥിലി
കരുതിവച്ചിട്ടുണ്ട് കാലം നിനക്കായും.

ഏറ്റവും വേദനയുള്ളിലമർത്തി ഞാൻ
ശാപം നിനക്കായുരുവിട്ടു തീർക്കും,
അഭിമാനക്ഷതമതു വന്നുകൂടും,
അപമൃത്യു നിന്നെയും തേടിയെത്തും.

അയോധ്യാപതിയായരാമനുമാവില്ല
പത്നീസമേതനായ് വാഴുവാനൊട്ടുമേ..
ദ്രാവിഡരാജനിവൾ അരുമയാം സോദരി
ഏറ്റം ഭവിഷ്യത്ത് വന്നീടുമോർക്ക നീ..

സീതാ രാമാ ലക്ഷ്മണാ, കേട്ടോളു ..
മാറുപിളർന്നൊരീ പെണ്ണിന്റെ വിങ്ങൽ,
ഛേദിക്കപ്പെട്ടെന്റെ മാറുരണ്ടും,
നീതിക്കായ് ചോദ്യമുതിർത്തുമെന്നും .....!

ചർച്ചാവിഷയം

ചിഞ്ചു റോസ

കവയത്രി , ആനുകാലികങ്ങളിൽ കവിത എഴുതാറുണ്ട്



# മലയാള ചലച്ചിത്ര ലോകത്തിലെ അമ്മമാർ







മലയാള സിനിമയുടെ അനിവാര്യതയാണ് അമ്മ കഥാപാത്രങ്ങൾ. അഭിനയസാധ്യത കൊണ്ടു സമ്പുഷ്ടമായിരുന്നു ഓരോ റോളുകളും. ഇവ മലയാളികളുടെ അമ്മ എന്ന സങ്കല്പത്തെ മെനഞ്ഞെടുക്കുന്നതിൽ ഒരു പരിധി വരെ പ്രേരകമായിട്ടുണ്ട്. ദേശിയ സംസ്ഥാന തലത്തിൽ ശ്രദ്ധിക്കപ്പെട്ട നടികളിൽ ഭൂരിഭാഗവും അവരുടെ അവാർഡ് സ്വായത്തമാക്കിയത് പ്രബലങ്ങളായ മാതൃവേഷങ്ങളിലൂടെയാണ് എന്നത് യാദൃശ്ചികമല്ല. ഒരു പേര് പോലുമില്ലാത്ത സുരഭിയുടെ മിന്നാമിനുങ്ങിൽ വരെ ഇത് എത്തിനിൽക്കുന്നു. ഒരു കാലത്തു അവിഭാജ്യമായ വേഷങ്ങൾ ഇടക്കാലത്ത് ന്യൂ ജനറേഷൻ സിനിമയുടെ സാധ്യതകളിൽ മുങ്ങി പോയിട്ടുണ്ട്.

പുരുഷമേധാവിത്വ മനോഭാവമുള്ള സമൂഹം എന്താണോ ഇത്രയും നാൾ സ്ത്രീകളോട് ചെയ്തു കൊണ്ടിരിക്കുന്നത് അതു തന്നെയാണ് മലയാള ചലച്ചിത്ര ലോകവും പ്രതിഫലിപ്പിക്കുന്നത്. സ്നേഹത്തിലും വാത്സല്യത്തിലും പൊതിഞ്ഞു സെറ്റുടുപ്പിക്കുന്ന ക്ളീഷേ കൊണ്ടു സമ്പന്നമാണ് മലയാള സിനിമ. ഒരിക്കലെങ്കിലും സിനിമകളിൽ കരയാത്ത അമ്മമാരുണ്ടോ?സംശയമാണ്. മക്കൾക്ക് വേണ്ടി ഉരുകിയും കണ്ണീർ ഒഴുക്കിയും കാത്തിരിക്കുന്ന സങ്കൽപ്പങ്ങൾ എത്രയെത്ര കണ്ടു കഴിഞ്ഞു. മലയാളികൾക്കു ഒരു ഹിപ്പോക്രസി ഉണ്ട്. കരഞ്ഞു സർവം സഹയായ സ്ത്രീജനങ്ങളെ ശാരദ, കവിയൂർപൊന്നമ്മ, ആറന്മുള പൊന്നമ്മ പോലുള്ള അമ്മമാരെ പെട്ടെന്ന് സ്വീകരിക്കും. പക്ഷെ സ്വൽപ്പം തന്റേടമുള്ള കുറച്ചു ചീത്ത പറയുന്ന അമ്മമാരെ അംഗീകരിക്കാൻ പൊതുവെ വിമുഖരാണ്.കൂടാതെ ആഢ്യത്തത്തിന്റെ ഭാരങ്ങളില്ലാത്ത ഒരു ദളിത് അമ്മയെ കാണാൻ മലയാള സിനിമയിൽ ഒരുപാട് തിരയേണ്ടി വരും.

മലയാളികളുടെ ക്ളീഷേ സങ്കല്പത്തിനു ആക്കം കൂട്ടിയ നടിമാരാണ് ആറന്മുള പൊന്നമ്മയും കവിയൂർ പൊന്നമ്മയും എന്നിരുന്നാലും പ്രേക്ഷകരുടെ മനസിലേക്ക് കടന്നു കൂടുന്ന ചില വികാരപരമായ മണ്ഡലങ്ങളുണ്ട്. അതിലൊന്നാണ് മാതൃത്വം.

**മക്കൾക്ക് വേണ്ടി ഉരുകിയും കണ്ണീർ ഒഴുക്കിയും കാത്തിരിക്കുന്ന സങ്കൽപ്പങ്ങൾ എത്രയെത്ര കണ്ടു കഴിഞ്ഞു. മലയാളികൾക്കു ഒരു ഹിപ്പോക്രസി ഉണ്ട്. കരഞ്ഞു സർവം സഹയായ സ്ത്രീജനങ്ങളെ ശാരദ, കവിയൂർ പൊന്നമ്മ, ആറന്മുള പൊന്നമ്മ പോലുള്ള അമ്മമാരെ പെട്ടെന്ന് സ്വീകരിക്കും പക്ഷെ സ്വൽപ്പം തന്റേടമുള്ള കുറച്ചു ചീത്ത പറയുന്ന അമ്മമാരെ അംഗീകരിക്കാൻ പൊതുവെ വിമുഖരാണ്.**









അതു കൊണ്ട് മാത്രമാണ് നമ്മളിവരെ സ്നേഹിക്കുന്നത്.

മലയാള ചലച്ചിത്ര ലോകത്തിനു എല്ലാക്കാലത്തും എല്ലാ തലവും ചേർന്നു പോകാവുന്ന ഒരു അമ്മ മനസുണ്ട്, വ്യത്യസ്തങ്ങളായ വേഷങ്ങൾ ഭദ്രമായി കൈപ്പിടിയിലൊതുക്കിയ ഒരേ ഒരു സുകുമാരിയമ്മ. ഒരേ സമയം സകല വൈവിധ്യങ്ങളെയും ഇങ്ങനെ ഒരുമിച്ചു ഉൾക്കൊള്ളുന്ന മറ്റൊരു അമ്മ നടി ഉണ്ടാകുമോ എന്നു സംശയമാണ്. മലയാള ചലച്ചിത്ര ലോകത്തു വളരെ രസകരമായി എന്നാൽ നർമ്മത്തിനു വേണ്ടിയല്ലാതെ സ്വാഭാവികമായി നമ്മളെ ചിരിപ്പിച്ചവരും ചിന്തിച്ചവരുമാണ് മീന (മേലേപറമ്പിൽ ആൺവീട്), ഫിലോമിന(ഗോഡ് ഫാദർ),അടൂർ ഭവാനി , അടൂർ പങ്കജം തുടങ്ങിയവർ തമാശയും കുറുമ്പുമായി ഒരു കാലഘട്ടം മുഴുവൻ നിറഞ്ഞു നിന്നു.

സുന്ദരിയായ ഒരു അമ്മ വട്ടക്കണ്ണും നിറഞ്ഞ ചിരിയും വലിയ പൊട്ടുമായി നമ്മളെ ജീവിതത്തിലും സിനിമയിലും കരയിപ്പിച്ച അമ്മയാണ് ശ്രീവിദ്യാമ്മ. ഇടക്കാലത്ത് നമ്മെ വിട്ടു പിരിഞ്ഞെങ്കിലും നിലപാടുകളുള്ള സ്ത്രീ എന്ന രീതിയിൽ മലയാള ചലച്ചിത്രലോകം എക്കാലവും അവരെ ഓർമ്മിക്കും.

അന്യഭാഷകളിൽ നിന്നും മലയാളത്തിലേക്ക് അമ്മമാരായി കടന്നു വന്ന ശാരദയും മനോരമയും ബാംഗ്ലൂർ ഭാരതിയും ചെയ്ത വേഷങ്ങളുടെ മഹിമകൊണ്ട് മലയാളികൾക്ക് സുപരിചിതമായത് വിസ്മരിക്കാനാവാത്തതാണ്. ഒറ്റ ചിത്രത്തോടെ ആസ്വാദകരുടെ ഹൃദയത്തിൽ ആഴത്തിൽ വരഞ്ഞ മുറിവായ ശബാന ആസ്മിയെ സ്നേഹത്തോടെ സ്മരിക്കുന്നു. കന്മദത്തിലെ അമ്മയും മറ്റൊന്നല്ല നമുക്ക് നൽകിയത്. മലയാളം വളരെ ചുരുക്കം അഭിനേതാക്കൾക്ക് മാത്രം കൽപ്പിച്ചു കൊടുത്തിരിക്കുന്ന ഒരു കാറ്റഗറിയാണ് അവർ അഭിനയിക്കുകയല്ല ജീവിക്കുക, ആണെന്ന്. അങ്ങനെയുള്ളവരിൽ പ്രഥമ പരിഗണനയിൽ വരുന്ന അഭിനേത്രിയാണ് കെ. പി. എ. സി ലളിത.ഇത്രയും നൈർമല്യം തുളുമ്പുന്ന സിദ്ധി അവർക്കുമാത്രം കൈ വഴങ്ങുന്നതിന്റെ രഹസ്യം എന്തു തന്നെയായാലും പകരം വയ്ക്കാനില്ലാത്ത മാതൃവേഷങ്ങൾ ആവോളം അവർക്കു കൈമുതലായിട്ടുണ്ട്. വേഷവൈവിധ്യങ്ങളേക്കാൾ സ്വാഭാവികത കൊണ്ടു പ്രേക്ഷകരുടെ ഹൃദയത്തിലേക്ക് കയറിയ നടിയാണവർ. ഇതുകൊണ്ടു തന്നെയാണ് വ്യക്തിപരമായി അവരെന്റെ പ്രിയപ്പെട്ട നടിയാവുന്നത്.

ടി.ആർ. ഓമനയെന്നൊരു നടി അപ്പോഴും ഇപ്പോഴും പരിമിതപ്പെട്ട റോളുകളിലൂടെ അവരുടെ സാനിദ്ധ്യം നമ്മെ

അറിയിച്ചു പോന്നു.


ഒരു കാലഘട്ടത്തിൽ മലയാളികളുടെ നായികാ സങ്കൽപ്പങ്ങളിൽ നിറഞ്ഞു നിന്നവർ പുതിയൊരു കാലത്തിൽ അമ്മ വേഷങ്ങളിലൂടെ അതിജീവിക്കുന്ന കാഴ്ചയാണ് ഇനി സാക്ഷ്യപ്പെടുത്തേണ്ടത്. സീമയും,നാദിയായും രാധികയും, രേവതിയും നമ്മുടെ മുന്നിലുണ്ട്. മകൾക്ക് എന്ന ചിത്രത്തിലൂടെ ശോഭന ഒരിക്കൽകൂടി നമ്മെ കണ്ണീരണിയിപ്പിച്ചു.

മറ്റൊന്നും ചെയ്യാനില്ലാത്ത അമ്മവേഷങ്ങളുടെ ക്ളീഷേ വല്ലാതെ മടുപ്പിക്കുന്നുണ്ട് ചലച്ചിത്ര ലോകത്തെ. കൂടാതെ ഇൻസെൻഡീസ് പിയാത്ത തുടങ്ങിയ മാതൃപ്രധാന്യമുള്ള ചലച്ചിത്രങ്ങളുടെ അഭാവം ആസ്വാദനശൈലികളെ കടിഞ്ഞാണിടുന്നതിൽ  വലിയൊരു പങ്കു വഹിച്ചിട്ടുണ്ട്.

ന്യൂജൻ അമ്മമാരായ പാർവതിയും അംബികയും സജിത മഠത്തിലും വിനയപ്രസാദും ഒക്കെ ഇതിന് ഉദാഹരണങ്ങളാണ്. ഇടക്ക് വന്നു പോയ ആക്ഷൻ ഹീറോ ബൈജുവിലെ ദേവി അജിത് ചെയ്ത വേഷം എന്റെ സ്വകാര്യ ഇഷ്ടങ്ങളിൽ ഒന്നാണ്. ഏറെ കാത്തിരുന്നിട്ടാണ് മലയാളസിനിമയിൽ അങ്ങനെ ഒരമ്മയെ കാണാൻ പറ്റിയത്. ആ ചലച്ചിത്രത്തിന്റെ രാഷ്ട്രീയം കൊണ്ടു ഒരു തലത്തിലും ഉൾക്കൊള്ളനാവാത്തതാണ് എങ്കിലും ദേവിയുടെ കഥാപാത്രം വേറിട്ടൊരു അനുഭവമായി. നല്ല തന്റേടമുള്ള അമ്മ. കരഞ്ഞും നിലവിളിച്ചും തള്ളി നീക്കിയ ദിനങ്ങളിലൂടെ അതിജീവനത്തിന്റെ ഊർജം കൈവശമാക്കിയ കഥാപാത്രം ഇനി കരയില്ല എന്നു പ്രസ്താവിക്കുമ്പോൾ അതിന്റെ ആഴം അറിയാൻ പറ്റുന്നുണ്ട്. കൂടാതെ പറഞ്ഞിട്ടും ശരിയായില്ലെങ്കിൽ രണ്ടു തല്ലു കൊടുക്കുന്നതിൽ തെറ്റില്ല എന്ന പൊതു ബോധം കൂടി അവിടെ ഇടപെടുന്നുണ്ട്. വളരെ ദുർലഭമാണ് ഇതു പോലുള്ള കഥാപാത്രങ്ങൾ.

**മലയാള ചലച്ചിത്ര ലോകത്തിലെ അമ്മമാർ**

മലയാളചലച്ചിത്ര ലോകം മാറ്റത്തിന്റെ വഴിത്തിരിവിൽ നിൽക്കുമ്പോൾ, യുവത്വം ആഘോഷിക്കപ്പെടുന്ന സിനിമകൾക്കാവുമ്പോൾ മാർക്കറ്റ് തഴയപ്പെടുന്ന അമ്മവേഷങ്ങൾ, ആവശ്യമില്ലാത്ത അമ്മമാർ ഒരു തലമുറയുടെ മുഴുവൻ നിലപാടാണ് വരച്ചു കാട്ടുന്നത്. തികച്ചും ആരോഗ്യകരമല്ലാത്ത മാറ്റം,ഒരു വ്യവസായമെന്ന രീതിയിൽ നോക്കിക്കാണുമ്പോൾ അവഗണിക്കപ്പെടുന്ന, ഇല്ലാതാവുന്ന അമ്മവേഷങ്ങൾ മൂലം പ്രതിസന്ധിയിൽ ആവുന്ന പ്രായം ചെന്ന കുറെ നടിമാരുണ്ട് അവരോട് ഐക്യദാർഢ്യപ്പെട്ടു കൊണ്ടു സകല അമ്മമാർക്കും പ്രണാമം.



"I have created no man with two hearts" - Chapter : Al-Azhab. Verse no : 4



**ഫാത്തിമ ഹക്കീം**

A messed up head - Painter

ചർച്ചാവിഷയം

**മൃദുല ദേവി എസ്**

*പാഠഭേദം എഡിറ്റോറിയൽ ടീം അംഗം*


# രണ്ടാനമ്മ



ഗ്രീക്ക് ഇതിഹാസത്തിലെ പ്രശസ്ത കഥാപാത്രമായ ആൽക്കെസ്റ്റിസ് മരണാസന്നയായപ്പോൾ തന്റെ ഭർത്താവിനോട് മറ്റൊരു വിവാഹം കഴിക്കില്ല എന്ന് ഉറപ്പു വാങ്ങിയിരുന്നു. തങ്ങൾക്കുണ്ടായ കുട്ടി ആൽക്കെസ്റ്റീസിന്റെ മരണശേഷം രണ്ടാനമ്മയുടെ പോര് ഏറ്റുവാങ്ങാതിരിക്കാനുള്ള ഉറപ്പ് ആയിരുന്നു അത്. ലോകപ്രശസ്തമായ സിൻഡ്രല്ല എന്ന കഥയിൽ സിൻഡ്രല്ലയുടെ വിജയം കാണാൻ നാം ആഗ്രഹിക്കുന്നത് രണ്ടാനമ്മയുടെയും മക്കളുടെയും ക്രൂരതയിൽ നിന്ന് അവൾ മോചിപ്പിക്കപ്പെടണം എന്നോർത്തും കൂടിയാണ്. കാലാകാലങ്ങളായി കഥകളിൽക്കൂടി സിനിമയിൽക്കൂടി, സീരിയലിൽക്കൂടി സ്ത്രീയുടെ തന്നെ മാതൃത്വമില്ലാത്ത ഭാവമായി നാം കണ്ടുവരുന്ന അവസ്ഥാന്തരമാണ് രണ്ടാനമ്മമാർ. 'പത്തമ്മ ചമഞ്ഞാലും പെറ്റമ്മയാവില്ല' എന്ന പഴഞ്ചൊല്ലും അത്തരം ആശയങ്ങളെ ഊട്ടിയുറപ്പിക്കുന്നു.

'ദൈവത്തിന് എല്ലായിടത്തും ഓടിയെത്താൻ ആവില്ല അതിനാൽ ദൈവം അമ്മമാരെ സൃഷ്ടിച്ചു' ഈ ഉദ്ധരണിയിലും മാതൃത്വത്തിന്റെ മഹനീയതയെ പുകഴ്ത്തുന്നു. ഇനി അഥവാ നല്ല രീതിയിൽ മാതൃത്വത്തെ ആവാഹിച്ച കഥാപാത്രമാണെങ്കിൽക്കൂടിയും അതിലും ഒരു പ്രതികൂലചിന്ത കൂടി ചേർക്കാറുണ്ട് നമ്മുടെ സമൂഹം. കൃഷ്ണന്റെ അമ്മയായ യശോദ സ്വന്തം മകനെപ്പോലെത്തന്നെ കൃഷ്ണനെ ലാളിച്ചു വളർത്തി എന്നാണ് നാം കേട്ടിരിക്കുന്നത്. 'പോലെത്തന്നെ' എന്ന പ്രയോഗത്തിൽ തന്നെ അമ്മയോളം വരുമോ അമ്മ ചമയൽ എന്ന ധ്വനി കടന്നുവരുന്നുണ്ട്.

സ്ത്രീ അമ്മയും, കാമുകിയും, സഹോദരിയും, സുഹൃത്തും, ഭാര്യയും ആകുമ്പോൾ ക്ഷമാശീലയും ലാളിത്യമുള്ളവളും ആകുന്നു. എന്നാൽ അമ്മായിയമ്മ മരുമകൾ, നാത്തൂൻ എന്നീ വേഷമെടുക്കുമ്പോൾ സംഹാരരുദ്രയാകുന്നു. ഒരു ശരീരത്തിൽ നിന്നുതന്നെയാണ് ഇത്തരം രണ്ട് അവസ്ഥാന്തരങ്ങൾ ഉണ്ടാവുന്നതും. ആദ്യത്തെ ഭാ




വങ്ങൾ സ്ത്രീയുടെ സ്ത്രൈണതയെ കാണിക്കുമ്പോൾ രണ്ടാം ഭാവം സ്ത്രീയുടെ ഉള്ളിൽ തന്നെയുള്ള ആൺരൂപത്തെ വെളിയിൽ കൊണ്ടുവരുന്നു. പുരാണത്തിൽ തന്നെ ഏറ്റവും കരുത്തനായ ദൈവം അർദ്ധനാരീശ്വരനാണ്. ദേവോം കാ ദേവ് മഹാദേവിൽ പകുതി സ്ത്രീകൂടി ലീനമാണ്. സ്ത്രീയിൽ അടിച്ചമർത്തപ്പെട്ട സ്വാതന്ത്ര്യം പുരുഷന് യഥേഷ്ടം ലഭിക്കുന്നതിന്റെ പ്രതിഫലനം കൂടിയാവാം അമ്മായിയമ്മ, മരുമകൾ, നാത്തൂൻ എന്നീ വേഷപ്പകർച്ചയിലെ ആണധികാര അടയാളപ്പെടുത്തലുകൾ. അത്തരം വേഷപ്പകർച്ചകളിൽക്കൂടി സ്ത്രീ സ്വയം നേടുന്ന മസ്കുലിൻ എനർജി ആവാം അതിനു കാരണം.

ജീവജാലങ്ങളിലെ പെൺവർഗ്ഗങ്ങൾക്കു മാത്രം സാധ്യമായ ഒന്നാണ് പ്രസവം. ആ ഒരു പ്രക്രിയതന്നെയാണ് ഭൂമിയെ നിലനിർത്തുന്നതും. മനുഷ്യരിൽ സ്ത്രീയുടെ ശാരീരികമായ ആ കഴിവിനോടുള്ള ആരാധനയോ, ആദരമോ ആവാം മാതൃത്വം, മുലപ്പാൽ ഇവയൊക്കെ മഹത്വവത്കരിക്കാൻ പ്രേരിപ്പിച്ചത്. ഒരു മാതാവ് പ്രസവിച്ചു കഴിഞ്ഞാലുടൻ അവരുടെ കുട്ടിയെ മനപ്പൂർവ്വം മാറ്റി പകരം അന്ന് തന്നെ ജനിച്ച മറ്റൊരു കുട്ടിയെ അമ്മയ്ക്ക് കൈമാറുന്നു എന്നു കരുതുക. സ്വന്തം കുഞ്ഞെന്ന കരുതലോടെ ആ കുഞ്ഞിനെ അമ്മയ്ക്ക് മുലയൂട്ടാനും വളർത്താനും കഴിയും. അപ്പോൾ മാതൃത്വം ജൈവപരമായ സ്ഥിതിവിശേഷം മാത്രമാണെന്നും, അമ്മയായി എന്ന തിരിച്ചറിവാണ് നഗ്നനേത്രങ്ങൾകൊണ്ട് കാണാൻ കഴിയാത്ത മാതൃത്വത്തെ മഹത്വവത്കരിക്കുന്നതെന്നും കാണാൻ കഴിയും. വിദേശരാജ്യങ്ങളിൽ പ്രബലമായിരിക്കുന്ന ദത്തെടുക്കൽ പ്രക്രിയ നോക്കുക (ഇന്ത്യയിലേതിനേക്കാൾ പുരോഗമനാത്മകമായ രീതിയിൽ) സ്വന്തം മക്കളോടൊപ്പം മറ്റൊരു കുട്ടിയെ കൂടെ താമസിപ്പിക്കാൻ അതിനെ പരിചരിക്കാൻ വിദേശദമ്പതികൾക്ക് ആലോചിക്കേണ്ടിവരുന്നില്ല. അവിടുത്തെ വികസിത ചുറ്റുപാടുകൾ മാതൃത്വം എന്ന സാമ്പ്രദായിക ലാളനാ സങ്കല്പത്തേക്കാൾ മറ്റൊരു കുട്ടിക്ക് സ്വയം പര്യാപ്തത കൈവരിക്കാനായി ഒരു കുടുംബം പ്രാപ്തമാകേണ്ടതിന്റെ ആവശ്യകതയ്ക്കാണ് കൂടുതൽ ഊന്നൽ നൽകുന്നത്. ഇത്തരം സന്ദർഭങ്ങൾ ഇന്ത്യയിൽ ഇന്നു ധാരാളമുണ്ട്. പ്രസവിക്കാതെ, പാലൂട്ടാതെ എത്രയോ സ്ത്രീകൾ അമ്മ എന്ന കടമ കൃത്യമായി നിർവ്വഹിക്കുന്നുണ്ട്. സെലിബ്രിറ്റികളായ സണ്ണി ലിയോൺ, ശോഭന, സുസ്മിതാ സെൻ ഇവരൊക്കെ ഇതിനുദാഹരണങ്ങളാണ്.

മതത്തിന്റെ ചട്ടക്കൂടുകളിൽ നിന്നു കൊണ്ടായാലും നിരവധി അനാഥാലയങ്ങളിൽ അമ്മ ചെയ്യേണ്ട സേവനം ഏറ്റെടുത്ത നിരവധി പേർ ഉണ്ട്. (ഉദാ: ക്രൈസ്തവ സന്യാസിനീ സമൂഹം)

ആലുവ എസ്.ഓ. എസ് വില്ലേജിൽ ഒരു കൂട്ടം കുട്ടികൾക്ക് ഒരമ്മയെ നിയമിക്കുകയും അവരുടെ പരിപാലനവും വിദ്യാഭ്യാസവും കല്യാണവുമടക്കം നിറഞ്ഞ മനസ്സോടെ ചെയ്യുകയും ചെയ്യുന്ന 'അമ്മ'മാർ ഉണ്ട്.

ഇതിനൊക്കെ പുറമെ ഭാര്യ നഷ്ടപ്പെട്ടവർ, വിവാഹജീവിതം ഇഷ്ടപ്പെടാത്തവർ, സാമൂഹ്യസേവനതത്പരരായവർ അങ്ങനെ പല കാരണത്താൽ അമ്മയുടെ സേവനമനുഷ്ഠിക്കുന്ന പുരുഷന്മാരുമുണ്ട്. അവർ പാലൂട്ടുന്നില്ല എന്നാൽ ഒരു കുട്ടിയെ പരിപാലിച്ച്, ശാരീരിക മാനസിക വളർച്ച, വിദ്യാഭ്യാസം, വിവാഹം ഇവയിലൊക്കെ ഇടപെട്ട് വ്യക്തിത്വമാക്കുന്നതിൽ പങ്കുവഹിക്കാറുണ്ട്. മാതൃത്വം എന്നത് സ്ത്രീക്ക് മാത്രം ലഭ്യമാകുന്ന സവിശേഷമായ വരദാനമല്ല മറിച്ച് സഹജീവിയോടു കാണിക്കേണ്ട കടമ എന്ന് ചിന്തിച്ചാൽ ആരിലും ഉടലെടുക്കാവുന്ന സ്വാഭാവിക അവസ്ഥ മാത്രമാണ്.

പ്രകൃതിയിൽത്തന്നെ മാതൃഭാവങ്ങൾ മിക്കവാറും എല്ലാ ജീവികളിലും ആൺപെൺഭേദമെന്യേ ഉണ്ട്. സിംഹക്കുഞ്ഞിനെ ജനനസമയത്ത് സിംഹിണിക്കൊപ്പമോ ഒരുവേള അതിനേക്കാൾ അപ്പുറമോ ആണ് സിംഹം പരിപാലിക്കാറുള്ളത്. കാക്കയുടെ കൂട്ടിൽ മുട്ടയിടുന്ന കുയിലിന്റെ കുഞ്ഞിനെ കാക്ക വളർത്തുന്നു. താറാവിന്റെ കുഞ്ഞിനെ കോഴി പരിപാലിക്കുന്നു. ആർട്ടിക് പ്രദേശങ്ങളിൽ പെൻഗ്വിൻ കുഞ്ഞുങ്ങളെ വളർത്തുമ്പോഴും അവരിലെ ആൺവർഗ്ഗം തുല്യപങ്കു വഹിക്കാറുണ്ട്. പ്രകൃതിയുടെ ജീവജാലങ്ങളിൽ എല്ലാ ചേതന വസ്തുക്കളിലും മാതൃഭാവം ഉണ്ടെന്നിരിക്കെ ഇത് പ്രസവിക്കാൻ കഴിവുള്ള മനുഷ്യസ്ത്രീകളിൽ മാത്രമാക്കി ഒതുക്കുന്നത് കവിഭാവനയുടെ തെറ്റുകളിലൊന്നുമാത്രമാണ്.

കേട്ടുശീലിച്ചതുകൊണ്ട് നമുക്ക് തോന്നിപ്പോയ ഒരു തെറ്റിദ്ധാരണ മാത്രമാണ് 'പത്തമ്മ ചമഞ്ഞാലും പെറ്റമ്മയാവില്ല' എന്ന പഴഞ്ചൊല്ല്.



മനുഷ്യകുലം എന്നാൽ ആണും പെണ്ണും എന്നതു മാത്രമല്ല, ട്രാൻസ്ജെൻഡറുകളും ചേർന്നതാണ്. കറുപ്പും വെളുപ്പും മാത്രമല്ല, മഴവില്ലഴകും ചേരുമ്പോഴാണ് മനുഷ്യകുലം പൂർത്തിയാവുക. ട്രാൻസ് സമൂഹത്തിന്റെ നിരവധി വകഭേദങ്ങൾ മഴവിൽ ലൈംഗികതയെ സൂചിപ്പിക്കുന്നു. പ്രസവിക്കാനോ മുലയൂട്ടാനോ സാധ്യമല്ലെങ്കിലും എത്രയോ കുഞ്ഞുങ്ങളെ പോറ്റി വളർത്തുന്നു ട്രാൻസ് സമൂഹം. സ്വന്തം കുടുംബത്തിൽ നിന്നുപോലും ആട്ടിയകറ്റപ്പെട്ട ട്രാൻസ്ജൻഡറുകളാണ് മറ്റൊരു ജീവിതത്തെ ചേർത്തുപിടിക്കുന്നത് എന്നതാണ് അതിലെ മഹനീയത.

ഇന്നത്തെ തിരക്കുപിടിച്ച ലോകത്തിൽ പ്രസവിച്ച അമ്മ തന്നെ കുട്ടിയെ നോക്കുന്നതിനേക്കാൾ എത്രയോ കൃത്യമായി അതേ ജോലി ബാക്കിയുള്ളവർക്കും ഏറ്റെടുക്കാവുന്നതാണ്. അമ്മയായതിന്റെ പേരിൽ, സർഗ്ഗവാസനയും പ്രതിഭയും ജോലി ചെയ്യാനുള്ള വർഷങ്ങളും പാഴാക്കിയ എത്രയോ സ്ത്രീകളുണ്ട്. യഥാർത്ഥത്തിൽ സാംസ്കാരിക നായകന്മാരും കവികളും ചിത്രകാരന്മാരും പാടിപ്പുകഴ്ത്തിയ മാതൃത്വം എന്ന മഹനീയ ചില്ലുകൊട്ടാരം പൊളിക്കുകയാണ് വേണ്ടത്.

മനുഷ്യകുലത്തിലെ ആണിനും പെണ്ണിനും ട്രാൻസിനും ഇച്ഛാശക്തിയോടെ മെച്ചപ്പെട്ട സമൂഹത്തെ വാർത്തെടുക്കണമെങ്കിൽ ഇത്തരം ഫാന്റസികൾ ഇല്ലാതാവണം. തൊഴിൽ വിഭജനം ജൈവിക ഇടങ്ങളിലും ഉണ്ടാവണം. ലോകത്തിന്റെ സുഗമഗതിക്ക് അത് അനിവാര്യമാണ്.

ഇത്ര ധൈര്യമായി പോറ്റമ്മയെ വാഴ്ത്താൻ കഴിയുന്നത് അമ്മയുടെ മരണശേഷം അച്ഛൻ രണ്ടാമത് വിവാഹം കഴിച്ച വ്യക്തിയാണ് 4 വയസ്സു മുതൽ എന്റെ അമ്മ എന്നതിനാലാണ്. 12-ാം വയസ്സിൽ അച്ഛനും നഷ്ടപ്പെട്ടപ്പോഴും ഞാനടക്കമുള്ള മൂന്നു സഹോദരങ്ങൾക്ക് (ആദ്യത്തെ അമ്മയിലുള്ളത്) താങ്ങും തണലുമായതും ചേർത്തുപിടിച്ചതും വിദ്യാഭ്യാസം ചെയ്യിപ്പിച്ചതും വിവാഹം കഴിപ്പിച്ചതും ഒക്കെ ആ അമ്മയായിരുന്നു. അമ്മയുടെ മനസിലായിരുന്നു ഞങ്ങൾ പിറന്നത്. അതിനാൽ തന്നെ ധൈര്യമായ് പറയാം മാതൃത്വം എന്നത് ഊതിപ്പെരുപ്പിച്ച ബലൂണാണ്. രണ്ടാനമ്മ എന്ന പദം തന്നെ ഇല്ലാതാകേണ്ടതുണ്ട്. മാതൃത്വം എന്നത് ഇച്ഛാശക്തിയും സഹിഷ്ണുതയും ഉണ്ടെങ്കിൽ ആരിലും ഉണ്ടാകാവുന്ന സഹജഭാവം മാത്രം. അതിനുണ്ടാവേണ്ടത് മനസ്സുകളുടെ പുരോഗതിയാണ്. അതുണ്ടാവാനുള്ള ശ്രമങ്ങൾ പുതുയുഗത്തിലെ എഴുത്തുകാർക്കിടയിൽ ഉണ്ടാകേണ്ട ചിന്താധാരകളിൽ പ്രാധാന്യമേറിയതാണ്. അത്തരം മാറ്റങ്ങൾ പഴഞ്ചൊല്ലിലെ പതിരുകളെത്തന്നെ ഇല്ലാതാക്കാൻ സഹായകമാവുകയും ചെയ്യും.

ചർച്ചാവിഷയം

**ജിജോ കുര്യാക്കോസ്**

# സ്വവർഗ്ഗാനുരാഗിയുടെ അമ്മ

*ക്വിയരളയുടെ സ്ഥാപകാംഗം*

**മോനേ, മോൻ ചെറുപ്പത്തിൽ പുറത്തൊന്നും കളിക്കാൻ പോവാതെ വീട്ടിൽ തന്നെ ഇരുന്നത് കൊണ്ടാണോ ഇങ്ങനെ ആയിപോയത്, അതോ അമ്മേടെ എന്തേലും കുഴപ്പം കൊണ്ടാണോ എന്നൊക്കെയുള്ള അമ്മേടെ ചോദ്യങ്ങൾ അവർ ചോദിച്ചപ്പോൾ എന്റെ ചങ്കു തകർന്നു പോയി!**

അപ്പനെ അപേക്ഷിച്ച് അമ്മയുമായി അധികമടുപ്പം ഉള്ളതിനാലും ചെറുപ്പത്തിൽ മൂന്നാം ക്ലാസ് വരെ അമ്മേടെ വീട്ടിൽനിന്നു പഠിച്ചതിനാലും ഞാൻ അമ്മയുമായാണ് കൂടുതൽ വൈകാരികമായി ബന്ധപ്പെട്ട് നിൽക്കുന്നത്. പുള്ളിക്കാരീടെ ഏറ്റവും മൂത്ത ആങ്ങളേടെ തനിപകർപ്പാണ് ഞാൻ എന്നുള്ളതും ആ ബന്ധത്തിന് ഊന്ന് നൽകുന്നു. വളർച്ചയുടെ വിവിധഘട്ടങ്ങളിൽ, പ്രത്യേകിച്ചും കൗമാരകാലത്ത് ചുറ്റുവട്ടത്തുള്ള ചെക്കൻമാരോടൊപ്പം ആറ്റിൽ ചാടി നീന്താനും, ചുമ്മാ കറങ്ങാൻ പോവാനും തീരേ താല്പര്യമില്ലാതിരുന്ന എനിക്ക് അമ്മേടെ പാചകനൈപുണ്യം പകർന്നെടുക്കുന്നതിൽ അതീവകൗതുകമുണ്ടായിരുന്നു. കുടംപുളിയിട്ട മീൻകറിയിൽ ഒടുക്കം കുറച്ച് പച്ചവെളിച്ചെണ്ണ ചേർക്കുന്നതും, ഇഞ്ചിപ്പുളിയിൽ ഒരു കഷ്ണം ശർക്കര ഇടേണ്ടതും, കറിക്കൂട്ടുകളുടെ നുറുങ്ങു രഹസ്യങ്ങളും കൃത്യമായി അറിയാൻ കഴിഞ്ഞതും വേറെങ്ങുനിന്നുമല്ല.

അമ്മ കുട്ടനാട്ടുകാരിയാണ്. അവരുടെ അയൽവക്കത്തൊക്കെയുള്ള എടോ, പോടോ രീതിയിലുള്ള അഭിസംബോധനകൾ എനിക്കും ചെറുപ്പത്തിലേ ശീലമായി. ഇപ്പോഴും ആളുകൾ എന്നെ എടാ, പോടാ എന്ന് വിളിക്കുന്നതിൽ പരം അസ്വസ്ഥത എനിക്കുണ്ടാവാറില്ല! എന്ത് കൊണ്ടോ എടോ എന്ന് വിളിക്കുമ്പോൾ ഉള്ള ഊഷ്മളത എടാ വിളിയിൽ എനിക്ക് കിട്ടിയില്ല. അഭിസംബോധനയിൽ കൂടി ഒരാളുടെ ജൻഡർ ഉറപ്പിക്കേണ്ടതില്ല എന്ന പാഠം അറിയാതെയറിഞ്ഞത് എന്നുള്ളതാണ് അമ്മേടെ വീട്ടിൽ നിന്ന് ബാല്യം ചെലവഴിച്ചതിൽ നിന്നും എനിക്കുൾക്കൊള്ളാനായ ഏറ്റവും വലിയകാര്യം എന്ന് പറയാതെ വയ്യ! വിവാഹമുറപ്പിച്ചതിനു ശേഷം ഞാൻ സ്വവർഗാനുരാഗിയാണെന്നു ചില ബന്ധുക്കളുടെ സാനിധ്യത്തിൽ തന്നെ ഞങ്ങളുടെ ഗാർഹിക ഇടത്തിൽ ഞാൻ തുറന്നു പറഞ്ഞപ്പോൾ എല്ലാവരും ഞെട്ടിയെങ്കിലും അമ്മേടെ കണ്ണിൽ ആ ഞെട്ടൽ കണ്ടില്ല; മറിച്ചു പണ്ടേ ഇതറിയാമായിരുന്നു എന്ന മൃദുപ്രതികരണമാണുണ്ടായത്. ഞാൻ വീട്ടിലുള്ളപ്പോൾ ആൾ സാരിയുടുക്കുമ്പോൾ ജിജോമോനെ ഒന്നിങ്ങു വന്നേ, ഈ സാരീടെ പ്ലീറ്റ്സ് ഒന്ന് ഞൊറിഞ്ഞു തന്നേ എന്നുള്ള വിളി ഇപ്പോഴും തുടരുന്നു. ഗാർഹിക ഇടത്തിൽ വളരെയടുത്ത മിത്രങ്ങളെപോലെ പല കാര്യങ്ങളും സംസാരിച്ചിരുന്ന എന്റെ മാതാപിതാക്കളുമായും ഇളയ രണ്ടു സഹോദരന്മാരുമായി എന്റെ ഗേ



ഐഡന്റിറ്റി തുറന്നു പറഞ്ഞതിന് ശേഷം കുറച്ചു മാസങ്ങൾ ഞാൻ ഒട്ടും അടുപ്പത്തിലായിരുന്നില്ല എന്നുള്ളത് ഈറൻ മിഴികളോടെയല്ലാതെ ഓർത്തെടുക്കാൻ സാധിക്കില്ല. മലയാളി ഗാർഹിക ഇടങ്ങളിൽ സ്വവർഗാനുരാഗികൾക്കു സ്വീകാര്യതയില്ലാത്തത് ആരുടെ തെറ്റാണ്? മോനേ, മോൻ ചെറുപ്പത്തിൽ പുറത്തൊന്നും കളിക്കാൻ പോവാതെ വീട്ടിൽ തന്നെ ഇരുന്നത് കൊണ്ടാണോ ഇങ്ങനെ ആയിപ്പോയത്, അതോ അമ്മേടെ എന്തേലും കുഴപ്പം കൊണ്ടാണോ എന്നൊക്കെയുള്ള ചോദ്യങ്ങൾ അവർ ചോദിച്ചപ്പോൾ എന്റെ ചങ്കു തകർന്നു പോയി! ഞാൻ വീട്ടിൽ ചെല്ലാതായതു കൊണ്ടുള്ള മാനസികസമ്മർദ്ദം കാരണം ക്ഷീണിതയായി 'അമ്മ കുറച്ചു ദിവസങ്ങൾ ആശുപത്രിയിലായിരുന്നിട്ട് കൂടി പോയി കാണാൻ എനിക്ക് പറ്റിയില്ല. എന്ത് പറയണം എന്നെനിക്കറിയില്ലാരുന്നു. തുറന്നു പറച്ചിലിന് ശേഷം ആവേശം കാരണം ഒരുതരം വാശിയായിരുന്നു എല്ലാവരോടും. ഗേ ഐഡന്റിറ്റി വെളിപ്പെടുത്തിയ സുഹൃത്തുക്കൾ അനുഭവിക്കുന്ന മാനസികസ്വാതന്ത്ര്യം ഒരു വശത്തു എന്നെ ആകർഷിച്ചപ്പോൾ മറ്റുചിലർ അതുമൂലം അനുഭവിക്കുന്ന ഗുരുതരപ്രശ്നങ്ങൾ എന്നെ പിന്നോട്ട് വലിച്ചു. കുറേ മാസങ്ങളുടെ ആലോചനകൾക്കു ശേഷം അമ്മയുമായി വീണ്ടും ദൈനംദിന മൊബൈൽ സംഭാഷണങ്ങൾ ആരംഭിച്ചു. വളർത്തി വലുതാക്കിയ അപ്പന്റേം അമ്മേടേം സാമൂഹിക മാനം വെച്ച് വൈകാരിക വിലപേശൽ നടത്തുമെന്ന് പ്രതീക്ഷിച്ച എനിക്ക് തെറ്റി, മോന് സന്തോഷമല്ലേ എന്ന ഒറ്റ ചോദ്യത്തിൽ മാസങ്ങളോളം അവരുമായി മിണ്ടാതിരുന്നത് കൊണ്ടുള്ള എന്റെ അടക്കിവെച്ച വിഷമം അണപൊട്ടി. ആ സന്ധ്യക്ക് കരഞ്ഞത്രയും ഞാൻ ജീവിതത്തിൽ കരഞ്ഞിട്ടില്ല. തൊട്ടടുത്ത ദിവസം തന്നെ അവധിയെടുത്തു വീട്ടിലേക്കു പോയി. വെണ്ടയ്ക്ക കണ്ണെടുത്താൽ കണ്ടൂടാത്ത എന്നോട് വീട്ടിൽ കേറിച്ചെന്നപ്പോൾ തന്നെ ഇന്ന് ജിജോമോന് ഏറ്റോം ഇഷ്ടമുള്ള വെണ്ടയ്ക്കകറി വെച്ചിട്ടുണ്ടെന്നു പറഞ്ഞാണ് എന്നെ വാരിപുണർന്നത്. അമ്മേടെ അത്തരം നുറുങ്ങു സരസഭാഷ്യങ്ങൾ തന്നെയാണ് അവരുടെ പ്രത്യേകതയും. വർഷങ്ങൾക്കിപ്പുറം എന്റെ പങ്കാളിയെ വീട്ടിൽ കൊണ്ടുചെന്നപ്പോൾ പുള്ളിക്കാരി ഇതേ സരസത പ്രയോഗിച്ചു! കൂട്ടാനൊന്നും വെക്കാനറിയാത്ത എന്റെ ആളോട് (അവനു പാചകം വശമില്ലെന്നു അമ്മക്ക് അറിയാവുന്നതാണ്) അമ്മ മോന് മീൻകറി ഒക്കെ വെക്കാനറിയാവോ എന്ന് നീട്ടിയൊരു ചോദ്യം. ഇല്ലെന്നു അവൻ പറഞ്ഞപ്പോൾ, സാരമില്ല ജിജോയുണ്ടല്ലോ കറിവെക്കാൻ മോൻ കഴിച്ചാൽ മതിയെന്ന പ്രതികരണം എന്റെ പങ്കാളിയെ കുറച്ചൊന്നുമല്ല അമ്പരപ്പിച്ചത്.

അനിയന്മാരുടെ രണ്ടു പേരുടെയും വിവാഹം കഴിഞ്ഞപ്പോൾ അമ്മ മോനെ നിങ്ങൾക്കൊരുമിച്ചു ജീവിക്കാനുള്ള നിയമമൊക്കെ ശരിയാവുമോ എന്നൊരു ദിവസം ചോദിച്ചു. വിഷയത്തിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ പരമാവധി അവതരിപ്പിക്കാൻ എനിക്കാവുകയും ഞാൻ ജീവിതത്തിൽ ഒറ്റക്കായി പോവില്ല എന്ന് അവർക്കു ഏറക്കുറെ ബോധ്യമാവുകയും ചെയ്തു. ഇളയ അനുജന്റെ കല്യാണത്തിന് എന്റെ പങ്കാളിയെ



പ്രത്യേകം അവർ ക്ഷണിച്ചതും ഇടക്കിടെ ആൾടെ കാര്യങ്ങൾ തിരക്കുന്നതുമൊക്കെ എനിക്ക് ചിന്തിക്കാവുന്നതിലുമപ്പുറമായ സ്വീകാര്യതയാണ്. എങ്കിലും അപ്പന്റെയും സഹോദരങ്ങളുടെയും ഇവരുമായൊക്കെ വളരെ അടുത്ത് കഴിയുന്ന അയൽക്കാരായ ബന്ധുക്കളുടേയുമൊക്കെ ഈ വിഷയത്തോടുള്ള സമീപനനും അനാവശ്യ ഉപദേശങ്ങളും കാരണം ഞാൻ കുടുംബവുമായി അത്യാവശ്യം അകൽച്ച നിലനിർത്തുന്നുണ്ട്. ബന്ധുക്കളുടെ വീട്ടിലെ ചടങ്ങുകൾക്കൊക്കെ പോവുമ്പോൾ നേരിടുന്ന ചോദ്യങ്ങൾ അമ്മയപ്പന്മാരെ വല്ലാതെ ബുദ്ധിമുട്ടിക്കുമ്പോൾ അതിന്റെ വിഷമം എന്നോട് പറയും. അവരോടൊക്കെ പോവാൻ പറ എന്നെനിക്കു

പറയാമെങ്കിലും വീട്ടുകാർക്ക് അത് പറ്റില്ല എന്നുള്ളത് ഒരു യാഥാർഥ്യമാണ്. ഈ അവസ്ഥ തരണം ചെയ്യാൻ സാധിക്കാത്തതും തന്മൂലം നേരിടേണ്ടി വരുന്ന ബുദ്ധിമുട്ടുകളും ഭയന്ന് തന്നെയാണ് ഓരോ സ്വവർഗാനുരാഗിയും തന്റെ കാര്യം തുറന്നു പറയണോ വേണ്ടയോ എന്നാലോചിച്ചു ഓരോ ദിവസവും നീറി കഴിയുന്നത്. നമ്മുടെ എൽ.ജി.ബി.റ്റി.ഐ സപ്പോർട്ട് ഗ്രൂപ്പ് ആയ ക്വിയരളക്കു ഓരോ ദിവസവും ഹെൽപ് ലൈൻ വഴി ലഭിക്കുന്ന

അവയൊക്കെ വിശദമായി അവർ വായിച്ചുമനസ്സിലാക്കി എന്നുള്ളത് വളരെ സന്തോഷം നൽകി എന്ന് മാത്രമല്ല പിന്നീട് ഇതേ ക്കുറിച്ചു എന്നെ ഉപദേശിക്കുന്നതോ, കല്യാണത്തിന് നിർബന്ധിക്കുന്നതോ, പൊതു ഇടപെടലുകൾക്ക് വിലക്ക് കല്പിക്കുന്നതോ അവർ നിർത്തി. തന്റെ മകൻ തെറ്റായ കാര്യമല്ല ചെയ്യുന്നതെന്ന് അവർ സ്വയം മനസ്സിലാക്കി എന്നറിഞ്ഞതിൽ പരം ആനന്ദം എനിക്കിന്നുമില്ല.




**അമ്മേടെ അത്തരം നുറുങ്ങു സരസഭാഷ്യങ്ങൾ തന്നെയാണ് അവരുടെ പ്രത്യേകതയും. വർഷങ്ങൾക്കിപ്പുറം എന്റെ പങ്കാളിയെ വീട്ടിൽ കൊണ്ടുചെന്നപ്പോൾ പുള്ളിക്കാരി ഇതേ സരസത പ്രയോഗിച്ചു! കൂട്ടാനൊന്നും വെക്കാനറിയാത്ത എന്റെ ആളോട് (അവനു പാചകം വശമില്ലെന്നു അമ്മക്ക് അറിയാവുന്നതാണ്) അമ്മ മോന് മീൻകറി ഒക്കെ വെക്കാനറിയാവോ എന്ന് നീട്ടിയൊരു ചോദ്യം. ഇല്ലെന്നു അവൻ പറഞ്ഞപ്പോൾ, സാരമില്ല ജിജോയുണ്ടല്ലോ കറിവെക്കാൻ മോൻ കഴിച്ചാൽ മതിയെന്ന പ്രതികരണം എന്റെ പങ്കാളിയെ കുറച്ചൊന്നുമല്ല അമ്പരപ്പിച്ചത്.**

അന്വേഷണങ്ങളുടെ പ്രധാനവശവും ഇത് തന്നെ. താൻ സ്വവർഗാനുരാഗിയാണെന്ന് വീട്ടിൽ തുറന്ന് പറയണമെന്ന് അതിയായ ആഗ്രഹമുള്ളപ്പോഴും അതിനു യാതൊരു തരത്തിലും സാധിക്കാത്ത അവസ്ഥ വിശദീകരിക്കാവുന്നതിനുമപ്പുറമാണ്! ചില മാസങ്ങൾക്കു ശേഷം വിഷയവുമായി ബന്ധപ്പെട്ട അധിക പൊതു ഇടപെടലുകളും മാധ്യമചർച്ചകളിൽ പങ്കെടുക്കുന്നതും നിരന്തരമായി ഇതിനെക്കുറിച്ചു സംസാരിക്കുന്നതും വീട്ടുകാർക്ക് അടുത്ത ആശങ്കക്കുള്ള വകുപ്പ് നൽകിയപ്പോൾ അമ്മ ചോദിക്കുകയുണ്ടായി, നാട്ടുകാരെ മൊത്തം നന്നാക്കാൻ സാധിക്കുമോന്നു; ഞാൻ മറുപടി ഒന്നും പറഞ്ഞില്ല. അടുത്തിടെയുള്ള ചില മാധ്യമങ്ങളിൽ എന്റെ എഴുത്തുകൾ വന്നപ്പോൾ

ഇതിന്റെ അടുത്ത പടിയെന്നോണവും മറ്റു സുഹൃത്തുകൾക്ക് ഒരു കൈത്താങ്ങേന്നോണം ഒരു പരീക്ഷണ ഒത്തുചേരൽ ഞങ്ങൾ ഈയിടെ നടത്തുകയുണ്ടായി. മലയാളികളായിട്ടുള്ള സ്വവർഗാനുരാഗികളുടെയും (എൽ.ജി.ബി.റ്റി ആളുകളുടെയും) മാതാപിതാക്കളുടെയും ഒരു സ്വകാര്യ ഒത്തുചേരൽ. പ്രധാനമായും ഗേ സുഹൃത്തുക്കളുടെ അച്ഛനമ്മമാർ പങ്കെടുത്ത ആ ഒത്തുചേരൽ തികച്ചും വികാരവിസ്ഫോടനത്തിൽ കലാശിച്ചു. ഇതിൽ പങ്കെടുക്കാൻ എന്റെ അമ്മയേയും വിളിച്ചിരുന്നു എങ്കിലും അവർ വന്നില്ല, കാരണം ഞാൻ തിരക്കിയതുമില്ല അവർ പറഞ്ഞതുമില്ല. ഈ ഒത്തുചേരലിൽ ഒരു അമ്മ ആവർത്തിച്ച് നമ്മുടെ ഒത്തുചേരലിനെയും കൂട്ടായ്മയെയുംകുറിച്ച് അങ്ങേയറ്റം മോശമായി

പരാമർശിക്കുകയും ഇത്തരം കൂട്ടായ്മകൾ സമൂഹത്തിൽ മാന്യമായി ജീവിക്കുന്ന അവരെപോലെയുള്ള കുടുംബങ്ങളെ താറടിച്ചു കാണിക്കാനാണ് ശ്രമിക്കുന്നതെന്ന് പറയുകയും നിങ്ങൾ അറിവുള്ള പിള്ളേരല്ലേ, ഇതൊക്കെ നിർത്തി നന്നായി ജീവിച്ചൂടെ മാതാപിതാക്കളെ നാണക്കേടുത്തനായിട്ടു എന്ന് ആക്രോശിച്ചു. ഈ ഒത്ത് ചേരലിന്റെ ഇടക്ക് ഇറങ്ങി പോവുകയും. എന്നാൽ മറ്റൊരു ഗേ സുഹൃത്തിന്റെ അമ്മയാകട്ടെ തന്റെ മകൻ ഗേ ആണെന്ന് അവരോടു തുറന്നു പറഞ്ഞപ്പോളുണ്ടായ മാനസികാവസ്ഥ വളരെ ഊഷ്മളമായി പങ്കു വെക്കുകയാണുണ്ടായത് . തന്റെ മകൻ സ്വവർഗപ്രേമിയാണെന്ന് തനിക്ക് നേരത്തേയറിയാൻ സാധിച്ചില്ലല്ലോ എന്നോർത്തായിരുന്നു തനിക്കു ഖേദം എന്ന് പറഞ്ഞാണ് അധ്യാപികയായ ആ അമ്മ നന്നേ വിതുമ്പിയത്. സ്വീകാര്യതയുടെ രണ്ടറ്റങ്ങൾ തെളിഞ്ഞു വന്നു ഈ ഒത്തു ചേരലിൽ! തങ്ങളേക്കാൾ മികച്ച ജീവിതസാഹചര്യങ്ങളിൽ മക്കൾ ജീവിക്കണമെന്ന് ആഗ്രഹിക്കുന്ന അച്ഛനമ്മമാർ മക്കളുടെ സ്വകാര്യതക്കും അവരുടെ ലൈംഗികതയ്ക്കും നൽകേണ്ട ബഹുമാനം എന്തായിരിക്കണമെന്നും അത്തരം ബഹുമാനത്തിന്റെ അനുകൂലവശം ഒരു അടഞ്ഞ മുറിയിൽ നന്നേ വെളിപ്പെട്ടപ്പോൾ ഒത്തുചേർന്ന ഞങ്ങൾ സ്വവർഗാനുരാഗികളായ ആണുങ്ങൾ കരഞ്ഞു, ചിലർ ആർത്തലച്ചു!

സ്വവർഗാനുരാഗികളായ ആണുങ്ങൾ അവരുടെ അമ്മമാരുമായി കൂടുതൽ അടുത്തു നിൽക്കും എന്നുള്ളത് എന്റെ കാര്യത്തിൽ അച്ചട്ടാണ്! അമ്മയുടെ സകലവിധ പെരുമാറ്റരീതികളും പകർന്നു കിട്ടിയത് കൊണ്ടുമാത്രമല്ല മറിച്ച്, പല കാര്യങ്ങളിലും ഫലം എന്ത് തന്നെയായാലും പ്രതികരിക്കുന്നതാണ് ശരി എന്ന് പറയാതെ പഠിപ്പിച്ചതും അമ്മയാണ്. മൂന്നു ആൺമക്കളുള്ള ആൾക്ക് ഒരു മരുമകനെ കിട്ടുന്നത് അവരുടെ മൂത്തമകൻ വഴിയാണെന്നുമുള്ള എന്റെ പറച്ചിൽ സഫലമാവട്ടെ. എന്റെയും എന്റെ ഗേ പാർട്ട്നറുടെയും പ്രണയത്തിന്റെ സൂചകമായി, അനുകൂല നിയമം ഇന്ത്യയിൽ പ്രാബല്യത്തിൽ വന്നില്ലെങ്കിൽ കൂടി, ഞങ്ങൾ ഞങ്ങളുടെ കമ്മ്യുണിറ്റി സുഹൃത്തുക്കളുടേയും വിഷയത്തെ മനസ്സിലാക്കി ആത്മാർത്ഥമായി പിന്തുണക്കുന്ന ചുരുക്കം ചില ആളുകളുടെയും സാന്നിദ്ധ്യത്തിൽ ഒരു അനൗദ്യോഗിക ഒത്തു ചേരൽ രണ്ടു-മൂന്നു വർഷത്തിനുള്ളിൽ നടത്താനാഗ്രഹിക്കുന്നു; ഒരു സ്വപ്ന-വിവാഹസൽക്കാരം പോലെ. അതിൽ അപ്പനമ്മാരേയും ക്ഷണിക്കും, വരുമെന്നു കരുതുന്നു. ഇതൊക്കെ എഴുതുമ്പോഴും എനിക്ക് സാധിച്ച തുറന്നു പറച്ചിൽ പറ്റാതെ ജീവിതത്തിൽ എങ്ങുമെത്താതെ പോവുന്ന, നിർബന്ധിത

**തന്റെ മകൻ ഗേ ആണെന്ന് അവരോടു തുറന്നു പറഞ്ഞപ്പോളുണ്ടായ മാനസികാവസ്ഥ വളരെ ഊഷ്മളമായി പങ്കു വെക്കുകയാണുണ്ടായത് . തന്റെ മകൻ സ്വവർഗപ്രേമിയാണെന്ന് തനിക്ക് നേരത്തേയറിയാൻ സാധിച്ചില്ലല്ലോ എന്നോർത്തായിരുന്നു തനിക്കു ഖേദം എന്ന് പറഞ്ഞാണ് അധ്യാപികയായ ആ അമ്മ നന്നേ വിതുമ്പിയത്. സ്വീകാര്യതയുടെ രണ്ടറ്റങ്ങൾ തെളിഞ്ഞു വന്നു ഈ ഒത്ത് ചേരലിൽ!**

ഹെറ്ററോസെക്ഷ്വൽ വിവാഹങ്ങളിൽ അകപ്പെട്ട് തങ്ങൾ എന്താണോ അതായി ജീവിക്കാൻ സാധിക്കാതെ പോവുന്ന സ്വവർഗാനുരാഗികളെക്കുറിച്ചോർക്കാതെ വയ്യ. ഇത് വായിക്കുന്ന അമ്മമാർ ഉണ്ടെങ്കിൽ നിങ്ങളുടെ മക്കൾ സ്വവർഗാനുരാഗികൾ ആണെങ്കിൽ ദയവു ചെയ്തു അവരെ നിങ്ങളുടെ സ്വാർത്ഥതക്കു വേണ്ടി ബലിയാടാക്കരുത്. സാമ്പ്രദായിക ആണത്തം നിർബന്ധമായും പ്രകടിപ്പിക്കുന്നില്ല എന്നതോ അതിന്റെ അവശ്യപ്രകടനമായ പെണ്ണിനെ കല്യാണം കഴിച്ചു കുട്ടികളെ ഉൽപ്പാദിപ്പിക്കുന്നില്ല എന്നുള്ളതോ ഒഴിച്ചാൽ ഞങ്ങൾ സ്വവർഗാനുരാഗികൾ എങ്ങിനെയാണ് നിങ്ങളുടെയൊക്കെ ഇഷ്ടങ്ങൾക്കു നിഷിദ്ധരാവുന്നത്? . നിങ്ങൾ ഓരോരുത്തരെടെയും നിസ്സംഗത ഞങ്ങളുടെ അതിജീവനത്തിനെയാണ് വളരെ സാരമായി ബാധിക്കുന്നെതെന്നോർക്കുക. സ്വവർഗാനുരാഗം ഒരു കുറവോ, സ്വഭാവദൂഷ്യമോ അല്ലെന്നും മറിച്ചു സാമൂഹിക സ്വീകാര്യതയില്ലാത്തത് കൊണ്ടുമാത്രം ഉൾവലിഞ്ഞു ജീവിക്കേണ്ടി വരുന്ന ഒരു അവസ്ഥയുമാണെന്നും മനസ്സിലാക്കുക. ഇതിനു മാറ്റം വരുത്താൻ നമുക്കോരോരുത്തർക്കും സാധിക്കട്ടെ, പ്രത്യേകിച്ചും അമ്മമ്മാർക്ക്. എന്റെ അമ്മക്കിത് സാധിച്ചെങ്കിൽ ചില അമ്മമാർക്കെങ്കിലും ഇതിനു സാധിക്കും.

ചർച്ചാവിഷയം

*മായ പ്രമോദ്*



*എഴുത്തുകാരി, ദലിത് പ്രവർത്തക,ഗവേഷക വിദ്യാർത്ഥിനി*



# അസംഘടിത തൊഴിലിടങ്ങളിലെ അമ്മമാർ

രാവിലത്തെ ബസ്സ് യാത്രയിൽ എന്നും കാണുന്ന ഒരു കാഴ്ചയാണ് ബസ്സിനകത്തും പിന്നീട് വടക്കാഞ്ചേരി എന്ന സ്ഥലത്തെത്തുമ്പോൾ ബസ്സ്സ്റ്റാന്റിന് അകത്തും പുറത്തുമൊക്കെയായി ഏതെങ്കിലും ഒരു കോണിലായി കുറേ സ്ത്രീകളെ. ബസ്സിനകത്തും ഇവരുടെ ഒരു കൂട്ടം തന്നെയുണ്ട്. രാവിലത്തെ ജോലികളുടെയും പ്രാരാബ്ദങ്ങളുടെയും ഒരുനുഭവ കഥ തന്നെ പറഞ്ഞുകൊണ്ട് തങ്ങളുടെ ജോലികളായ വാർക്കപണികൾക്കും വീട്ടുജോലികൾക്കുമായി ഇറങ്ങുന്നതാണ് ഈ സ്ത്രീകൾ. ഇവർ കൂട്ടമായി കാത്ത് നിൽക്കുന്നത് തങ്ങളുടെ തൊഴിലിന്റെ ഇടനിലക്കാരെയാണ്. രാവിലെ 7.30നു തുടങ്ങുന്ന വാർക്കപണികളും കൂലിതൊഴിലുകളുമായി വൈകുന്നേരം ആറു വരെ അവർ തിരക്കിലാണ്. ഒരു ദിവസത്തെ ഈ സ്ത്രീകളുടെ കൂലി എന്നത് 600-650 രൂപയാണ്. അതേ തൊഴിലിന് ഇവിടെത്തെ ഒരു പുരുഷന് കൊടുക്കുന്ന കൂലി 1000-1200 വരെ

ആകുമ്പോഴാണ് ഒരു സ്ത്രീക്ക് 650 രൂപയും കൊടുത്ത് അവളുടെ ജിവിത ചെലവുകളെ നിയന്ത്രിക്കാൻ സമൂഹം അവളെ പഠിപ്പിക്കുന്നത്.

വളരെ യാദൃശ്ചികമായാണ് വാർക്കപ്പണിക്കുപോകുന്ന ബിന്ദു എന്ന ചേച്ചിയുമായി സംസാരിക്കാൻ ഇടയായത്. സ്ഥിരം യാത്രക്കാരായതുകൊണ്ടും യാത്ര ഒരു മണിക്കൂർ ദൈർഘ്യമുള്ളതു കൊണ്ടുമാണ് ഞങ്ങൾ കൂടുതൽ സംസാരിക്കാൻ ഇടയായത്. പലതും പറയുന്ന കൂട്ടത്തിലായിരുന്നു ചേച്ചിയുടെ പണിയുടെ അനുഭവങ്ങൾ പറയാൻ തുടങ്ങിയത്. രാവിലെ നാലു മണിക്ക് ഉണർന്ന് മക്കൾക്കും ഭർത്താവിനുമുള്ള ഭക്ഷണം തയ്യാറാക്കിവെച്ച് മറ്റു പണികൾ തീർത്തിട്ടാണ് അവർ ഏഴ് മണിയുടെ ബസ്സിന് വന്ന് കയറുന്നത്. പണികൾ എന്നും ഉണ്ട്. പണികൾ

**ഒരു ദിവസത്തെ കൂലിയിൽ മുടങ്ങാവുന്ന തങ്ങളുടെ മക്കളുടെ വിദ്യാഭ്യാസവും സാഹചര്യങ്ങളും വളരെ പ്രധാനമാണെന്നുള്ളതുകൊണ്ടും കൂലി കുറവ് ഒരു പ്രശ്നമാണെങ്കിലും അതൊരു പ്രശ്നമല്ലാതെ പോകുവാൻ അവർ ശ്രമിക്കുന്നുണ്ടെന്നുള്ളതും അവരുടെ വാക്കുകളിൽ നിന്ന് മനസ്സിലായി.**




നടക്കുന്ന സൈറ്റുകളിൽ ഇവർ ഹെൽപ്പർമാരാണ്. സിമന്റു കൂട്ടുക, ഇഷ്ടിക, കട്ട എന്നിവ എടുക്കുക തുടങ്ങി ചിലപ്പോൾ പണിയുന്ന വീടുകൾ രണ്ടു നിലകളാണെങ്കിൽ ഇവ ചുമന്നുകൊണ്ട് കയറിയിറങ്ങി നടുവിന്റെ കാര്യം പോക്കാണെന്നാണ് അവർ പറയുന്നത്. രാവിലെ

എട്ടു മണിക്ക് തുടങ്ങുന്ന പണി തീരാൻ വൈകുന്നേരം ആറര ആകും. കുറഞ്ഞ കൂലിയുടെ കാര്യത്തിൽ ചോദ്യങ്ങളുണ്ടായാൽ പിന്നെ ഈ ഇടനിലക്കാരൻ എന്നല്ല മറ്റാരും വിളിക്കുകയുമില്ല. അതുകൊണ്ടു തന്നെ കിട്ടുന്ന കാശുമായി അന്നത്തെ വീട്ടാവശ്യത്തിനുള്ള പച്ചക്കറിയും സാധനങ്ങളുമായി വീട്ടിലെത്താറാണ് പതിവായ അനുഭവമെന്നും അവർ പറഞ്ഞു. മാത്രമല്ല, ഒരു ദിവസത്തെ കൂലിയിൽ മുടങ്ങാവുന്ന തങ്ങളുടെ മക്കളുടെ വിദ്യാഭ്യാസവും സാഹചര്യങ്ങളും വളരെ പ്രധാനമാണെന്നുള്ളതുകൊണ്ടും കൂലി കുറവ് ഒരു പ്രശ്നമാണെങ്കിലും അതൊരു പ്രശ്നമല്ലാതെ പോകുവാൻ അവർ ശ്രമിക്കുന്നുണ്ടെന്നുള്ളതും അവരുടെ വാക്കുകളിൽ നിന്ന് മനസ്സിലായി. കെട്ടിടം വർക്കേഴ്സിന് സംഘടനയൊന്നും ഇല്ലേ എന്ന ചോദ്യത്തിന് 'സംഘടനയൊക്കെ ഉണ്ടെങ്കിലും കെട്ടിടം പണിക്കാരായ സ്ത്രീകൾ അവരുടെ പരിപാടികൾക്ക് ആളെക്കൂട്ടാനുള്ളവരാണെന്നാണ് അവർക്ക് തോന്നിയിട്ടുള്ളത്.

ഇനി വീട്ടുജോലി ചെയ്യുന്ന സ്ത്രീകളുടെ കാര്യത്തിലേയ്ക്ക് വന്നാലോ, ഇന്ന് കേരളത്തിൽ ഏറിയ പങ്കും ദലിത്സ്ത്രീകൾ വീട്ടു ജോലികൾ ചെയ്ത് കുടുംബം പോറ്റുന്നു. ഭർത്താവ് ഇല്ലാത്തവർ, അവിവാഹിത അമ്മമാർ, ഭർത്താവ് ഉണ്ടായിട്ടും തങ്ങളുടെ മക്കളുടെ നല്ല വിദ്യാഭ്യാസത്തിനായി വീട്ടുജോലിക്ക് ഇറങ്ങുന്നവർ ആണ്. ഇവർ തന്നെ ദൂരെ സ്ഥലങ്ങളിൽ തങ്ങളുടെ കുടുംബത്തെ വിട്ടുകൊണ്ട് ഹോം നേഴ്സായി ജോലി ചെയ്യുന്നവരുമുണ്ട്. ഇവരുടെ തൊഴിൽ സാഹചര്യങ്ങൾ സുരക്ഷിതമായ ജോലി ഇടങ്ങളല്ല. വിവിധ തരത്തിലുള്ള ശാരീരിക മാനസിക പീഢനങ്ങളെ എതിർക്കുമ്പോൾ അവ മോഷണ കേസുകളായും ഇവർക്കു മേലെ വരാറുണ്ട്. ഇത്തരം ജോലി ചെയ്യുന്ന അമ്മമാരുടെ ഇടയിൽ ഒരു സംഘടനാ സംവിധാനം ഇല്ലായെന്നുള്ളതും ഇവരുടെയിടയിലുള്ള ചൂഷകന്മാരെ കൂട്ടുന്നു. ഒരു സംഘടനാ സംവിധാനത്തിലേക്ക് പോകുവാനുള്ള കൂട്ടായ്മ ഉണ്ടെങ്കിലും വിവിധ സാഹചര്യങ്ങളിൽ നിന്നുള്ള സ്ത്രീകളായുകൊണ്ടു തന്നെ അതത്ര എളുപ്പമുള്ള കാര്യമായി അവർ കരുതുന്നുമില്ല.

മറ്റൊരു പ്രധാന തൊഴിലിടം എന്നത് സെയിൽസ് ഗേൾസിന്റെ ജീവിതമാണ്. ചെറിയ തുണികടകൾ തൊട്ട് വലിയ വസ്ത്ര ശാലകളിൽ വരെ ജോലി ചെയ്യുന്ന സ്ത്രീകളുടെ അനുഭവങ്ങളും അവരുടെ അതിജീവനവും അടുത്ത കാലത്ത് പത്രങ്ങളും മറ്റു നവമാധ്യങ്ങൾ വഴിയും നമ്മൾ ചർച്ചചെയ്തുകൊണ്ടിരിക്കുന്നതാണ്. ജോലി സമയം എന്നത് തന്നെ രാവിലെ 8.30 തൊട്ട് രാത്രി 8.00 വരെയാണ്. ഈ സമയങ്ങളിൽ മൊബൈൽ ഉപയോഗിക്കാൻ പാടില്ല മുതൽ ബാത്ത് റൂം ഉപയോഗിക്കുന്നതിനു പോലും വിലക്കുകളുണ്ട്. മാത്രമല്ല ഈ പ്രവർത്തന സമയത്തിൽ ഒരിക്കലും ഇവർ ഇരിക്കാൻ പാടില്ല എന്ന അലിഖിത നിയമം കൂടെ ഇവിടെയുണ്ട് എന്നതാണ് ഏറ്റവും വലിയ മനുഷ്യവകാശ ലംഘനം. ജോലി തുടങ്ങി പതിമൂന്ന് മണിക്കൂർ വരെ ഇരിക്കാതെ തങ്ങളുടെ ശാരീരിക ക്ഷമതയെ പോലും ബാധിക്കുന്ന മൂത്രം പിടിച്ചുവെച്ചുകൊണ്ട് അത്യാവശ്യ സമയങ്ങളിൽ മാത്രം ബാത്ത് റൂം ഉപയോഗിക്കുക എന്നതാണ് മാനേജർമാരുടെ മാനസികപീഡനങ്ങളിൽ നിന്നും രക്ഷനേടാൻ ഇവർ ചെയ്യുന്നത്. ചെറുകടകളിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ കാര്യത്തിലും വ്യത്യാസം ഒന്നും തന്നെയില്ല. തങ്ങളുടെ പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കാൻ തക്കവണ്ണം ബാത്ത് റൂമോ മറ്റ് സാഹചര്യങ്ങളോ ഈ കടകളിൽ ഒന്നുംതന്നെ ഉണ്ടാവുകയുമില്ല. അവർ പ്രധാനമായും വൃത്തിഹീനമായ സാഹചര്യത്തിലുള്ള കംഫർട്ട് സ്റ്റേഷനുകളെയാണ് ആശ്രയിക്കുന്നത്. ഇതു തന്നെ അവർക്ക് പലവിധ അപകടങ്ങളും വരുത്തിവെയ്ക്കാറുണ്ട്.

നമ്മൾ എല്ലാ കാലവും ചെയ്യുന്നത്, പറയുന്നത് സ്ത്രീകളുടെ അവകാശങ്ങളെ കുറിച്ചാണ്. ഉറപ്പായും, സ്ത്രീകളുടെ സഞ്ചാര സ്വാതന്ത്ര്യം, വസ്ത്ര സ്വാതന്ത്ര്യം അങ്ങനെ ഒരുപാട് കാര്യങ്ങളെക്കുറിച്ചാണ്. എന്നാൽ ഇതിൽ എവിടെയാണ് അംസഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്ന അമ്മമാർ? അതിൽ തന്നെ മൂന്നു നേരത്തെ ആഹാരത്തിനായി സവർണ്ണ അടുക്കളയിൽ ജോലി ചെയ്യുന്ന ആ അമ്മമാർ, തങ്ങളുടെ മക്കളുടെ മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനായി 8 മണിക്കൂർ മുതൽ 13 മണിക്കൂർ വരെ വാർക്ക പണികൾ തൊട്ട്

**ജോലി തുടങ്ങി പതിമൂന്ന് മണിക്കൂർ വരെ ഇരിക്കാതെ തങ്ങളുടെ ശാരീരിക ക്ഷമതയെ പോലും ബാധിക്കുന്ന മൂത്രം പിടിച്ചുവെച്ചുകൊണ്ട് അത്യാവശ്യ സമങ്ങളിൽ മാത്രം ബാത്ത് റൂം ഉപയോഗിക്കുക എന്നതാണ് മാ നേജർമാരുടെ മാ നസികപീഢനങ്ങളിൽ നിന്നും രക്ഷനേടാൻ ഇവർ ചെയ്യുന്നത്.**

വലിയ കടകൾ വരെ ഇരിയ്ക്കാതെ, വിശ്രമിക്കാതെ ഓടുന്ന ആ അമ്മമ്മാർ. അവർക്ക് വേണ്ടിയും നമ്മൾ ശബ്ദം ഉയർത്തേണ്ടതുണ്ട്. അവരുടെ സ്വാതന്ത്ര്യത്തി നുവേണ്ടിയും നമ്മൾ സംസാരിക്കേണ്ടതുണ്ട്. ഇവിടെ ജോലി ചെയ്യുന്ന അസംഘടിത തൊഴിൽ  ചെയ്യുന്ന സ്ത്രീകളുടെ തൊഴിൽ സമയം ആറു മണിക്കൂറായി കുറയ്ക്കുന്നതിലൂടെ ഉൽപാദന ക്ഷമത കൂടുമെന്ന ഗവേഷണ പഠനങ്ങളൊക്കെ നിലനിൽക്കെ തന്നെയാണ് ഇവിടത്തെ അധികാര ഭരണ സംവിധാന തലങ്ങളും ഇവർക്കായി സംസാരിക്കാതെ ഈ പാവകളിയും ആടികൊണ്ടിരിക്കുന്നത്.

**പ്രധാന കാര്യം അസംഘടിത മേഖലയിൽ  തന്നെ ഏറ്റവും താഴേക്കിടയിൽ  ജോലി ചെയ്യുന്ന അറുപതു ശതമാനം സ്ത്രീകളും ദലിതു വിഭാഗത്തിൽ നിന്നുള്ളവരാണ് എന്നതാണ്. അതായത്, മർദ്ദിതരിൽ മർദ്ദിതർ ദലിത്സ്ത്രീകൾ ആണെന്ന് റൂത്ത് മ നോരമ പറയുന്നത് ഇവിടെ കൂട്ടി വായിക്കപ്പെടേണ്ടതുണ്ട്.**

മാത്രമല്ല ഇന്ത്യയിൽ തൊഴിൽ ചെയ്യുന്ന അറുപത്താറു ശതമാനം സ്ത്രീകളും തുച്ഛമായ വേതനത്തിലാണ് ജോലി ചെയ്യുന്നതെന്നും ഇതിൽ പുരുഷന്മാരുടെ പങ്ക് പന്ത്രണ്ട് ശതമാനമാണെന്നതും UNDP റിപ്പോർട്ടിൽ പറയുന്നുണ്ട്. ഇതിലൊരു പ്രധാന കാര്യം അസംഘടിത മേഖലയിൽ തന്നെ ഏറ്റവും താഴേക്കിടയിൽ  ജോലി ചെയ്യുന്ന അറുപതു ശതമാനം സ്ത്രീകളും ദലിതു വിഭാഗത്തിൽ നിന്നുള്ളവരാണ് എന്നതാണ്. അതായത്, മർദ്ദിതരിൽ മർദ്ദിതർ ദലിത് സ്ത്രീകൾ ആണെന്ന് റൂത്ത് മനോരമ പറയുന്നത് ഇവിടെ കൂട്ടി വായിക്കപ്പെടേണ്ടതുണ്ട്. കാരണം ഒരു ദലിത് സ്ത്രീക്ക് ഒരേ സമയം നേരിടേണ്ടിവരുന്നത് ദലിത് സമൂഹത്തിന്റെ ആൺകോയ്മയും സവർണ്ണ സ്ത്രീപുരുഷ സമൂഹത്തിന്റെ ജാതി ജഡിലതയുമാണ് എന്ന് അതിലുപരി സമൂഹം അവളെ ഓർമ്മപ്പിച്ചുകൊണ്ടിരിക്കും. നീ ദലിതാണ്, നീ കറുത്തതാണ്, നീ ഒരു സ്ത്രീയാണെന്നുമുള്ളത്.  ഈ സമൂഹത്തിൽ സന്തോഷമായി ജീവിക്കാനുള്ള ആ അമ്മമാരുടെ





അവകാശത്തെ ഈ സമൂഹം തന്നെ രോഗാതുരമായ ഒരു അവസ്ഥയിലേക്ക് തള്ളവിടുകയാണ്. അതുകൊണ്ട് നമുക്ക് അവർക്കായി അവർക്കൊപ്പം നിന്നുകൊണ്ട് നാളെയുടെ ഒരു പുതുലോകം തീർത്തു കൊടുക്കാം.

ചർച്ചാവിഷയം

ശ്രീപ്രിയ ബാലകൃഷ്ണൻ






*പാലക്കാട് ഗവണ്മെന്റ് വിക്ടോറിയ കോളെജിൽ ഇംഗ്ലിഷ് അദ്ധ്യാപിക*

# അമ്മത്തം ചില വിചാരങ്ങളും വിചാരണകളും

റഷ്യൻ വിപ്ലവത്തിന്റെ പ്രതീകാത്മക ചിഹ്നങ്ങളിൽ നിലവിൽ ഏറെ ഉദാത്തീകരിക്കപ്പെട്ടതും കാൽപ്പനീകവത്കരിക്കപ്പെട്ടതും ആണ് മാക്സിം ഗോർക്കിയുടെ 'അമ്മ'. സോഷ്യലിസ്റ്റ് റിയലിസത്തിന്റെ ഉത്തമ മാതൃകയായി കണക്കാക്കപ്പെടുന്ന ഈ നോവലിലെ പ്രധാന കഥാപാത്രം പലാജിയ വ്ലസോവ അടിസ്ഥാനവർഗ്ഗത്തിന്റെയും സ്ത്രീകളുടെയും പ്രതീകമായി വിപ്ലവാനന്തര റഷ്യയിൽ ഏറെക്കുറെ ഒരു വിശുദ്ധ പരിവേഷത്തോടെ കൊണ്ടാടപ്പെട്ട കഥാപാത്രമാണ്. രണ്ടാം ലോകമഹായുദ്ധ കാലത്ത് നോവലിന്റെ നാടകാവിഷ്കാരത്തിൽ ബെർറ്റോൾട്ട് ബ്രഹ്ത് പലാജിയയുടെ സംഘർഷങ്ങളെ നാസിസത്തിനെതിരെയുള്ള യൂറോപ്പ്യൻ ബലപരീക്ഷണങ്ങളുമായി ചേർത്തുവച്ചപ്പോളും തുടർന്നും, ഇന്നും, ഒരുപക്ഷെ ഒരിക്കലും ചോദ്യം ചെയ്യപ്പെടാതെ നിലനിൽക്കുന്നത് അമ്മ എന്ന പലാജിയയുടെ പരിവേഷമാണ്. മകന്റെ സാമൂഹ്യസമരത്തെ മനസ്സും ശരീരവും കൊണ്ട് പിന്തുണച്ച് വിപ്ലവത്തിന്റെ ചോർന്നു പോകരുതാത്ത 'ആത്മാവായി' രക്തസാക്ഷിത്വം വരിക്കുന്ന പലാജിയ സോഷ്യലിസ്റ്റ് ഫെമിനിസ്റ്റ് സ്വത്വത്തിന്റെ മാതൃകയായി ഇന്നും തുടരുന്നു. നോവൽ വായിച്ച ചെറുപ്രായത്തിൽ തൊട്ട് ഇന്നും നിലനിൽക്കുന്ന ഒരു സംശയം ഇതായിരുന്നു. തനിക്ക് യോജിക്കാനാവാത്ത ഒരു പ്രത്യയശാസ്ത്രമായിരുന്നു മകന്റെ എന്നതിനാൽ അവനെ എതിർക്കുന്ന ഒരു അമ്മയ്ക്ക് ഈ ജനസമ്മതി ഉണ്ടാകുമോ? അല്ലെങ്കിൽ അത്തരത്തിൽ ഒരു അമ്മയെക്കുറിച്ച് പറയുമ്പോൾ കഥകളിൽ വേദനിക്കുന്ന മാതൃത്വത്തിന്റെ ഏറ്റുപറച്ചിലുകളെങ്കിലും ഇല്ലാതിരിക്കുമോ? മഹാശ്വേതാ ദേവിയുടെ 'ഹസാർ ചൌരസ്സീക്കി മാ'

എന്ന കൃതിയിൽ നക്സലേറ്റ് ആകുന്ന മകന്റെ മരണാനന്തരം അവന്റെ തീരുമാനങ്ങളെ സ്വന്തം മാതൃത്വത്തിന്റെ ഇടുങ്ങിയ ചതുരങ്ങൾക്കിടയിലൂടെ തന്നെ, അതിന്റെ ധാർമ്മികതയുടെ, സ്നേഹത്തിന്റെ, ഉത്തരവാദിത്വത്തിന്റെ ഒക്കെ പരിമിതികൾക്കുള്ളിൽ തന്നെ നിർത്തി സ്വയം വിചാരണ ചെയ്യുന്ന സുജാത ഒരു നൂറ്റാണ്ടിനിപ്പുറം ഇതേ ചിത്രത്തിന്റെ മറ്റൊരു മാതൃകയാകുന്നുണ്ട്. ബ്രെഹ്തിന്റെ തന്നെ മദർ കറേജിലും ഉണ്ട് ഇതുപോലെ മഹായുദ്ധങ്ങളുടെ പശ്ചാത്തലത്തിൽ സാമൂഹ്യ അനീതികൾക്കു നടുവിൽ സഹനത്തിന്റെയും സ്നേഹത്തിന്റെയും




ആൾരൂപമായ ഒരു അമ്മ.

മാതൃത്വത്തിന്റെ വിശുദ്ധവൽക്കരണത്തെ തെളിഞ്ഞും മറഞ്ഞും പ്രകീർത്തിക്കുന്ന ഒളിച്ചു കടത്തുന്ന അനേകം ഉദാഹരണങ്ങൾ ഉള്ളപ്പോൾ മാതൃത്വം എന്ന പ്രത്യയശാസ്ത്രത്തെ തള്ളിപ്പറയുന്ന, എതിർക്കുന്ന, ബൗദ്ധികമായി വിമർശിക്കുന്ന, ക്രുദ്ധയായ, നിഷേധിയായ ഒരു അമ്മ ഏതെങ്കിലും സാഹിത്യത്തിൽ ആഘോഷിക്കപ്പെട്ടിട്ടുണ്ടോ? സാഹിത്യം മറ്റൊരു പ്രത്യയശാസ്ത്ര ഉപകരണമാണ് എന്നത് ആവർത്തിച്ച് തെളിയിക്കപ്പെട്ടിട്ടുള്ളതാണെങ്കിൽ മാതൃത്വം ഭരണകൂടത്തിന്റെയും മതത്തിന്റെയും ഇന്നും വിലപ്പോകുന്ന ഏറ്റവും വലിയ പ്രത്യയശാസ്ത്ര ഉപകരണമായി നിലനിൽക്കുന്നത് സർവ്വസമ്മതമായ വിശ്വസാഹിത്യങ്ങളിലും മിത്തുകളിലും സിനിമകളിലും സ്വകാര്യ ആഖ്യായികകളിലും ഒക്കെയായിരിക്കും. മലയാളി ആധുനികതയിൽ വേറിട്ടു നിൽക്കുന്നതായി ഓർമ്മയിൽ തങ്ങുന്ന രണ്ടു മാതൃത്വ ആഖ്യായികകൾ ഉണ്ട്. ഇവ രണ്ടും ഗോർക്കിയുടെയും ബ്രെഹ്തിന്റെയും അമ്മമാരുടെ ചുവടു പിടിക്കുന്നവയുമാണ്. ജോൺ അബ്രഹാമിന്റെ 'അമ്മ അറിയാൻ', വിപ്ലവവും മാതൃത്വവും തമ്മിലുള്ള ദുർഭാഗ്യകരമായ ഇതേ ബന്ധത്തിന്റെ നേരാവിഷ്കരണമാണെങ്കിൽ കേരളത്തിലെ കമ്യൂണിസ്റ്റ് പാർട്ടിക്കാർ അല്ലാത്ത മാർക്സിസ്റ്റ് വിപ്ലവകാരികളിൽ പ്രമുഖനായിരുന്ന എൻ ശ്രീകണ്ഠൻ നായരുടെ 'എന്റെ അമ്മ' ഈ ബന്ധത്തിന്റെ സൂക്ഷ്മത കുറച്ചു കൂടെ തീവ്രമായി വെളിപ്പെടുത്തുന്നു. ശ്രീകണ്ഠൻ നായർ, കുമ്പളത്ത് ശങ്കുപിള്ള തുടങ്ങിയവർ ആണ് സർ സി.പി യെ കൊല്ലാനുള്ള തീരുമാനം എടുത്തത്. ശ്രീകണ്ഠൻ നായർ തിരുവിതാംകൂർ ജയിലിൽ ആയിരുന്ന കാലത്താണ് അദ്ദേഹത്തിന്റെ അമ്മ മരിക്കുന്നത്. മരണാനന്തര ചടങ്ങുകളിൽ പങ്കെടുക്കാൻ സി പി അദ്ദേഹത്തെ അനുവദിച്ചില്ല. ഈ സംഭവവുമായി ബന്ധപ്പെട്ടു ശ്രീകണ്ഠൻ നായർ എഴുതിയ ആത്മകഥ ആണ് 'എന്റെ അമ്മ'. ഗോർക്കിയുടെ നോവലിലെ അമ്മയും വിപ്ലവകാരിയും തമ്മിലുള്ള ബന്ധം പോലെ അമ്മ തന്റെ വിപ്ലവ പ്രവർത്തനങ്ങളെ അംഗീകരിച്ചിരുന്നു എന്ന സൂചനയാണ് പുസ്തകം നല്കുന്നത്. അതിന്റെ ചുവടു പിടിച്ചു പുരുഷ വിപ്ലവകാരിയുടെ മനസ്സിലെ മാതൃ സങ്കല്പത്തെ ആണ് ശ്രീകണ്ഠൻ നായർ അവതരിപ്പിക്കുന്നത്. മകനുമായുള്ള ബന്ധം ഉപേക്ഷിച്ചില്ലെങ്കിൽ അദ്ധ്യാപിക ആയിരുന്ന അമ്മയെ ജോലിയിൽ നിന്ന് പിരിച്ചു വിടാൻ സി പി മുതിർന്നിരുന്നു. മുപ്പതുകളിൽ ഒരു പെൺപള്ളിക്കൂടത്തിൽ

**സാഹിത്യം മറ്റൊരു പ്രത്യയശാസ്ത്ര ഉപകരണമാണ് എന്നത് ആവർത്തിച്ച് തെളിയിക്കപ്പെട്ടിട്ടുള്ളതാണെങ്കിൽ മാതൃത്വം ഭരണകൂടത്തിന്റെയും മതത്തിന്റെയും ഇന്നും വിലപ്പോകുന്ന ഏറ്റവും വലിയ പ്രത്യയശാസ്ത്ര ഉപകരണമായി നിലനിൽക്കുന്നത് സർവ്വസമ്മതമായ വിശ്വസാഹിത്യങ്ങളിലും മിത്തുകളിലും സിനിമകളിലും സ്വകാര്യ ആഖ്യായികകളിലും ഒക്കെയായിരിക്കും.**

പ്രധാനാദ്ധ്യാപികയായിരുന്നു എന്നു മാത്രമല്ല ഈ അമ്മ കുട്ടികളുണ്ടാവാത്തതിന്റെ പേരിൽ വിവാഹബന്ധം മുറിഞ്ഞ് ഒറ്റയ്ക്ക് കഴിയുകയും ആയിരുന്നു. കോടതിയിലൂടെ മകന്റെ സംരക്ഷണം നേടിയെടുക്കുകയും ഒറ്റയ്ക്ക് മകനെ വളർത്തുകയും ഒക്കെയായ സംഭവങ്ങളൊക്കെ വളരെ വൈകാരികത കലർന്ന ഭാഷയിൽ 'എന്റെ അമ്മ' യിൽ വിവരിക്കുന്നുണ്ട്. പുന്നപ്ര വയലാർ സമരത്തെ വിമർശിച്ചു ശ്രീകണ്ഠൻ നായർ എഴുതിയ 'വഞ്ചിക്കപ്പെട്ട വേണാട്' എന്ന രാഷ്ട്രീയ കൃതിയെക്കാൾ ശ്രദ്ധ നേടിയത് ഈ പുസ്തകമായിരുന്നു. ഈ അടുത്ത കാലത്ത് അത് ഒരു ഡോക്യുഫിക്ഷൻ ആക്കിയിരുന്നു. മൂലകൃതിയുടെ വൈകാരികത തന്നെയാണ് ഡോ.




പി. കെ. ഭാഗ്യലക്ഷ്മി തിരക്കഥ എഴുതിയ ഡോക്യുഫിക്ഷനും സ്വീകരിക്കുന്നത്. തന്റെ വിപ്ലവാഭിമുഖ്യം അമ്മയുടെ നീതിബോധത്തിൽ നിന്ന് പകർന്നു കിട്ടിയതാണ് എന്ന സന്ദേശമാണ് പുസ്തകവും ഡോക്യുഫിക്ഷനും നല്കുന്നത് എന്നത് ശ്രദ്ധേയമാണ് എങ്കിലും മകന്റെ ദൃഷ്ടിയിലൂടെ വെളിപ്പെടുന്ന സർവ്വംസഹയായ അമ്മയുടെ ചിത്രത്തിൽ മറഞ്ഞിരിക്കുന്നത് യഥാർത്ഥത്തിൽ ആ കാലഘട്ടത്തിലെ സാമൂഹിക സാംസ്കാരിക സാഹചര്യങ്ങളോട് കലഹിച്ചു നിൽക്കുന്ന ഉൾക്കരുത്തുള്ള നിഷേധിയായ ഒരു സ്ത്രീത്വം തന്നെയാണ്.

**കോടതിയിലൂടെ മകന്റെ സംരക്ഷണം നേടിയെടുക്കുകയും ഒറ്റയ്ക്ക് മകനെ വളർത്തുകയും ഒക്കെയായ സംഭവങ്ങളൊക്കെ വളരെ വൈകാരികത കലർന്ന ഭാഷയിൽ 'എന്റെ അമ്മ' യിൽ വിവരിക്കുന്നുണ്ട്. പുന്നപ്ര വയലാർ സമരത്തെ വിമർശിച്ചു ശ്രീകണ്ഠൻ നായർ എഴുതിയ 'വഞ്ചിക്കപ്പെട്ട വേണാട്' എന്ന രാഷ്ട്രീയ കൃതിയെക്കാൾ ശ്രദ്ധ നേടിയത് ഈ പുസ്തകമായിരുന്നു.**

അമ്മയേക്കുറിച്ചോർക്കുമ്പോൾ കരച്ചിലിന്റെയും വേർപാടിന്റെ ദു:ഖത്തിന്റെയും പരാധീനതകളുടെയും അശരണത്വത്തിന്റെയും ആവർത്തിച്ചു പ്രത്യക്ഷപ്പെടുന്ന ഈ മറ ഒരുപക്ഷെ അമ്മയെ ഓർത്തെടുക്കുന്ന, എഴുതിവെക്കുന്ന പുരുഷാധിപത്യ ദൃഷ്ടിയുടെ പരിധിയും ആയിരുന്നിരിക്കാം.

നിലനിൽക്കുന്ന ഹെജിമണിയുടെ, അധികാര ശ്രേണിയുടെ ഏറ്റവും ശക്തവും എന്നാൽ ഏറ്റവും മറയ്ക്കപ്പെട്ടതുമായ ഉപകരണം ആണ് മാതൃത്വം. കുടുംബം എന്ന ധർമ്മപാഠശാലയുടെ ചുമതല അമ്മയ്ക്കാണ് കൽപ്പിക്കപ്പെട്ടിരിക്കുന്നത് എന്നതു കൊണ്ട് മാത്രമല്ല ഇത്. ജീവശാസ്ത്രപരവും സാമൂഹികവുമൊക്കെയായ നിർവ്വചനങ്ങളാൽ നിർമ്മിതമായ ഒരു നന്മയുടെ പരിവേഷം അമ്മയുടെ അധികാരങ്ങളിൽ അലിയിച്ചു ചേർക്കപ്പെട്ടിരിക്കുന്നു എന്നതുകൊണ്ടും കൂടെയാണ് ഇത്. 'ഇനി ഞാൻ ഉറങ്ങട്ടെ' യിൽ കുന്തിയുടെ കഥാപാത്രത്തിലൂടെ മാതൃത്വ അധികാരം നിലവിലുള്ള ധാർമ്മിക അധികാരത്തോട് കീഴ്പ്പെട്ടിരിക്കുന്നത് പി.കെ. ബാലകൃഷ്ണൻ സൂക്ഷ്മതയോടെ വെളിപ്പെടുത്തുന്നു. യുദ്ധപൂർവ്വം കുന്തിക്ക് കർണ്ണനെ തിരസ്കരിച്ച് പാണ്ഡവരോട് ചേരേണ്ടതായി വരുന്നത് നിലവിലുള്ള ധാർമ്മികാധികാരത്തോട് വിധേയപ്പെട്ടതാണ് മാതൃത്വം എന്നതുകൊണ്ടാണ്. യഥാർത്ഥത്തിൽ കുന്തിയുടെ എല്ലാ മക്കളും വിവാഹേതര ബന്ധത്തിൽ നിന്നാണ് എന്നിരിക്കേ, വിവാഹത്തിന്റെ ധാർമ്മികാടിത്തറയില്ലാത്ത ഏക മാതൃത്വം (single mother എന്നതിനും മലയാളം വേണ്ടേ?) എന്ന സ്റ്റേറ്റസ് ആണ് കർണ്ണനെ ഉപേക്ഷിക്കാൻ കുന്തിയെ പ്രേരിപ്പിക്കുന്നത്.

അതിനുള്ള ധൈര്യമില്ലായിരുന്നു എന്നാണ് അവർ കർണ്ണനെ ധരിപ്പിക്കുന്നത്.

എന്താണ് മാതൃത്വം എന്ന കൃത്യമായ ഇത്തരം നിർവ്വചനങ്ങളുടെ ചട്ടക്കൂടുകൾ ഇന്ന് കൂടുതൽ ദൃഢവും സങ്കീർണ്ണവും ആവുകയാണ്. 2013ൽ, മാതൃത്വത്തെക്കുറിച്ചുള്ള സ്വകാര്യ ചില ആഖ്യായികൾ സമാഹരിച്ച് ജയശ്രീ മിശ്ര പ്രസിദ്ധീകരിച്ച Of Mothers and Others, Stories, Essays, Poems എന്ന പുസ്തകം ശ്രദ്ധേയമാണ്. മാതൃത്വത്തെക്കുറിച്ചുള്ള വ്യവസ്ഥാനുരൂപവും പരമ്പരാഗതവുമായ മാതൃകകളെ ചോദ്യം ചെയ്തുകൊണ്ട് ഒറ്റയ്ക്കുള്ള അമ്മമാർ, അവിവാഹിതരായ അമ്മമാർ, ദത്തെടുത്ത അമ്മമാർ, വാടക മാതൃത്വം, ഭിന്നലൈംഗികതയും മാതൃത്വവും തുടങ്ങിയ സാഹചര്യങ്ങളിലെ സങ്കീർണ്ണതകളെ ആണ് ഈ പുസ്തകം അന്വേഷിക്കുന്നത്. ഇതിൽ ഉർവ്വശി ബുട്ടാലിയ എഴുതിയ ഒരു ലേഖനം അമ്മയാകാതിരിക്കാനുള്ള അവകാശത്തേക്കുറിച്ച് പറയുന്നു. അമ്മയല്ലാതിരിക്കുന്നത് ഒരു നഷ്ടമോ 'ഇല്ലയ്മയോ' അല്ലാത്ത പോസിറ്റിവ് തന്നെയായ ഒരു അവസ്ഥയായി മനസ്സിലാക്കേണ്ടതുണ്ട് എന്നും ഈ ലേഖനത്തിൽ പറയുന്നു. അമ്മത്തത്തിന്റെ സാമൂഹ്യവവഹാരങ്ങളെ ചോദ്യം ചെയ്യുന്നതിനു സ്ത്രീകളുടെ പ്രകൃത്യാ ഉള്ള ഒരു വികാരമാണ് അമ്മയാവുക എന്ന ജീവശാസ്ത്രപരമായ നിർണ്ണയവാദത്തിലെ അപകടം തിരിച്ചറിഞ്ഞേ തീരു. അമ്മമാർ നിഷേധികളാകാം, ചൂഷകരാകാം, ഫാഷിസ്റ്റുകളാകാം; ഹിംസാത്മകവും, രൂക്ഷവും





ആകാം മാതൃത്വം. സാഹിത്യത്തിൽ അതി വിരളമായ അത്തരം അമ്മമാരിൽ ഓർമ്മയിൽ വരുന്ന ഒരു കഥാപാത്രമുണ്ട്. മെക്സിക്കൻ നോവലിസ്റ്റ് ആയ ലോറ എസ്ക്കുവേലിന്റെ 'Like Water for Chocolate' എന്ന നോവലിലെ പ്രധാന കഥാപാത്രമായ റ്റിറ്റയുടെ അമ്മ എലെന. തന്നെ വാർദ്ധക്യത്തിൽ നോക്കേണ്ട ചുമതലയുള്ളതുകൊണ്ട് റ്റിറ്റ വിവാഹിതയാകുകയോ പ്രണയിക്കുകയോ ചെയ്യരുത് എന്ന് നിഷ്കർഷിക്കുന്ന എലേനാ, അതിതീവ്രമായ ജീവിതപരീക്ഷണങ്ങളിലേക്ക് റ്റിറ്റയേ തള്ളിവിടുന്ന അമ്മയാണ്. അമ്മത്തം എന്ന ധാർമ്മികതയ്ക്കുള്ളിൽ തന്നെ ശരിതെറ്റുകൾ ഉണ്ടാകാം എന്നും അതിന്റെ അടിത്തറ ജീവശാസ്ത്രപരമല്ല എന്നും ചിന്തിപ്പിക്കാൻ പ്രേരിപ്പിക്കുന്ന ഒരു കഥാപാത്രമാണ് എലേന.

മാതൃസ്നേഹത്തിന്റെ ചട്ടക്കൂട് സ്ത്രീകളെ മാത്രം സംബന്ധിക്കുന്ന ഒന്നല്ല. ഈ ചട്ടക്കൂടിന്റെ ഏറ്റവും വലിയ ഉപഭോക്താവായി ഭരണകൂടം മാറുന്നത് ഒരുപക്ഷെ ആധുനിക ദേശരാഷ്ട്രങ്ങളുടെ നിർമ്മിതിയോടെയായിരിക്കും. മാതൃഭൂമി എന്ന സങ്കല്പം യൂറോപ്പിൽ വേരോടിയത് ഫ്രെഞ്ച് വിപ്ലവത്തിനു ശേഷം, പ്രത്യേകിച്ച് ശക്തയായ ലിബർറ്റി എന്ന സ്ത്രീരൂപം വിപ്ലവകാരികളെ നയിക്കുന്ന യുജിൻ ദെലക്രോയിസിന്റെ പ്രസിദ്ധമായ ചിത്രം ഉണർത്തിയ ഉദ്വേഗമൊക്കെ ചേർന്നായിരുന്നു. ഇന്ത്യയിൽ, 1873ൽ കിരൺചന്ദ്ര ബാനർജിയുടെ 'ഭാരത് മാത' എന്ന

**ഉർവ്വശി ബുട്ടാലിയ എഴുതിയ ഒരു ലേഖനം അമ്മയാകാതിരിക്കാനുള്ള അവകാശത്തെക്കുറിച്ച് പറയുന്നു. അമ്മയല്ലാതിരിക്കുന്നത് ഒരു നഷ്ടമോ 'ഇല്ലയ്മയോ' അല്ലാത്ത പോസിറ്റിവ് തന്നെയായ ഒരു അവസ്ഥയായി മനസ്സിലാക്കേണ്ടതുണ്ട് എന്നും ഈ ലേഖനത്തിൽ പറയുന്നു. അമ്മത്തത്തിന്റെ സാമൂഹ്യവവഹാരങ്ങളെ ചോദ്യം ചെയ്യുന്നതിനു സ്ത്രീകളുടെ പ്രകൃത്യാ ഉള്ള ഒരു വികാരമാണ് അമ്മയാവുക എന്ന ജീവശാസ്ത്രപരമായ നിർണ്ണയവാദത്തിലെ അപകടം തിരിച്ചറിഞ്ഞേ തീരു.**

**യവ്വനത്തിലേക്ക് കാല് കുത്തുന്നത് വരെ പരിപാലനം ആവശ്യമായി വരുന്നു എന്നത് രക്ഷ കർതൃത്വത്തിന്റെ സമൂലമായ സാമൂഹിക വല്ക്കരണവും അതിനു ള്ളിൽ പാട്രിയാർക്കിയുടെ ശക്തമായ ഇടപെടലും ഉണ്ടാകുന്നതിനു കാരണമാകുന്നു. മാതൃത്വം എന്നത് ഇത്തരം ബാഹ്യമായ ഇടപെടലുകൾ ഇല്ലാത്ത, സാമൂഹ്യമായ ചിട്ടപ്പെടുത്ത ലുകൾക്ക് വിധേയമാകാത്ത ശുദ്ധവികാരമല്ല എന്ന് തിരിച്ചറിയേണ്ടതുണ്ട്.**

നാടകത്തിലൂടെയും തുടർന്ന് ബങ്കിം ചന്ദ്ര ചാറ്റർജിയുടെ ആനന്ദ് മഠിലൂടെ രംഗത്തെത്തിയ വർണ്ണനയിലൂടെയും ആണ് 'ഭാരത് മാത' എന്ന സങ്കല്പം നാഷണലിസ്റ്റ് മൂവ്മെന്റിന്റെ ഹിന്ദു അടിത്തറ പാകുന്നത്. തുടർന്ന് ഇന്ത്യൻ ദേശീയത ഒളിഞ്ഞും തെളിഞ്ഞും സ്വീകരിച്ച ഹിന്ദുത്വരൂപത്തിന് ഈ മാതൃസങ്കല്പവുമായിട്ട് വളരെ നേരിട്ട ബന്ധമാണുള്ളത്. മതനിരപേക്ഷ ദേശീയതയ്ക്കും ഹിന്ദു വർഗ്ഗീയതയ്ക്കും ഒരുപോലെ സ്വീകാര്യമായിരുന്ന ഒന്നാണ് തുടക്കം മുതലേ ദേശീയതയും മാതൃത്വവും തമ്മിലുള്ള ഈ ബന്ധം എന്നത് നിസ്തർക്കം. ദേശീയതാ വ്യവഹാരങ്ങളിലും റ്റാഗോർ, നെഹ്രു, ഗാന്ധി തുടങ്ങിയവരുടെ എഴുത്തുകളിലും നിറഞ്ഞു നിന്ന മാതൃവൽക്കരണത്തിന്റെ അനിഷേധ്യമായ ഈ അംശങ്ങളാവും ഒരുപക്ഷെ ഹിന്ദുത്വഭീകരതയുടെ ഇന്നത്തെ പ്രകടമായ രൂപങ്ങളുടെ പ്രഭവസ്ഥാനം എന്ന് ഇന്ത്യൻ ദേശീയതയുടെ ഗവേഷണങ്ങൾ തെളിയിക്കുന്നുണ്ട്. സാധ്വി റീതാംബരയുടെയും ഉമാഭാരതിയുടെയും സേവികാസമിതിയുടെയും ഒക്കെ ഹിംസാത്മകമായ അമ്മത്ത ഘോഷങ്ങൾ യഥാർത്ഥത്തിൽ സവർണ്ണ ഹൈന്ദവബോധത്തിന്റെ ആന്തരീകവൽക്കരിക്കപ്പെട്ട മാതൃത്വരൂപങ്ങളുടെ ക്രമമായ രാഷ്ട്രീയ പരിണിതികൾ തന്നെയല്ലെ? എല്ലാം സഹിക്കുന്ന, സ്നേഹമയിയായ, എന്നാൽ 'തിന്മ'യ്ക്കെതിരെ യുദ്ധത്തിനിറങ്ങുന്ന ശക്തിസ്വരൂപിണിയായ ഒരു സൗകര്യപ്രദമായ ഡ്യുവൽ മാതൃ/ദേവി സങ്കൽപ്പമാണ് ഈ പ്രഘോഷങ്ങളുടെ അടിത്തറ.




വംശീയാടിസ്ഥാനത്തിൽ ഉള്ള തിരഞ്ഞെടുപ്പിനായി, ഉത്തമ പൗരരെ പ്രസവിക്കാൻ ഗർഭിണികളായ അമ്മമാർക്ക് ചികിത്സ നിശ്ചയിക്കുന്ന ക്ലിനിക്കുകളുടെ കാലത്ത് ഓർക്കേണ്ട ഒരു കഥ കൂടെ ഉണ്ട്. മാർഗററ്റ് ആറ്റ്വുഡിന്റെ 'The Handmaid's Tale' എന്ന ഡിസ്റ്റോപ്പിയൻ നോവൽ സ്ത്രീകൾ ഗർഭപാത്ര ഉപകരണങ്ങൾ മാത്രം ആകുന്ന ഗിലിയഡ് എന്ന ഒരു സാങ്കൽപ്പിക ദേശകാലത്തിന്റെ കഥയാണ്. 13ആം നൂറ്റാണ്ടിൽ ജ്യഫ്ഫ്രി ചോസർ പറയുന്ന കാന്റർബെറി ടേത്സിലെ ഭൃത്യയുടെ കഥപോലെ തന്നെ ഒരു ജീർണ്ണസമൂഹാവസ്ഥയെക്കുറിച്ചുള്ള അലിഗറി ആണ് Handmaid's Tale. ഗിലിയഡിൽ സ്ത്രീകളുടെ എല്ലാ അവകാശങ്ങളും തിരിച്ചെടുത്ത് അവരെ അവരുടെ ഗർഭധാരണ ശേഷി അനുസരിച്ച് വേർതിരിച്ച് പല ഗണങ്ങളാക്കിയിരിക്കുന്നു. ഇതിൽ അമ്മയാകുന്നതിനു വേണ്ടിയുള്ള സ്ത്രീകൾ ആണ് ഹാൻഡ്മേഡുകൾ. 'ഗർഭപാത്രത്തിനു കൈകാൽ പിടിപ്പിച്ചവൾ' എന്ന് ഈ നോവലിലെ ഒരു കഥാപാത്രം സ്വയം വിശേഷിപ്പിക്കുന്നത് വാസ്തവത്തിൽ ഊതിപ്പെരുപ്പിച്ച ഇന്നത്തെ മാതൃത്വസങ്കൽപ്പങ്ങളിൽ നിന്നും അത്രയ്ക്ക് വിദൂരമല്ല. സ്വാഭാവികം എന്നും സാധാരണം എന്നും അംഗീകരിക്കപ്പെട്ടിട്ടുള്ള ഇന്നത്തെ

ലിംഗാവസ്ഥകൾ അതിന്റെ യുക്ത്യനുസൃതമായ പരിണിതിയിലേക്ക് തുടരപ്പെട്ടാൽ എന്തു സംഭവിക്കും എന്നതിനെക്കുറിച്ചുള്ള 'അനുമാന സാഹിത്യം' (speculative fiction) ആണ് ഹാൻഡ്മേഡ്സ് റ്റേൽ എന്ന് ആറ്റ്വുഡ് ഈ നോവലിനെക്കുറിച്ച് പറയുന്നുണ്ട്. ഡിസ്റ്റോപ്പിയകൾ അന്തിച്ചു പോകുന്ന രാഷ്ട്രീയ, സാങ്കേതിക യാഥാർത്ഥ്യങ്ങളുടെ കാലത്ത് ഭരണകൂടത്തിന്റെ ഏറ്റവും അടുത്ത പ്രത്യയശാസ്ത്ര ഉപാധിയായി മാതൃത്വത്തെ നഗ്നമായി വരച്ചിടുന്ന ഈ ഡിസ്റ്റോപ്പിയ ഒട്ടും ആശ്ചര്യപ്പെടുത്താനിടയില്ല.

അമ്മത്തത്തേയും മാതൃ സ്നേഹത്തെയും ചരിത്രപരമായി കാണേണ്ടതുണ്ട് എന്ന് സൂചിപ്പിച്ച ആദ്യ പഠനങ്ങളിൽ ഒന്ന് ഫെമിനിസ്റ്റ് ചിന്തകയായിരുന്ന എലിസബത്ത് ബാഡിന്റർ എഴുതിയ The Myth of Motherhood: An Historical View of the Motherhood Instinct ആയിരുന്നു. അതിനു മുമ്പും പിമ്പുമായി ഈ ആശയം പലതലത്തിൽ ചർച്ച ചെയ്യുന്ന നിരവധി പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. അമ്മത്തത്തിന്റെ സാമൂഹിക നിർമ്മിതി പ്രധാനപ്പെട്ട ഒരു ഫെമിനിസ്റ്റ് ഗവേഷണ വിഷയമായി ഇപ്പോഴും തുടരുന്നുണ്ട്. സാറ ബ്ലാഫർ ഹ്യഡി (Sarah Blaffer Hrdy, 1999) എഴുതിയ Mother Nature: Natural Selection and the Female of the Species എന്ന പുസ്തകം മാതൃത്വ നിർമ്മിതിയുടെ ജൈവ ശാസ്ത്രവും സാമൂഹികതയും പരിശോധിക്കുന്ന സമഗ്രമായ മറ്റൊരു കൃതിയാണ്. പരിണാമ സിദ്ധാന്തവുമായി ബന്ധപ്പെടുത്തി ചരിത്രപരമായി കൂടി ഹ്യഡി ഈ വിഷയം പരിശോധിക്കുന്നു. പുരുഷൻ സ്ത്രീയുടെ പ്രത്യുൽപ്പാദന പ്രക്രിയയെ നിയന്ത്രിക്കുന്ന രീതി പ്രാഗ്-മനുഷ്യ കാലം മുതൽ ആരംഭിച്ചതാവാം എന്ന നിഗമനമാണ് അവർ മുന്നോട്ടു വക്കുന്നത്. ഇന്നും അത് ശക്തമായി തുടരുന്നു. ഇതിൽ നിന്ന് അടർത്തി മാറ്റി ഈ പ്രശ്നത്തെ കാണാൻ കഴിയില്ല എന്ന സമീപനമാണ് ഈ കൃതിയിൽ ഉള്ളത്. പ്രകൃതിയിലെ മറ്റ് ജീവികളുടെ ജൈവ ചോദനകൾ കൂടി അവർ വിശകലന വിധേയമാക്കുന്നുണ്ട്. മനുഷ്യ ശിശു വളരാൻ എടുക്കുന്ന കാലയളവ് കൂടുതലാണ്. യവ്വനത്തിലേക്ക് കാല് കുത്തുന്നത് വരെ പരിപാലനം ആവശ്യമായി വരുന്നു എന്നത് രക്ഷാകർതൃത്വത്തിന്റെ സമൂലമായ സാമൂഹിക വല്ക്കരണവും അതിനുള്ളിൽ പാട്രിയാർക്കിയുടെ ശക്തമായ ഇടപെടലും ഉണ്ടാകുന്നതിനു കാരണമാകുന്നു. മാതൃത്വം എന്നത് ഇത്തരം ബാഹ്യമായ ഇടപെടലുകൾ ഇല്ലാത്ത, സാമൂഹ്യമായ ചിട്ടപ്പെടുത്തലുകൾക്ക് വിധേയമാകാത്ത ശുദ്ധവികാരമല്ല എന്ന് തിരിച്ചറിയേണ്ടതുണ്ട്. കുടുംബം എന്ന സ്ഥാപനം അതിന്റെ മൂലക്കല്ലായി കാണുന്നത് സ്ത്രീയുടെ പ്രത്യുൽപ്പാദന വ്യവസ്ഥയുടെ മേലുള്ള നിയന്ത്രണമാണ്. പ്രത്യുൽപ്പാദനത്തിൽ ആധുനിക വൈദ്യശാസ്ത്രത്തിന്റെ വരവോടെ സാധ്യമാകുന്ന അതിനൂതനമായ ചരിത്രപരമായ വികാസങ്ങൾ കൂടി കണക്കിലെടുത്ത് വേണം ഇന്ന് മാതൃത്വം വിചാരണ ചെയ്യപ്പെടേണ്ടതും.







## സംഘടിത കൂട്ടായ്മയിൽ കണ്ണി ചേരാൻ സൃഷ്ടികൾ ക്ഷണിക്കുന്നു

സ്ത്രീകൾക്കെഴുതാനും വായിക്കാനും പ്രസിദ്ധീകരിക്കാനുമുള്ള വേദിയായ സംഘടിതയിലേക്ക് സൃഷ്ടികൾ ക്ഷണിക്കുന്നു. കഥ, കവിത, ലേഖനം, ഓർമ്മക്കുറിപ്പുകൾ, നർമ്മശകലങ്ങൾ, നിരീക്ഷണങ്ങൾ, അമ്മയനുഭവങ്ങൾ, നവമാദ്ധ്യമ അവലോകനങ്ങൾ, പഴയ കുടുംബഫോട്ടോകൾ, സ്ത്രീകളെ സംബന്ധിക്കുന്ന പഴയ പത്രവാർത്തകൾ - പ്രസിദ്ധീകരിക്കാൻ തോന്നുന്ന എന്തും - ക്ഷണിക്കുന്നു. താൽപര്യമുള്ളവർ **sheebakm@gmail.com** എന്ന വിലാസത്തിലേക്ക് സ്വന്തം ഫോട്ടോയും മേൽവിലാസവും ഫോൺ നമ്പറും ഉൾപ്പെടുത്തി അയക്കുമല്ലോ.





ഡോ.ജാൻസി ജോസ്

# വാസ്തവം

എങ്ങനെ ജീവിക്കും എന്നതാണ് ഇന്ത്യ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം.കർഷകർക്കുമേൽ കയ്യാങ്കളികൾ ആരംഭിക്കുക എന്നാൽ സാധാരണ മനുഷ്യരുടെ ജീവനും ജീവിതവും സ്തംഭിപ്പിക്കുക എന്നതു തന്നെയാണ്. മഹാരാഷ്ട്രയിൽ കീടനാശിനി ശ്വസിച്ച് പതിനെട്ടു പേർ മരിക്കുകയും നാന്നൂറ്റി അറുപത്തേഴ് പേർ അത്യാസന്ന നിലയിലാവുകയും ചെയ്തത് ഇതിന്റെ സൂചകമാണ്. സമരം ചെയ്ത കർഷകരെ വിവസ്ത്രരാക്കി നടത്തിച്ച നടപടി രാജ്യത്തിന്റെ ജനാധിപത്യ സ്വഭാവത്തിന് എതിരെ നടത്തുന്ന വെല്ലുവിളിയാണെന്നേ കണക്കാക്കാനാവൂ. കർഷകനെയും ദലിതനെയും ഇല്ലായ്മ ചെയ്യാനുള്ള നീക്കങ്ങൾ ഇന്ത്യയുടെ മതേതര, ജനാധിപത്യ ,ഭൂമി ശാസ്ത്ര വൈവിധ്യത്തെ ഇല്ലായ്മ ചെയ്യുന്നതിനേ സഹായിക്കൂ. മീശ വെച്ചാൽ പോലും മർദ്ദനമേറ്റു വാങ്ങേണ്ടി വരുന്ന ദലിതന്റെ രോദനമാണ് ഇന്ന് ഇന്ത്യയിൽ മുഴങ്ങിക്കേൾക്കുന്നത്. അടിമത്ത തേർവാഴ്ചയുടെ മുഴക്കമാണ് ഈ സംഭവങ്ങളിലൊക്കെ തെളിഞ്ഞു കേൾക്കുന്നത്. അതുകൊണ്ടാവണം താജ്മഹലും പാർലമെന്റും രാഷ്ട്രപതി ഭവനും അടിമത്തത്തിന്റെ പ്രതീകങ്ങൾ എന്ന് സമാജ്‌വാദി പാർട്ടി നേതാവ് അസംഖാൻ പറഞ്ഞു പോയത്.

'മാറാത്ത വ്യാധിക്ക് എത്താത്ത മരുന്ന്' ഇതാണ് ഇന്ന് നമ്മുടെ രാഷ്ട്രം നേരിടുന്ന പ്രധാന പ്രശ്നം. ജീവിക്കാനും മരിക്കാനും പറ്റാത്ത അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തപ്പെട്ടു എന്ന് തന്നെ പറയാം. പരിഷ്കാരങ്ങൾ നല്ലതാണ്, എന്നാൽ അത് ജന നന്മയ്ക്കു വേണ്ടിയായിരിക്കണം. ജി.സ്.ടി എന്ന പുതിയ നികുതി സമ്പ്രദായം ഒരു ജനതയെ ദുരിതത്തിന്റെ കയത്തിലേക്ക് തള്ളിയിട്ടതു പോലായി. ജി.എസ്.ടിയുടെ ഫലങ്ങൾ നമ്മിലേല്പിച്ച ആഘാതങ്ങൾ ചില്ലറയൊന്നുമല്ല. സാധാരണക്കാരന്റെ അറിവുകേടിനെ വിറ്റു കാശാക്കുന്ന കേന്ദ്രതന്ത്രമാണല്ലോ ജി.എസ്.ടി. സർക്കാറുകൾക്കു പോകുന്ന കൊള്ളനികുതി മാത്രമല്ല ഇവിടെ പ്രശ്നം. ബില്ലടിച്ചു തരുന്ന വകുപ്പിലൊക്കെ കാശു കൊടുക്കേണ്ടി വരുന്നു എന്നതുകൂടിയാണ്. ഈ കൊള്ള ജനജീവിതം താറുമാറാക്കിക്കഴിഞ്ഞു. ഇതിനിടയിലാണ് നോട്ടിറക്കലും പിൻവലിക്കലുമൊക്കെ മുറക്കു നടക്കുന്നത്. ഇതിനൊക്കെ വെയിലു കൊള്ളേണ്ടിവരുന്നത് പാവപ്പെട്ട ജനമാണെന്നത് വാസ്തവം.

കേരളം അത്യാവശ്യം സുഖമായി ജീവിക്കാൻ കൊള്ളുന്ന രാമരാജ്യമായിട്ടാണ് ഇന്നും അറിയപ്പെടുന്നത്. പക്ഷെ, ഇക്കഴിഞ്ഞ ദിവസം പാലക്കാട്ടാണ് ഒരമ്മ പട്ടിണി കാരണം തന്റെ അഞ്ചു മക്കളെ അഗതിമന്ദിരത്തിന് കൈമാറിയത്. പട്ടിണിയൊഴിയാത്ത നിരവധി വീടുകൾ ഇന്നും കേരളത്തിലുണ്ട്. അഞ്ചക്ക ശമ്പളക്കാർ ബി.പി.എല്ലിൽ ഇടം പിടിക്കുന്ന നാടായതു കൊണ്ട് നാണക്കേടൊന്നും തോന്നുന്നില്ല എന്നതു നേര്. ബലാത്സംഗങ്ങളെ ആഘോഷമാക്കുന്ന നാടിന് എന്ത് നാണക്കേട് എന്ന് അറിയായ്കയല്ല. സ്ത്രീകളെയും സത്രീപക്ഷവാദികളെയും അടച്ചാക്ഷേപിക്കുന്ന ജയിൽവിടുതൽ സ്വീകരണ മാമാങ്കം എന്തിന്റെയോ ദുസ്സൂചനയായേ കരുതാനാവൂ. സ്ത്രീകളോടും ദളിതരോടും കർഷകരോടുമുള്ള ആക്രമണവും, അടിച്ചമർത്തലും എന്നും നമ്മൾ കണ്ടു കൊണ്ടിരിക്കുന്നതാണ്. നീതിവിരുദ്ധമായ ഓരോ ചുവടുവെയ്പും അകം പൊള്ളുന്ന അനുഭവങ്ങളായി മാറുന്നുണ്ട്. ഇവയൊക്കെ എന്തായി പരിണമിക്കുമെന്ന് ആരുകണ്ടു!

ചർച്ചാവിഷയം


ആഷാറാണി



*മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഒഫ് ഇന്റർനേഷ്നൽ റിലേഷൻസ് എൻഡ് പൊളിറ്റിക്സിൽ ഗവേഷക*


# മാതൃത്വത്തിന്റെ മഹത്വവൽക്കരണം



കുട്ടികളെ കൈയിലെടുത്തും, ശരീരത്തിൽ കെട്ടിവെച്ചും പണിയെടുക്കുന്ന, പരീക്ഷയെഴുതുന്ന, സ്ത്രീകളുടെ ചിത്രങ്ങളെയൊക്കെ മാതൃത്വത്തിന്റെ മഹത്വം എന്നപേരിൽ ഫേസ്ബുക്ക് ഉൾപ്പടെ ഉള്ള പല സമൂഹ മാധ്യമങ്ങളിലും പ്രചരിപ്പിക്കുന്നത് കണ്ടിട്ടുണ്ട് . എന്തുകൊണ്ടാണ് ഈ ചിത്രങ്ങളെ തൊഴിലിടത്തേക്കും, വിദ്യാഭ്യാസ മേഖലയിലേക്കും സ്ത്രീക്ക് പേറേണ്ടിവരുന്ന അധിക ഉത്തരവാദിത്വം എന്നോ മറ്റോ ഒരു ക്യാപ്ഷൻ വരാതിരുന്നത്. അല്ലായെങ്കിൽ, ഇത്തരം ചിത്രങ്ങൾ പുരുഷന്മാരുടേതായി വരാറുണ്ടോ? കുട്ടികളെ എടുത്തു പണിചെയ്യുന്ന പുരുഷൻ, പരീക്ഷ എഴുതുന്ന പുരുഷൻ, ബിസിനസ് സ്ഥാപനങ്ങളിലോ, പ്രസന്റേഷൻ റൂമിലോ നിൽക്കുന്ന? ഇല്ലെന്ന് തോന്നുന്നു, ഉണ്ടെങ്കിൽ അത് തീർച്ചയായും, അപകടത്തിൽ അമ്മ നഷ്ടപ്പെട്ട കുഞ്ഞിന്റെ കഥയോ, അല്ലെങ്കിൽ കുഞ്ഞിനെ ഉപേക്ഷിച്ചു പോയ ക്രൂരയായ അമ്മയുടെ കഥയോ ആയിരിക്കും, വിക്ടിം അല്ലെങ്കിൽ പ്രതിനായികയാണ് പുരുഷനിൽ മാതൃത്വത്തിന്റെ ഉത്തരവാദിത്വങ്ങൾ ഏൽപ്പിച്ചു പോകുന്ന സ്ത്രീ. മാതൃത്വത്തെ മഹത്വവൽക്കരിക്കുകയും, അതുവഴി സ്ത്രീയുടെ കുട്ടിയെ വളർത്താനും പരിപാലിക്കാനും ഉള്ള ഉത്തരവാദിത്വം സ്വാഭാവികം ആക്കുകയും ചെയ്യുന്നതിലൂടെ വീടിനുള്ളിലേക്ക് തന്നെ ചുരുങ്ങേണ്ടി വരുന്ന സ്ത്രീകളാണ് വർത്തമാന കാലത്തു പോലും ഭൂരിപക്ഷം.സാമൂഹികവും, സാമ്പത്തികവും ആയ പ്രിവിലേജുകൾ പേറുന്ന ഒരു ചെറു വിഭാഗം സ്ത്രീകൾ ഒഴിച്ച്.

സ്ത്രീക്ക് മേൽക്കോയ്മ ഉണ്ടായിരുന്ന സ്വതന്ത്ര ലൈംഗികത നിലനിന്നിരുന്ന ആദിമ സമൂഹങ്ങളിൽ നിന്നും മുതാളിത്തത്തിനും കമ്പോളത്തിനും സ്വീകാര്യമാകുന്ന രീതിയിലുള്ള പൗരന്മാരെ വാർത്തെടുക്കുന്ന ഉപകരണങ്ങൾ ആയി മാറ്റപ്പെട്ട സ്ത്രീകളുടെ വർത്തമാനകാല ചരിത്രം വരെ മാതൃത്വത്തിന്റെ ഇടപെടൽ സ്ത്രീ ജീവിതത്തിൽ നടത്തുന്ന സ്വാധീനം ശ്രദ്ധയമാണ്. അതുകൊണ്ടു തന്നെ സ്വതന്ത്രമായ സ്ത്രീ എന്ന ഐഡന്റിറ്റിയിലേക്കുള്ള യാത്ര ഇത്തരം വാർപ്പ് മാതൃകകളുടെ നിരാസത്തിൽ നിന്ന് മാത്രമേ സാധ്യമാകു. മാതൃത്വത്തെ പ്രതി സമൂഹം കെട്ടിയേല്പിക്കുന്ന മൂല്യങ്ങളെ പരിശോധിച്ചാൽ അറിയാം അത് കൃത്യമായ പുരുഷ മേധാവിത്വസ്വഭാവം പേറുന്നവയാണ് എന്ന്. മതം, സംസ്കാരം, സമൂഹത്തിൽ നിലനിൽക്കുന്ന മറ്റു കീഴ്‌വഴക്കങ്ങൾ എല്ലാം, പുരുഷ കാമനകളെ അടിസ്ഥാന പ്പെടുത്തിയുള്ളവ അടുത്ത തലമുറയിലേക്കു വിനിമയം ചെയ്യാനുള്ള ഉപാധികൂടിയാണ് പുരുഷന് സ്ത്രീയും, മാതൃത്വ സങ്കൽപ്പങ്ങളും.. അത് കൊണ്ട് തന്നെ ഇത്തരം സങ്കല്പ്പങ്ങളെ തള്ളിക്കളയുകയും, കൂടുതൽ ജനാധിപത്യ പരവും, സ്ത്രീപക്ഷ പരവുമായ ഒന്നിനെ അവിടെ വയ്ക്കുകയും ചെയ്യുന്നത് അടുത്ത തലമുറയ്ക്ക് മാറ്റി ചിന്തിക്കാനുള്ള ഒരു അവസരം ഒരുക്കലാണ്.

കുട്ടികളെ വ്യക്തികളായി കാണാനോ, അവരുടെ സ്വതന്ത്ര



ചിന്തകളെ സ്വീകരിക്കുകയോ ചെയ്യുന്ന രീതി പാട്രിയാർക്കൽ വ്യവസ്ഥിതിയിൽ ഇല്ല. അത് കൊണ്ട് തന്നെ സ്ത്രീയയുടെ മാതൃത്വം എന്ന അവസ്ഥയെ ചൂഷണം ചെയ്തു കൊണ്ട് നടത്തുന്നത്, അടുത്ത തലമുറയെ കൂടി ഈ മൂല്യങ്ങളെ പിന്തുടരുന്നവരാകുക എന്നതാണ്. ഇവിടെ സ്ത്രീകളെ പോലെ തന്നെ അടിച്ചമർത്തപ്പെട്ട മറ്റൊരു identiy ആണ് കുഞ്ഞുങ്ങൾ. കുഞ്ഞുങ്ങൾ , പൂർണ വളർച്ച എത്താത്ത വ്യക്തികൾ എന്ന പരിഗണന നൽകി കുട്ടിയെ വളർത്തുക എന്നതാണ് പ്രധാനം. അത് വളരെ പ്രാഥമിക തലം മുതലേ, കുട്ടി എന്ന നിലയിലെ അവരുടെ എല്ലാത്തരം പോരായ്മകൾക്കും ഒപ്പം നിന്നുകൊണ്ട് തന്നെ അവരെ സ്വതന്ത്ര വ്യക്തികളായി വളരാൻ അനുവദിക്കുക എന്നതാണ്. വിശ്വാസം, ഭക്ഷണ രീതികൾ, വ്യത്യസ്തകൾ എല്ലാം അംഗീകരിക്കാനും, യോജിക്കാനും, വിയോജിക്കാനും, കരയാനും, ദേഷ്യപ്പെടാനും എല്ലാത്തിനും അപ്പുറം മനുഷ്യർ തമ്മിൽ യോജിപ്പിന്റെ ചില തലങ്ങൾ ഉണ്ടെന്നു തിരിച്ചറിയാനും സഹായിക്കലാണ് എനിക്ക് മാതൃത്വം. മതത്തെയും വിശ്വാസത്തെയും നിഷേധിക്കുന്ന മാതാപിതാക്കളുടെ കുട്ടിക്ക് മതത്തിൽ വിശ്വസിക്കാനും അല്ലെങ്കിൽ വിശ്വാസികളെ ബഹുമാനിക്കാനും കൂടി ഉള്ള അവകാശം അംഗീകരിക്കലുണ്ട് അതിൽ. മറ്റുള്ളവരുടെ ഭക്ഷണരീതികൾ, വസ്ത്രധാരണം, അഭിപ്രായങ്ങൾ ഇവയെല്ലാം നമ്മുടെ പോലെ തന്നെ അവരുടെയും ചോയ്സ് ആണെന്നും, അതിനെ ജനാധിപത്യപരമായി സമീപിക്കുക എന്നതാണ് കുട്ടിയോട് പറയാൻ ശ്രമിക്കുന്നത് . ഏറ്റവും അവസാനമായും ഏറ്റവും പ്രധാനമായും സമൂഹം കെട്ടിപ്പിടിക്കുന്ന ലിംഗവിവേചനങ്ങളെ തള്ളിക്കളയാനും കൂടി.

ഫ്യൂഡലിസത്തിൽ നിന്നും ജനാധിപത്യത്തിലേക്ക് നേരെ അധികാര കൈമാറ്റം നടന്ന ഒരു സമൂഹത്തിൽ ഇതെല്ലം വെല്ലുവിളികളാണ്. ഇവിടെ കമ്പോളവും, ജനാധിപത്യവും, വിപ്ലവവും, ചൂഷണവും എല്ലാം ഒരേ പോലെ ടെൻഡർ ഏറ്റെടുത്തു നടത്തുന്നത് ഈ ഫ്യൂഡൽ വർഗം ആയതുകൊണ്ട് കൂടുതൽ ജനാധിപത്യപരമാകാനുള്ള പരീക്ഷണലാബാണ് ഓരോ അമ്മ ജീവിതവും.

ലേഖനം

**ദിവ്യ .എൻ**






# പൊതുയിടങ്ങളിലെ സ്ത്രീകളും സമകാലീന മുഖ്യധാരാ വീക്ഷണങ്ങളും

*(ഡൽഹി ജവഹർലാൽ നെഹ്റു സർവകലാശാലയിലെ മുൻഗവേഷകയും ഇപ്പോൾ തൃശ്ശൂർ ശ്രീ കേരള വർമ്മ കോളേജിലെ ഇംഗ്ലീഷ് വിഭാഗം അധ്യാപികയുമാണ്)*

സമകാലീന സാമൂഹിക സംഭവ വികാസങ്ങളിൽ സ്വതന്ത്ര ചിന്താഗതി വച്ച് പുലർത്തുന്ന സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ മുതിർന്ന പത്രപ്രവർത്തക ഗൗരി ലങ്കേഷിന്റെ മരണം വരെ എത്തി നില്ക്കുമ്പോൾ സാമൂഹിക നിർമ്മിതിയിലെ സ്ത്രീകളുടെ സാന്നിധ്യവും സമൂഹത്തിനു അവരുടെ നേരെയുള്ള സമീപനവും ചർച്ച ചെയ്യപ്പെടേണ്ടി വരുന്നു . സാമൂഹികപ്രവർത്തകയായ സ്ത്രീ മുതൽ മാധ്യമ പ്രവർത്തകയായ സ്ത്രീ വരെ പുരുഷാധിപത്യ കേന്ദ്രീകൃത സമൂഹത്തിന്റെ കറുപ്പും വെളുപ്പും കലർന്ന ശരി തെറ്റുകളുടെ കളത്തിലേക്ക് കയറി നി ല്ക്കാൻ ഇന്നും നിർബ്ബന്ധിക്കപ്പെടുന്നുവെന്നത് സത്യമാണ്. പൊതുയിടത്തിലെ സ്ത്രീയുടെ സുരക്ഷ അത്യന്തം പരിതാപകരമായ ഒന്നായി തു ടർന്ന് കൊണ്ടിരിക്കുന്നു. കലാകായിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന സ്ത്രീകളുൾപ്പെടെ അനേകം പേർ തിക്താനുഭവങ്ങളിലൂടെ കടന്നു പോകാൻ വിധിക്കപ്പെടുന്നു. ഏതൊരു സ്ത്രീയെയും ശാരീരികമായി ആക്രമിച്ചു തോല്പിക്കാം എന്ന തെറ്റായ ചിന്താഗതിയാണ് ഈ അതിക്രമങ്ങൾക്ക് പിന്നിൽ. ഭൗതിക മരണത്തിനു ശേഷവും ശക്തമായ ആശയങ്ങൾ കൊണ്ട് ഏതൊരു സ്ത്രീയ്ക്കും ശക്തമായി മറ്റുളവരുടെ മനസ്സിൽ ജീവിക്കാൻ കഴിയും എന്ന് ഉൾകൊള്ളാൻ കഴിയാത്തവർ ആണ് ഇങ്ങനെ സ്ത്രീയുടെ സ്വത്വത്തെ കേവലം ഭൗതികമായി നശിപ്പിക്കാൻ ശ്രമിക്കുന്നത്.

തങ്ങളുടെ അഭിപ്രായ സ്വാതന്ത്ര്യം പൊതു മേഖലയിൽ വിനിയോഗിക്കുന്ന സ്ത്രീ നേരിടേണ്ടി വരുന്ന വെല്ലുവിളികൾ അനവധിയാണ് . പലപ്പോഴും സമൂഹത്തിലെ സംഭവ വികാസങ്ങളെ കുറിച്ച് സ്വതന്ത്ര വീക്ഷണങ്ങൾ പറയുന്ന പല സ്ത്രീകളുടെയും നിലനിൽപ്പ് പോലും അപകടത്തിലാണ്. സമകാലീന വ്യവസ്ഥയിൽ വനിതാ മാധ്യമ പ്രവർത്തകരും പൊതു പ്രവർത്തകരും അഭിപ്രായ പ്രകടനങ്ങളുടെ പേരിൽ അനുഭവിക്കേണ്ടി വരുന്ന പ്രശ്നങ്ങൾ



അനവധിയാണ്. സ്വാതന്ത്ര്യവും സ്വാശ്രയവും ഉള്ള സ്ത്രീയുടെ ബൗദ്ധിക പരാമർശങ്ങൾ മിക്കപ്പോഴും ദുർബലം എന്ന രീതിയിൽ തള്ളികളയപ്പെടുന്നുണ്ട് ഇന്നും എന്നത് ദൗർഭാഗ്യകരമാണ് പുരോഗമന ചിന്താധാര വച്ച് പുലർത്തുന്നുവെന്ന് അഭിമാനിക്കുന്ന സമൂഹത്തിൽ പോലും പൊതുയിടങ്ങളിലെ സ്ത്രീയ്ക്ക് അദൃശ്യമായ പെരുമാറ്റ സംഹിതകളും വിലക്കുകളും ഉണ്ട്. അവർ എന്ത് പറയണമെന്നും എന്ത് പ്രവർത്തിക്കണമെന്നും അടിച്ചേല്പ്പിക്കാൻ ശ്രമിക്കുന്ന സാഹചര്യങ്ങൾ ഇന്നും ധാരാളം ഉണ്ട്. ഈ അടിച്ചേല്പ്പിക്കലുകൾ ധീരമായി മറി കടന്നു തന്റെ വീക്ഷണങ്ങളും അഭിപ്രായങ്ങളും പറയാൻ ധൈര്യം കാണിക്കുന്ന സ്ത്രീയിന്നും പലയിടങ്ങളിലും ബലിയാടാക്കപ്പെടുന്നു. സ്വതന്ത്ര അഭിപ്രായങ്ങളുടെയും വീക്ഷണങ്ങളുടെയും പേരിൽ മരിക്കേണ്ടി വരുന്ന സാഹചര്യം ഒരു ജനാധിപത്യവ്യവസ്ഥയെ സംബന്ധിച്ച് അത്യന്തം പരിതാപകരമായ അവസ്ഥയാണ്.

പൊതു ഇടങ്ങളിലെ സ്ത്രീ സർവ്വംസഹയായിരിക്കണമെന്നും സ്വന്തം വ്യക്തി ജീവിതം പോലും സമൂഹത്തിനു വേണ്ടി മാത്രം ത്യജിച്ചു ജീവിക്കണം എന്നും തെറ്റായി ശഠിക്കുന്ന ഒരു വ്യവസ്ഥയിലാണ് നാമിന്നും പലപ്പോഴും ജീവിക്കുന്നത്. നീണ്ട പതിനാറു വർഷം ഒരു ജനതയ്ക്ക് വേണ്ടി സമരം അനുഷ്ഠിച്ച ശേഷം സമരം പിൻവലിച്ചപ്പോൾ അവരുടെ പൊതുബോധത്തിൽ നിന്ന് നിഷ്കാസനം ചെയ്യപ്പെട്ട ഇറോം ഷർമിള ഈ ഒരു നിഷ്കർഷയുടെ ഉത്തമ ഉദാഹരണമാണ് അവരുടെ ജനപിന്തുണ നഷ്ടമായ അവസ്ഥ നാം അവലോകനം ചെയ്യേണ്ടത് ജനാധിപത്യവ്യവസ്ഥയിലെ സ്ത്രീകളുടെ സ്ഥാനം എന്ന വിശാല ഘടനയിലൂടെയാണ്. ഒരു ജനതയ്ക്ക് വേണ്ടി നീണ്ട കാലം നിരാഹാരം അനുഷ്ഠിച്ച ശേഷം അത് ഉപേക്ഷിച്ചപ്പോൾ ജനപിന്തുണ നഷ്ടമായ ഒരു സ്ത്രീയുടെ സാന്നിധ്യം ജനാധിപത്യവ്യവസ്ഥയെ സംബന്ധിച്ച് ത്യാഗി അല്ലെങ്കിൽ ബലിയാടോ രക്തസാക്ഷിയെന്നു മാത്രമാണോ എന്ന് നാം ചിന്തിക്കേണ്ടതുണ്ട് . തനിക്ക് ഒരു രക്തസാക്ഷിയാകാനല്ല പോരാളിയും പ്രതിനിധിയും ആകാനാണ് താല്പര്യം എന്നവർ ലോകത്തോട് വിളിച്ചു പറഞ്ഞപ്പോൾ അവർ പൊതുബോധത്തിന്റെ പുറമ്പോക്കിലേക്ക് തള്ളപ്പെട്ടു.

സ്ത്രീയ്ക്ക് അധികാരം നിഷിദ്ധമാണ് അല്ലെങ്കിൽ അധികാരം വേണ്ട വണ്ണം ഉപയോഗിക്കാൻ കഴിയില്ല എന്ന പുരുഷകേന്ദ്രീകൃതമായ വ്യവസ്ഥയുടെ തെറ്റായ ബോധമാണോ ഇത് പോലുള്ള സംഭവങ്ങൾക്ക് പിന്നിൽ എന്ന് നാം ആലോചിക്കേണ്ടി വരുന്നു. ഗൗരി ലങ്കേഷിന്റെതു ഭൗതിക മരണമായിരുന്നെങ്കിൽ ഇറോം ഷർമ്മിളയിൽ അടിച്ചേല്പ്പിക്കപ്പെട്ടത് ഒരു പൊതുബോധത്തിന്റെ മരണമായിരുന്നു. ഭരിക്കാനും വിമർശിക്കാനുമല്ല ത്യജിക്കാനും സഹിക്കാനും മാത്രമേ സ്ത്രീയ്ക്ക് അവകാശം ഉള്ളൂ എന്ന തെറ്റായ സന്ദേശം നൽകാനാണ് ഇങ്ങനെയുള്ള സംഭവങ്ങൾ ശ്രമിക്കുന്നത്

ഇത്തരത്തിൽ ഉള്ള നികൃഷ്ടപ്രവണതകൾ സമകാലീന ചുറ്റുപാടിൽ നമുക്ക് മുന്നിൽ സ്ത്രീ സ്വാതന്ത്ര്യത്തിനെയും സ്ത്രീ സുരക്ഷേയേയും കുറിച്ച് ഒരു പുനരവലോകനം നടത്തേണ്ട ആവശ്യകത തുറന്നു കാണിക്കുന്നു. സ്ത്രീയ്ക്ക് പുരുഷനെ പോലേ തന്നെ തന്റെ അഭിപ്രായങ്ങളും വിമർശനങ്ങളും തുറന്നു പറയാനുള്ള വേദി ഉണ്ടാകണം. വീടുകളിലും പൊതു ഇടങ്ങളിലും സ്ത്രീകളുടെ സുരക്ഷയും പ്രവർത്തന സ്വാതന്ത്ര്യവും ഉറപ്പു വരുത്താൻ നമുക്ക് ആകണം. ശക്തമായി അക്ഷരങ്ങളിലൂടെയും വാക്കുകളിലൂടെയും പ്രവർത്തികളിലൂടെയും സമൂഹത്തിൽ നടക്കുന്ന അനീതികൾക്ക് എതിരെ പ്രവർത്തിക്കുന്ന സ്ത്രീകളെ നമ്മുടെ സമൂഹത്തിന് ആവശ്യമാണ്.

സ്ത്രീകൾ ആഗ്രഹിക്കുന്ന പോലെ അവർക്ക് പൊതു വിഷയങ്ങളിൽ നിർഭയം ഇടപെടാനും അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനും പറ്റുന്ന സാഹചര്യം നാം സൃഷ്ടിച്ചേ മതിയാകൂ. പ്രഗല്ഭരും ശക്തരുമായ സ്ത്രീകളുടെ ഇടപെടലുകൾ ഇനിയും പൊതു രംഗത്ത് ഉണ്ടാകേണ്ടത് ജനാധിപത്യത്തിന്റെ സന്തുലിത വ്യവസ്ഥ സംരക്ഷിക്കാൻ അത്യന്താപേക്ഷിതമാണ് എന്ന് നമ്മൾ തിരിച്ചറിയേണ്ടിയിരിക്കുന്നു. കവി രബീന്ദ്രനാഥ ടാഗോർ ഗീതാഞ്ജലിയിൽ പറഞ്ഞ പോലെ മാനസം നിർഭയവും, അറിവ് സ്വതന്ത്രവും, വാക്കുകൾ സത്യത്തിന്റെ ആഴത്തിൽ നിന്നും ബഹിർഗമിക്കുകയും ചെയുന്ന സ്വാതന്ത്ര്യത്തിന്റെ സ്വർഗത്തിൽ ആവണം നമ്മൾ ഉണരേണ്ടത്.


ചർച്ചാവിഷയം

പ്രവീണ താലി

lead

**മാ**തൃത്വം എന്ന് മലയാളത്തിൽ പറയുന്ന വികാരത്തെ ഒരു ദളിത്സ്ത്രീ എന്ന നിലയിൽ വായിക്കണമെങ്കിൽ കുറച്ചു ചരിത്രത്തിലേക്ക് പോകേണ്ടി വരുമെന്നു തോന്നുന്നു . കാരണം എന്റെ വല്യമ്മയൊക്കെ അമ്മയെ അമ്മി എന്നാണ് വിളിച്ചുകൊണ്ടിരുന്നത്, കാലക്രമേണ അമ്മ സ്വീകാര്യമായ പേരു അമ്മി ഓർമ്മയിലാവുകയും ചെയ്തു. അപ്പോൾ ദളിത് ഭാഷാശാസ്ത്ര പ്രകാരം അമ്മത്തം എന്ന് കൂടി വിളിക്കാവുന്ന ദളിത് മാതൃത്വം സോകോൾഡ് അമ്മസങ്കല്പങ്ങളോട് എവിടെയൊക്കെ വ്യത്യസ്തപ്പെട്ടിരിക്കുന്നു എന്നാണ് ഈ കുറിപ്പിലെ അന്വേഷണം.


ദളിത്സ്ത്രീകൾ എന്നത് പൊതുവായി അമ്മ എന്ന അർത്ഥത്തിൽ സമൂഹം അംഗീകരിക്കുന്ന ഒരു വ്യക്തിത്വം ആയുള്ള ചിത്രീകരണം ഇന്ത്യൻ സമൂഹത്തിൽ ഉണ്ടായിട്ടില്ല. തൊഴിലാളി സ്ത്രീ എന്നതാണ് പൊതുവെയുള്ള അടയാളപ്പെടുത്തൽ, കാരണം കുലസ്ത്രീ കാറ്റഗറിയിൽ വരുന്ന സവർണഹിന്ദു /ക്രിസ്ത്യൻ സ്ത്രീകളും തറവാട്ടമ്മകളുമാണ് പൊതുവിൽ കേരള സമൂഹത്തിന്റെ അമ്മമാതൃകകൾ, ഈ അമ്മയെ സഹായിക്കുന്ന പണിക്കാരത്തി സ്ത്രീകളാണ് ദളിത് കീഴാള അമ്മമാർ. ഇവരുടെ അമ്മത്വം പൊതുസമൂഹത്തിന്റെ അംഗീകാരത്തിന്റെ ലെവലിലേക്കുവരാത്തതിനാൽ ഇവർ മാതൃത്വ ഇമാജിനേഷനുകൾക്കു പുറത്താവുകയും മുഖ്യധാരാ നോവലിലുമൊക്കെ അതിലൈംഗികത പ്രസരിപ്പിക്കുന്ന വേലക്കാരികളായി പരിണമിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ അടൂർഗോപാലകൃഷ്ണന്റെ എലിപ്പത്തായതിലും മറ്റും കാണുന്ന ആസക്തിയുള്ള കറുത്ത സ്ത്രീശരീരങ്ങൾ കാണുമ്പോൾ, വീടിനടുത്തുള്ള സവർണരുടെ വീടുകളിൽ പണിക്കുപോയിരുന്ന എന്റെ വല്യമ്മയും അമ്മയും ഒക്കെയല്ലേ ഈ ചിത്രീകരണത്തിലൂടെ അപമാനിക്കപ്പെടുന്നതെന്നു പലപ്പോഴും തോന്നാറുണ്ട്. അതുപോലെ തന്നെ ദേവകിനിലയങ്ങോടിനെയും കമല സുരയ്യയുടെയുമൊക്കെ അമ്മ മുത്തശ്ശി ഓർമ്മകൾ മുഖ്യധാരാ ആഴ്ചപതിപ്പുകളിൽ വായിച്ചപ്പോൾ, ഈ ശംഖു തോൽക്കുന്ന നഖങ്ങൾ ഉള്ള മുത്തശ്ശിമാർക്കു പകരം കാലിലും ചിലപ്പോ കൈയിലുമൊക്കെ കുഴിനഖം കാണാൻ സാധ്യതയുള്ള അമ്മച്ചിമാരെ പറ്റി എഴുതിയാൽ കേരളം ആഘോഷിക്കു



മോന്നു മനസ്സിൽ ചോദ്യം ചെയ്തിരിക്കുമായിരുന്നു. എന്നാൽ മുഖ്യധാരയിലല്ലെങ്കിലും ദളിത് കവിതകളിൽ ദളിത് അമ്മമാരുടെ ജീവിതങ്ങൾ ആദരവോടുകൂടി വരച്ചിടുന്നത് വായിക്കാറുണ്ട്.

ദളിത്സ്ത്രീ അമ്മത്തത്തെകുറിച്ചുള്ള ചരിത്രാന്വേഷണങ്ങൾ എത്തിച്ചേരുക ജാതിഅടിമത്തമായി ബന്ധപ്പെട്ട ക്രയവിക്രയങ്ങളിലായിരിക്കും. പ്രസവിക്കാൻ കഴിവുള്ള സ്ത്രീകൾക്ക് വിലക്കൂടുതലായിരുന്നതിനാൽ, അവരുടെ അമ്മത്തം തന്നെ സ്വന്തം നിയന്ത്രണത്തിലല്ലായിരുന്നെന്നു വേണം പറയാൻ. പിന്നീട് അടിമവ്യാപാര നിരോധന വിളംബരവും കഴിഞ്ഞു ഏകദേശം എൺപതുവർഷത്തോളം കഴിഞ്ഞു, കൃത്യമായ വ്യവാഹിക-കുടുംബവ്യവസ്ഥയിലേക്ക് ദളിത് സ്ത്രീകൾ കടന്നുവരുമ്പോഴേക്കും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾ പിന്നിട്ടു, അപ്പോഴും ദളിത് മാറു മറക്കാനുള്ള അവകാശം(കല്ലുമാല ഉപേക്ഷിക്കൽ), മക്കൾക്ക് വിദ്യാഭ്യാസം ലഭിക്കാനുള്ള കാർഷികസമരം തുടങ്ങിയ നിരവധി പൗരാകാശങ്ങൾ കൂടി സമരം ചെയ്തുകൊണ്ടാണ് തങ്ങളുടെ സ്ത്രീത്വം കുടുംബിനി അമ്മ ദ്വന്ദ്വത്തിലൊതുങ്ങുന്നത് മാത്രമല്ല എന്ന് തെളിയിക്കുന്നത്.

കേരള നവോത്ഥാനവും ആധുനികതയും മുന്നോട്ടുവെച്ച കുടുംബവ്യവസ്ഥിതിയുടെ, ഭാഗമാകാൻ കീഴാളരിലെ ദളിതരൊഴികെയുള്ള വിവിധ സമുദായങ്ങൾക്ക് കഴിഞ്ഞു. കാരണം അവർ അസ്പൃശ്യത നേരിട്ടിരുന്നില്ല. ദളിതർ സ്വാഭാവികമായും തങ്ങൾ പണിയെടുക്കുന്ന ജന്മിയുടെ സ്ഥലത്തു കുടികിടപ്പു നടത്തുന്നതിനാൽ, അവിടെ ദളിത്സ്ത്രീകൾ പണിക്കുപോകുന്നതിനു സമയപരിധി നിശ്ചയിച്ചിരുന്നില്ല, ഇതു സ്വാഭാവികമായും ദളിത്സ്ത്രീകളുടെ അമ്മ സമയത്തെ ഹനിച്ചിരുന്നു, കുട്ടികളോടൊത്തു സമയം ചെലവാക്കൽ, കെയറിങ് പ്രസവരക്ഷ ഒക്കെ ചേർന്ന പ്രാരംഭ അമ്മത്തത്തെ ഈ അടിമത്വം പൂർണമായും റദ്ദുചെയ്തു പോന്നു. മാത്രമല്ല മാതൃത്വമായി ബന്ധപ്പെട്ട പൊതുവായ കാര്യങ്ങളൊന്നും തന്നെ ദളിത്സ്ത്രീകൾക്കു ബാധകമല്ലെന്ന് കാണാം, അവരുടെ പ്രസവത്തെ 'കുരങ്ങിടൽ ' എന്നാണ് സവർണർ വിളിച്ചിരുന്നത്, ഇതിൽ നിന്നും അവർ ഒരു മനുഷ്യ കുഞ്ഞിനെയല്ല മൃഗത്തെയാണ് ഗർഭം ധരിക്കുകയും പ്രസവിക്കുകയും ചെയ്യുന്നതെന്നുമാണ് സൂചിപ്പിക്കുന്നത് . ഇങ്ങനെ ദളിത് മാതൃത്വത്തെ മാനുഷികഭാവമില്ലാതാക്കി ചിത്രീകരിക്കുന്നത്തിന്റെ ഭാഗമായി ഒരു പടി കടന്ന്, അവരുടെ കുട്ടികളെ, കിടാത്തൻ, കിടാത്തി , കുഴിയാൻ, കുഴിയത്തി എന്നൊക്കെയാണ് വിളിച്ചു പോന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ പോലും മനുഷ്യപദവി ലഭിക്കാതിരുന്ന ഒരു ജനവിഭാഗത്തിന്റെ സ്ത്രീകളുടെ മാതൃപദവിയെക്കുറിച്ചു ആലോചിക്കുമ്പോൾ, മാതൃത്വം സമം മൃദുലവികാരം എന്നതിനപ്പുറം സമ്മിശ്രചിന്തകളാണ് മനസ്സിലേക്കോടിയെത്തുന്നത്. കുഞ്ഞിന് മുലകൊടുക്കാൻ കഴിയാതെ മുല വീങ്ങി ദീനം വന്ന അടിമയായ അമ്മയുടെയും മരത്തിലെ തുണിത്തൊട്ടിലിൽ കിടന്ന് വിശന്നു കരഞ്ഞു ഉറുമ്പരിച്ചുമരിച്ച കുഞ്ഞിന്റെയും കഥകേട്ട് ഉറക്കം വരാതെ തിരിഞ്ഞും മറിഞ്ഞും കിടന്നിട്ടുള്ള കുട്ടിക്കാലമാണ് എനിക്കുള്ളത്.



"ഞാൻ അയ്യൻകാളിയുടെ പള്ളിക്കൂടത്തിനു കല്ല് ചുമന്നവളാടാ"എന്ന് മക്കളോട് പറയാറുണ്ടായിരുന്ന എന്റെ വല്യമ്മയൊക്കെ മുന്നോട്ടുവെച്ച പ്രത്യേക തരം അമ്മത്തങ്ങൾ രാഷ്ട്രീയ പ്രഖ്യാപനം കൂടിയായിരുന്നെന്ന് കാണാം. എങ്ങനെ അടിമത്തത്തോടും ജാതിയോടുമെല്ലാം പടപൊരുതി ഞങ്ങളെ ഞങ്ങളാക്കിയ അമ്മമാർ, ഒരു വ്യക്തിയെ ഏറ്റവും പിന്നോട്ടടിക്കുന്ന ജാതിയും, വംശീയതയുമൊക്കെ മറികടന്നു ദളിതർ ഉന്നതവിദ്യാഭാസസ്ഥാപനങ്ങളിലും തൊഴിലിടങ്ങളിലുമൊക്കെ എത്തിചേർന്നത് ഈ അമ്മമാരുടെ നിശ്ചയദാർഢ്യത്തിന്റെ ഊർജ്ജം കൊണ്ടാണെന്ന കാര്യത്തിൽ സംശയമേതുമില്ല.. അവരുടെ പിൻതലമുറയിൽപ്പെട്ട അമ്മമാർ രോഹിതിന്റെ 'അമ്മ , ഇലവരശന്റെ' അമ്മ അങ്ങനെ ഹിന്ദുഫാഷിസത്തിനും ജാതിക്കും വെല്ലുവിളിയുയർത്തുന്ന പ്രതിരോധവും ആശയവുമൊക്കെ തീർക്കാൻ പ്രാപ്തരായ മക്കളെ വളർത്തിയെടുക്കുന്ന ദളിത് അമ്മത്തങ്ങൾകൂടി ഉൾപ്പെടുത്താതെ ഇനി മാതൃത്വ പഠനങ്ങൾപൂർണമാവില്ല.

വഴിത്താരകൾ

**ജാനകി**





# അമ്മയും മകളും



വര : സംഗീത



**ഓ**ണമാകുന്നതോടെ ആഘോഷങ്ങളുടെ പൂരമാണെങ്കിലും സ്കൂൾ തുറന്നാൽ അവധിക്കാല ഉല്ലാസങ്ങൾ മാഞ്ഞു പോകാൻ അധികം സമയം വേണ്ടി വരാറില്ല. അവധിയുടെ സന്തോഷങ്ങളെ പാടേ തകർക്കാൻ എന്ന പോലെയാണ് പരീക്ഷാ പേപ്പറുകളും കൊണ്ട് ടീച്ചർമാരുടെ വരവ്. പൊതുവെ ചീരുവിന് ഈ ആചാരത്തെ അത്ര പേടിയോ അതു കാരണം വിഷമമോ ഇല്ല. കാരണം, കഥകളും കവിതകളും നാടകവും ഒക്കെയാണ് തനിക്കു പറഞ്ഞിട്ടുള്ളതെന്നും, അതിൽ അവളും അവളുടെ വീട്ടുകാരും പൂർണമായും സന്തുഷ്ടരാണെന്നും അവൾ പല രീതിയിൽ ടീച്ചർമാരെ ധരിപ്പിച്ചിരുന്നു. അതിൽ ടീച്ചർമാർക്ക് ചെറിയൊരു മുറുമുറുപ്പുണ്ടെന്നും അവൾക്കറിയാമായിരുന്നു.

എങ്കിലും തീരെ മോശമല്ലാത്ത മാർക്ക് കണക്കിൽ കിട്ടണമെന്ന ഒരു നിർബന്ധം മാത്രം അവൾക്ക് ഉണ്ടായിരുന്നു. ലാസ്റ്റ് ബെഞ്ചിൽ ഇരിക്കുന്ന മേരിയുടെ മുഖത്തെ പരിഭ്രമം കണ്ട് അവൾക്ക് ചിരി വന്നു. എപ്പോഴും നൂറിൽ നൂറ് കിട്ടുന്ന മേരിക്കെന്തിനാണിത്ര ടെൻഷൻ?

ടീച്ചർ വന്നു. പേപ്പർ വിതരണം നടന്നു. ടീച്ചർ ചീരുവിനെ നോക്കി കണ്ണുരുട്ടി കാണിച്ചു. ചീരു അത് കണ്ടില്ലെന്നു നടിച്ചു. കഷ്ടി അറുപത് ശതമാനം ഉണ്ടെന്നു ആശ്വസിച്ചു. ബെല്ലടിക്കാൻ കാത്തിരുന്നു. ചിലരുടെ മുഖം മ്ലാനമായിരുന്നു .ചിലർ നേട്ടങ്ങളുടെ നിറവിൽ. മറ്റു ചിലർ അഹങ്കാരത്തിന്റെ അങ്ങേയറ്റത്ത് വിലസി. വീട്ടിലേക്കു പോകാനുള്ള സമയം അടുക്കുംതോറും ചിലർക്ക് അങ്കലാപ്പും പരിഭ്രമവും കൂടി വന്നു. പക്ഷേ ചീരുവിനെ അത്ഭുതപ്പെടുത്തിയത് മേരിയാണ്. കണക്കിൽ ഇത്തവണ മാർക്ക് കുറഞ്ഞ വിഷമത്തിൽ അവൾ വീട്ടിൽ പോകാൻ ഭയന്ന് മടിച്ച് വരാന്തയിൽ നിൽക്കുകയായിരുന്നു. എത്രമാത്രം കുറഞ്ഞിട്ടാണവൾ ഇരുണ്ട , കനത്ത മുഖവുമായി നിൽക്കുന്നത്? സഹപാഠികളോട് തെല്ലകലം പുലർത്തിയിരുന്ന മേരിയോട് അറച്ചറച്ചാണ് ചീരു ചോദിച്ചത്:"ഇത്രയും വിഷമിക്കാൻ മാർക്ക് എത്ര മാത്രം കുറഞ്ഞിട്ടുണ്ട്? ' ' തനിക്ക് മനസ്സിലാവില്ലെടോ. നൂറിൽ ഒരു മാർക്ക് പോയി. തൊണ്ണൂറ്റിയൊൻപതേ ഉള്ളൂ." വിശ്വസിക്കാനാവാതെ പകച്ചു നിന്ന ചീരുവിനെ നോക്കി മേരി വിശദീകരിച്ചു." മമ്മിയ്ക്ക് നിർബന്ധമാണ് ഫുൾ കിട്ടണമെന്ന്. ഇന്നെനിക്ക് വീട്ടിൽ സൈ്വരമുണ്ടാവില്ല." ചീരു അന്തം വിട്ട് ഒരേ നിൽപാണ്. ഇത്രയും മാർക്ക് അവൾക്ക് കിട്ടിയിരുന്നെങ്കിൽ വീട്ടിൽ ആഘോഷമായിരിക്കും. കുറച്ചു കഴിഞ്ഞപ്പോൾ അവൾക്ക് ചുറ്റും അദ്ധ്യാപകർ വലയം തീർത്തു. മുഖം തുടുത്തു ചുമന്ന് വിയർത്തു കുളിച്ചു നിൽക്കുന്ന അവളെ കണ്ട് കുട്ടികൾ അതിശയിച്ചു:"ഇതാണോ നമ്മുടെ ക്ലാസ് ടോപ്പർ?"

അവളാലോചിച്ചു. മേരിയുടെ അമ്മയെ അവൾ കണ്ടിട്ടുണ്ട്. പ്രൗഢയായ ഗൗരവക്കാരി.ഭർത്താവ് അന്യനാട്ടിൽ ഏതോ ഒരു വലിയ കമ്പനിയിൽ ഉന്നത പദവിയിൽ ജോലി ചെയ്യുന്നു. അതുകൊണ്ട് തന്നെ,തന്നിൽ ഏൽപ്പിച്ച കുടുംബപരമായ കടമകൾ പരമാവധി കണിശതയോടെയും ഉത്തരവാദിത്വത്തോടെയും ചെയ്തു തീർക്കാനുള്ള വ്യഗ്രതയിലാണവർ. അവരുടെ ഉത്ക്കർഷേച്ഛയും, അമിത പ്രതീക്ഷയും മേരിയിൽ വല്ലാത്ത സമ്മർദം ഉണ്ടാക്കിയിരുന്നു എന്ന്, ഒരു വിവാഹവും വിവാഹമോചനവും കഴിഞ്ഞ് വർഷങ്ങൾക്ക് ശേഷം കണ്ടുമുട്ടുമ്പോൾ അവൾ ചീരുവിനോട് സമ്മതിക്കും. ഒരു രസവും അയവും ഇല്ലാത്ത

**"ഞാൻ മമ്മിക്ക് ഒരു ട്രോഫിയായിരുന്നു. നാട്ടുകാരുടെയും വീട്ടുകാരുടേയും മുന്നിൽ പത്രാസു കാണിക്കാനുപയോഗിക്കപ്പെട്ടവൾ. മമ്മി അഹങ്കരിച്ച എല്ലാവിധ തൂവലുകളേയും ഞാൻ ദൂരെ എറിഞ്ഞു കളഞ്ഞു. മമ്മി ഒറ്റയ്ക്കാണ്. ഞാനും. ഞാൻ എന്നിൽ നിന്നും മമ്മിയെ മോചിപ്പിച്ചിരിക്കുന്നു."**

വീടായിരിക്കണം മേരിയുടേതെന്ന് അവളുടെ സഹപാഠികൾക്ക് തോന്നിയതിൽ തെറ്റ് പറയാനാവില്ല. ഒരു സുറിയാനി ക്രിസ്ത്യൻ കുടുംബത്തിലെ മരുമകൾക്ക്, സ്വഭർത്താവിന്റെ അസാന്നിദ്ധ്യത്തിൽ വിശേഷിച്ചും, അവരുടെ കാര്യപ്രാപ്തിയും തന്റേടവും പല രീതിയിൽ തെളിയിക്കേണ്ടതുണ്ട്. ആൺകുട്ടികളെ പ്രസവിക്കാത്ത മേരിയുടെ അമ്മ തന്റെ പെൺമക്കളുടെ കണ്ണഞ്ചിപ്പിക്കുന്ന മാർക്കിലൂടെയും മിടുക്കിലൂടേയും സ്വന്തം വിലയും നിലയും ഊട്ടിയുറപ്പിക്കുകയായിരുന്നുവോ? പക്ഷേ മക്കളുടെ മിടുക്കും സാമർഥ്യവുമെല്ലാം തന്റെ അധീനത്തിലായിരിക്കണം എന്ന പിടിവാശിയും അവർക്കുണ്ടായിരുന്നു.

അതുകൊണ്ട് മേരിയെ പേരും പെരുമയുമുള്ള വീട്ടിലേക്കു വിവാഹം ചെയ്തു കൊടുക്കാനും അവർ തിടുക്കം കാട്ടി. ആ തിടുക്കം വലിയ വിടവുകളാണ് മനുഷ്യബന്ധങ്ങളിൽ ഉണ്ടാക്കിയത്. എല്ലാവിധത്തിലുള്ള അടിച്ചേൽപ്പിക്കലുകൾക്ക് എതിരായും പ്രതികരിച്ചു കൊണ്ട് മേരി ഭർത്താവിൽ നിന്നും അമ്മയിൽ നിന്നും മോചനം നേടി.അവൾ ഭൂമിയുടെ മറുകരകൾ തേടി യാത്രയായി. "ഞാൻ മമ്മിക്ക് ഒരു ട്രോഫിയായിരുന്നു. നാട്ടുകാരുടെയും വീട്ടുകാരുടേയും മുന്നിൽ പത്രാസു കാണിക്കാനുപയോഗിക്കപ്പെട്ടവൾ. മമ്മി അഹങ്കരിച്ച എല്ലാവിധ തൂവലുകളേയും ഞാൻ ദൂരെ എറിഞ്ഞു കളഞ്ഞു. മമ്മി ഒറ്റയ്ക്കാണ്. ഞാനും. ഞാൻ എന്നിൽ നിന്നും മമ്മിയെ മോചിപ്പിച്ചിരിക്കുന്നു." സ്കൂളിൽ നിന്നും പിരിഞ്ഞതിനു ശേഷം മൂന്നു ദശകങ്ങൾക്കിപ്പുറം നിന്ന് ഒരു ചെറുചിരിയോടെ മേരി ഇത്രയും പറഞ്ഞു കേട്ടപ്പോൾ ചീരു ആലോചിച്ചു : "അമ്മയും മക്കളും തമ്മിലുള്ള ബന്ധം എപ്പോഴും അത്ര ലളിതസുന്ദരമല്ലല്ലോ!'



വായനാനുഭവം

# മഞ്ഞ നദികളുടെ സൂര്യൻ

**അ**പ്രതീക്ഷിതമായി ലഭിച്ച ഒരു ഇമെയിൽ സന്ദേശത്തെ പിന്തുടർന്ന് ചിറക്കൽ എന്ന കൊച്ചു ഗ്രാമത്തിൽ എത്തിപ്പെടുന്ന നിരുപമക്ക് പരിചയമുള്ള ആരുമുണ്ടായിരുന്നില്ല അവിടെ. അതിനുമുമ്പ് അവളവിടെ ഒരിക്കൽ പോലും പോയിട്ടുമില്ലായിരുന്നു. തനിക്കു കിട്ടിയ സന്ദേശത്തിന് ഭാവനാപരമായ ആവിഷ്കാരങ്ങൾ കൊടുക്കാതെ അതിന്റെ പൊരുൾ അന്വേഷിച്ചറിഞ്ഞ് സർഗ്ഗാത്മകമായ സൃഷ്ടി നടത്താനുള്ള ശ്രമത്തിലാണ് എഴുത്തുകാരിയായ നിരുപമ. അവളെ നിരന്തരം വേദനിപ്പിച്ചു കൊണ്ടിരിക്കുന്ന മുറിവുകളിൽ നിന്ന് ഒരു രക്ഷപ്പെടൽ കൂടിയായിരുന്നു ആ യാത്ര.


ആധികളും ശൂന്യതകളും ജീവിതത്തിന്റെ അർത്ഥമില്ലായ്മയുടെ നൈരന്തര്യങ്ങളുമായി ഏറ്റുമുട്ടി സ്വയം രൂപപ്പെടുത്തിയ ചിപ്പിക്കുള്ളിൽ ഒതുങ്ങിക്കൂടുന്ന രഞ്ജന്റെ ജീവിതത്തിലേക്ക് ക്ഷണിക്കപ്പെടാത്ത ഒരതിഥിയെപ്പോലെയാണ് നിരുപമ കടന്നു വരുന്നത്. അവളുടെ സാന്നിദ്ധ്യം രഞ്ജന് പ്രദാനം ചെയ്യുന്നത് സഹവർത്തിത്വത്തിന്റേതായ അപൂർവ്വമായ അനുഭൂതിയാണ്. ജീവിതലക്ഷ്യം നഷ്ടപ്പെട്ട മനസിന് ഒരത്താണി കൂടിയാണ് അത്.

എഴുപതുകളിലും എൺപതുകളിലും കേരളത്തെ ആകമാനം ത്രസിപ്പിച്ചിരുന്ന വിപ്ലവ പ്രസ്ഥാനങ്ങളിലും സാംസ്കാരിക മുന്നേറ്റത്തിലും ഭാഗഭാക്കായിത്തീർന്ന ഒരുപറ്റം ആളുകളുടെ ജീവിതത്തിന്റെ അടിവേരുകൾ തിരിച്ചറിയാനും അവരുടെ ജീവിതങ്ങൾ സാമൂഹ്യമാറ്റത്തിനു നൽകിയ ഊർജ്ജത്തെ അടയാളപ്പെടുത്താനുമുള്ള ശ്രമമാണ് നിരുപമയെന്ന എഴുത്തുകാരിയിലൂടെ ഗ്രന്ഥകർത്താവ് നടത്തുന്നത്. എഴുപതുകളിലും എൺപതുകളിലും യഥാർത്ഥ ജനകീയ പ്രസ്ഥാനമെന്ന പേരിലാണ് രാഷ്ട്രീയ- ധൈഷണിക ചിന്തകളെ പിടിച്ചുലച്ച ഒരു പ്രസ്ഥാനം കേരളത്തിൽ ആവിർഭവിക്കുന്നത്. ജനങ്ങൾക്കിടയിൽ നല്ല സ്വാധീനമുണ്ടായിരുന്നതിനാൽ ഭരണകൂടം ശക്തമായി അതിനെ നേരിടുകയും ചെയ്തിരുന്നു. ഭരണഘടനാ വിരുദ്ധവും നിയമവിരുദ്ധവുമായ അധികാരങ്ങളുപയോഗിച്ച് ഗവൺമെന്റ് പോലീസിനെ ആയുധമണിയിക്കുകയും ഏറ്റുമുട്ടലുകളെന്ന് വിശേഷിപ്പിക്കുന്ന സ്വയം സൃഷ്ടികളായ സംഭവങ്ങളിലൂടെ വിപ്ലവ പ്രസ്ഥാനങ്ങളെ ഇല്ലാതാക്കാൻ ശ്രമിക്കുകയും ചെയ്തുപോന്നു. സംസ്കാരത്തിന്റെയും നൈതികതയുടെയും അവകാശങ്ങളുടെയും പേരിൽ ഇന്നും ഈ ഏറ്റുമുട്ടലുകൾ തുടർന്നുകൊണ്ടിരിക്കുന്നുവെന്നും എഴുത്തുകാരി

പറഞ്ഞുവെയ്ക്കുന്നുണ്ട്.

കുരുടൻമാർ കൊമ്പനാനയെ തപ്പിനോക്കുന്നതുപോലെ വിപ്ലവപ്രവർത്തനങ്ങളുടെ വള്ളിപ്പടർപ്പുകളിൽ അടിക്കുന്നതിനു പകരം സ്വന്തം ജീവനും ജീവിതവും അതിനായി ഹോമിക്കുകയും ഭരണകൂടത്തിന്റെ ക്രൂരമായ പീഢനങ്ങൾക്ക് ഇരയായി ജീവിതകാലം മുഴുവൻ യാതനകൾ അനുഭവിച്ച് ജീവിക്കേണ്ടിവരികയും ചെയ്ത ചില വ്യക്തികളുടെ ജീവിതങ്ങളിലൂടെ മാത്രം കടന്നുപോയി, ആ കാലഘട്ടം എത്രമാത്രം ഭയാനകമായിരുന്നു എന്നു ചിത്രീകരിക്കാനുള്ള ആഖ്യാതാവിന്റെ കരവിരുത് ശ്ലാഘനീയമാണ്. ഈ വിഷയത്തെക്കുറിച്ച് കേരളത്തിലെ പ്രബുദ്ധരായ ആളുകൾക്കെല്ലാം സാമാന്യ ജ്ഞാനമുണ്ടായിരിക്കും എന്നതുകൊണ്ടുതന്നെ വിപ്ലവ പ്രവർത്തനങ്ങളുടെ ഇതിവൃത്തത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല ഈ ആഖ്യാനം. നമ്മെ ആപാദചൂഡം മൂടിനിൽക്കുന്ന വർത്തമാനകാലത്തിന്റേതായ അഴകൊഴമ്പൻ സാമൂഹ്യ രാഷ്ട്രീയ ധാർമ്മികതകളുടെ വിലക്കുകളെ മറികടക്കാനും ഭരണകൂടത്തിന്റെ കാർക്കശ്യങ്ങളോട് പൊരുതാനുള്ള ശ്രമങ്ങളും എഴുത്തുകാരിയുടെ ഭാഗത്തുനിന്നുണ്ടാവുന്നുണ്ട്.

**വിപ്ലവകാരികളുടെ പട്ടികയിലൊന്നും കാണാത്ത പേരായിരിക്കും ഒരുപക്ഷെ പത്മസേനൻ മാഷിന്റേത്. പോരാട്ടങ്ങളിലൂടെ ഓടിത്തളർന്ന ജീവിതം. പാവപ്പെട്ടവരോടുള്ള ആർദ്രതയും ആഭിമുഖ്യവും കൊണ്ടുമാത്രം നക് സലൈറ്റായിത്തീർന്ന അദ്ദേഹത്തെ കാത്തിരുന്നത് കൊടിയ മർദ്ദനങ്ങളും പീഢനങ്ങളും മാത്രം.**




വിപ്ലവകാരികളുടെ പട്ടികയിലൊന്നും കാണാത്ത പേരായിരിക്കും ഒരുപക്ഷെ പത്മസേനൻ മാഷിന്റേത്. പോരാട്ടങ്ങളിലൂടെ ഓടിത്തളർന്ന ജീവിതം. പാവപ്പെട്ടവരോടുള്ള ആർദ്രതയും ആഭിമുഖ്യവും കൊണ്ടുമാത്രം നക് സലൈറ്റായിത്തീർന്ന അദ്ദേഹത്തെ കാത്തിരുന്നത് കൊടിയ മർദ്ദനങ്ങളും പീഢനങ്ങളും മാത്രം. മരണത്തെ മുഖാമുഖം കണ്ടു സെല്ലുകളിൽ നിന്നും സെല്ലുകളിലേക്കും ജയിലുകളിൽ നിന്നും ജയിലുകളിലേക്കും ആട്ടിയോടിക്കപ്പെട്ട ആ ജീവിതത്തെ യാഥാർത്ഥ്യബോധത്തോടെ, അസ്വസ്ഥമാക്കും വിധം അവതരിപ്പിച്ചതിനു പിന്നിൽ ഒരുപാടുകാലത്തെ തീവ്രമായ പ്രവർത്തനം ഉണ്ടായിരിക്കുമെന്നത് തീർച്ചയാണ്. പത്മസേനൻ മാഷും സുബൈറും രഞ്ജനുമെല്ലാം നമുക്കിടയിൽത്തന്നെ ജീവിക്കുന്നുണ്ട്. അതോടൊപ്പം കേരളം മറന്നുപോയി എന്നു വിശ്വസിക്കാൻ ശ്രമിക്കുന്ന ചില സംഭവങ്ങളിലേക്കും കഥാഗതി പലപ്പോഴും വഴിമാറുന്നുണ്ട്. മഠത്തിൽ മത്തായി വധവും ധീരരക്തസാക്ഷി അങ്ങാടിപ്പുറം ബാലകൃഷ്ണനും അടിയന്തിരാവസ്ഥയും വർഗ്ഗീസും രാജനും സാംസ് കാരിക വേദിയുമെല്ലാം ഒരിക്കൽക്കൂടെ നമ്മുടെ സ്മൃതിമണ്ഡലത്തിലേക്ക് വായനയ്ക്കിടയിൽ കടന്നുവരാതിരിക്കില്ല.

കഥ

ഷീല എൻ.കെ.



# അഞ്ചു രൂപയും അടിയും അഥവാ ഒരു റിപ്പബ്ലിക് ദിന ഓർമ്മ

പഴക്കം ചെന്ന ഓർമ്മ പുസ്തകത്തിനിടയിലും ചില ഏടുകൾ തെളിച്ചം കൊണ്ട് പുത്തനായി അനുഭവപ്പെടുന്നു. അവയിലെ വാക്കുകൾ സചേതനങ്ങളായി വർത്തമാനകാലത്തേക്ക്  എഴുന്നേറ്റു വരുന്നു. വടക്കുപുറത്തെ തിണ്ണയിൽ തൂണ് ചാരിയിരുന്ന് ലീനമ്മായി ആ കഥ പറഞ്ഞപ്പോൾ മേഘ ഇങ്ങനെയാണ് ചിന്തിച്ചത്.

അച്ഛന്റെ ഇളയപെങ്ങളാണ് ലീനമ്മായി. അവർ അവരുടെ പഴംപായിൽ നിന്ന് ഓർമ്മ മുത്തുകൾ പുറത്തെടുക്കുമ്പോൾ കഥ കേൾക്കുന്ന നഴ്സറി വിദ്യാർത്ഥിയുടെ ആകാംക്ഷയാണ് മേഘയ്ക്ക്. പൊടിപ്പും തൊങ്ങലും ചാർത്തി എന്തിനും ഒരു കാൽപനീക സൗന്ദര്യം കൊടുക്കാൻ അവർക്കൊരു പ്രത്യേക വിരുത് തന്നെയുണ്ട്. റിപ്പബ്ലിക് ഡേ ആയതുകൊണ്ട് ഇന്ന് ക്ലാസ്സില്ലായിരുന്നു. അതുകൊണ്ട്



**'ഓരോ ജനുവരി 26 വരുമ്പോഴും എന്റെ മനസ്സിൽ ആ അടിയുടെ ചൂട് ഓർമ്മവരും', എന്ന് പറഞ്ഞുകൊണ്ട് അമ്മായി അറിയാതെ സ്വന്തം മുതുകിൽ തലോടി. പക്ഷേ കണ്ണിൽ സന്തോഷവും കൗതുകവുമാണ് നിറഞ്ഞത്. അമ്മായിയുടെ മനസ്സിലെ യവനിക ഒരു പ്രത്യേക താളത്തോടെ ഇരു വശത്തേക്ക് നീങ്ങി.**

ലീനമ്മായിയെ കാണാൻ പറ്റി എന്നുപറഞ്ഞുപോയതാണ് കാര്യം. അത് കേട്ടതും അമ്മായി ഉടൻ ചായ ഗ്ലാസും കൊണ്ട് വടക്കുപുറത്തെ തിണ്ണയിലിരുന്നു. അമ്മായി വന്നാൽ അവിടെയിരുന്ന് ഒരു സ്ഥിരം പഞ്ചായത്ത് പതിവുള്ളതാണ്. എന്റെ മോളേ, എന്ന സംബോധനയോടെ അമ്മായി തുടങ്ങി.

'ഓരോ ജനുവരി 26 വരുമ്പോഴും എന്റെ മനസ്സിൽ ആ അടിയുടെ ചൂട് ഓർമ്മവരും', എന്ന് പറഞ്ഞുകൊണ്ട് അമ്മായി അറിയാതെ സ്വന്തം മുതുകിൽ തലോടി. പക്ഷേ കണ്ണിൽ സന്തോഷവും

കൗതുകവുമാണ് നിറഞ്ഞത്. അമ്മായിയുടെ മനസ്സിലെ യവനിക ഒരു പ്രത്യേക താളത്തോടെ ഇരു

വശത്തേക്ക് നീങ്ങി. ഒരു ഫീച്ചർ ഫിലിമിന്റെ ചാരുതയോടെ ആ ദൃശ്യം പ്രകാശിതമായി.

തലയിൽ തന്നേക്കാൾ വലിയ പുല്ലുകെട്ടുമായി ഓടി കിതച്ചു വരുന്ന ഒരു പാവാടക്കാരി.

കഷ്ടി മുട്ടെറങ്ങിയ ഒരു പാവാടയുടെ ഒരു വശം ചേർന്ന് മുറുക്കി പിടിച്ച കൈ. പുല്ലുകെട്ട് ചെറിയതാണെന്നു തോന്നിക്കാൻ തിരുകി മുറുക്കിയാണ് കെട്ടിയിട്ടുള്ളത്. കാരണം സുധാകരൻ പാപ്പന്റെ

വീടും പറമ്പും കടന്നുപോകുന്നതുവരെ ഉള്ള് മിടിപ്പാണ്. ആ പറമ്പാകട്ടെ ഏക്കറോളം ഉണ്ടുതാനും. തന്റെ തലയിലെ വലിയ പുല്ലുകെട്ടുകണ്ടാൽ ഉടൻ ആള് പറയും, 'എന്റെ കുട്ടീ, നീ എന്തിനാ നിന്നെക്കാൾ വലിയ കെട്ട് ചോക്കണ്, പിന്നെങ്ങനാ നിലത്ത്ന്ന് പൊന്താ'. സുധാകരേട്ടൻ ബയോളജി

ഒന്നും പഠിക്കാത്തതുകൊണ്ടാവാം എന്റെ ഉയരക്കുറവ് പുല്ലിന് ചോക്കേണ്ടിവന്നത്. ആളുടെ കണ്ണിൽ പെടാതിരിക്കാൻ ലീന ഓടി. കഴുകിയ പുല്ലിൽ നിന്ന് വെള്ളം പുരയൊന്ന് പെയ്യുന്ന മാതിരിയിൽ ചുറ്റം പെയ്തു. എന്നിലും ഒരു കൈ കൊണ്ട് മാത്രം പുല്ല് താങ്ങി, മറ്റേ കൈ നിധിപോലെ പാവാടയിൽ ചേർത്ത് പിടിച്ച് വേഗത്തിൽ നടന്നു. മനസ്സിൽ പണ്ടെങ്ങുമില്ലാത്ത തിരക്ക്. കാലുകൾ വേഗത്തെ കൂട്ടാക്കാതെ തലയിലെ ഭാരത്തെ കുറിച്ച് പരാതിപറയുന്നതായി അവൾക്കു തോന്നി.

പൊതും . വലിയ ശബ്ദത്തോടെ പുല്ലുകെട്ട് വീണു. വീട്ടിലേയ്ക്കുള്ള വേലികയറിയതാണ്. വീടിനു തൊട്ടുള്ള അൽപം താഴെ ആയതിനാൽ ഒരു കാൽ മുകളിലേയ്ക്ക് വെച്ച് നിധി കൈ വേലിയിൽ പിടിച്ച് കയറിയതും പുല്ലുകെട്ട് പതിഞ്ഞ ശബ്ദത്തോടെ താഴെ വീഴുകയായിരുന്നു.

അല്ലാ ഇവളെന്താ ഈ ചെയ്തേ, വലിയ ശബ്ദം മുഴക്കി അമ്മ അടുത്തുവന്നു. പുല്ലിലൊക്കെ മണ്ണായി എന്ന അമ്മയുടെ ആക്രോശം ശ്രദ്ധിക്കാതെ അകത്തേക്ക് ഓടി കയറി. കുപ്പായത്തിൽ നിന്ന് വെള്ളം പുരയിൽ നിറഞ്ഞു. ഓടി അകത്തുകയറിയ അമ്മ അവൾ ശ്രദ്ധാപൂർവ്വം പുറകിൽ മറച്ചുവെച്ച കൈയിലേക്കാണ് ശ്രദ്ധിച്ചത്. എന്താടീ കൈയ്യിൽ എന്നു ചോദിച്ചതും വിടുർത്തിയ കൈയ്യിൽ നിന്ന് പാതി നനഞ്ഞ അഞ്ചു രൂപാ നോട്ട് വലിച്ചെടുത്തതുമേ ലീനയ്ക്ക് ഓർമ്മയുള്ളൂ. അടിയും ബഹളവും തീയ്യുന്നപ്പോൾ ചേച്ചിമാരും അനിയനും അയലത്തെ കൂട്ടുകാരും ചുറ്റുമുണ്ട്. എന്നാൽ

ഇത്രയൊക്കെ അടിച്ചിട്ടും വേദനിച്ചിട്ടും കരയാതെ നിൽക്കുന്ന തന്നെ കണ്ട് അമ്മ അമ്പരന്നു. കുട്ടികളുടെ കളവ് കണ്ടെത്താൻ അമ്മമാർക്ക് അപാരവിരുതുണ്ടെന്ന് അഭിമാനിക്കാറുള്ള അമ്മ കുറ്റബോധം അൽപം ഏശാതെ അഭിമാനത്തോടെ തിളങ്ങുന്ന തന്റെ കണ്ണുകളിലേക്ക് ഒരു ഞെട്ടലോടെ നോക്കി നിൽക്കവേ, 'ലീനേ' എന്ന് നീട്ടി വിളിച്ച് അച്ഛൻ ഉമ്മറത്തെത്തി. തോളിലെ തോർത്തെടുത്ത് വശത്തേയ്ക്ക് കുടഞ്ഞുവീശി അച്ഛൻ കടന്നുവന്നു. മുഖത്ത് വല്ലാത്ത സന്തോഷം.

'എന്റെ മോള് റിപ്പബ്ലിക് ഡേയ്ക്ക് പഞ്ചായത്തിൽ പ്രസംഗിച്ചത് സതീശൻമാഷ് കേട്ടൂന്നും അതിന് സമ്മാനമായി പാടത്ത് വെച്ച് കണ്ടപ്പോൾ അഞ്ചുരൂപ സമ്മാനമായി കൊടുത്തിട്ടുണ്ടെന്നും അവളൊരു കൊച്ചുമിടുക്കിയാണെന്നും മാഷ് അവനോട് പറഞ്ഞല്ലോ'. പറഞ്ഞ് തീർന്നില്ല അച്ഛന്റെ അരയിൽ കൈകോർത്ത് മുണ്ടിൽ ചേർത്ത് പിടിച്ച് ലീന വിങ്ങിവിങ്ങി കരഞ്ഞു. പയർമണിയുടെ അളവിൽ മകളെ സംശയിച്ച ചങ്ങാലി പ്രാവിനെപോലെ അമ്മ വിളറി വെളുത്തു.

പെട്ടെന്നാണ് ഉണ്ണിക്കുട്ടന്റെ ഭയങ്കര കരച്ചിൽ. ലീനമ്മായി ഞെട്ടി ഉണർന്നു.

എന്താ മോനേ ?

അല്ലാ, ഞാനും ചേച്ചിയും ഒരു ഫൈവ്സ്റ്റാറിന് ബെറ്റ് വെച്ചിരുന്നു. ഞാൻ പറഞ്ഞു, കഥ തീരുമ്പോൾ ലീനമ്മായി പതിവുപോലെ കരയുംന്ന്. കരഞ്ഞില്ലല്ലോ. ചേച്ചി ജയിച്ചില്ലെ. എന്നിട്ടും ഉണ്ണിക്കുട്ടനു വേണ്ടിപോലും ലീനമ്മായിയുടെ കണ്ണു നനഞ്ഞില്ല. ആ മുഖത്ത് പ്രകാശത്തോടുകൂടിയ ഒരു പ്രതിഭയുടെ നിഴലാട്ടം മാത്രം മേഘ കണ്ടു.


പുസ്തകപരിചയം

**രോഹിണി വി. വി.**

*വിമതലൈംഗികത: ചരിത്രം സിദ്ധാന്തം രാഷ്ട്രീയം,*
*ട്രാൻസ്ജന്റർ: ചരിത്രം സംസ്കാരം പ്രതിനിധാനം എന്നിവയുടെ വായന*

# ശരീരത്തിന്റെ രാഷ്ട്രീയം – ചരിത്രവും സിദ്ധാന്തങ്ങളും

ശരീരത്തെ വ്യത്യസ്ത നിലകളിൽ വിനിമയം ചെയ്യാനുള്ള വ്യഗ്രതകൾ ആദികാലം മുതലേ മനുഷ്യനിൽ പ്രകടമായിരുന്നു. അപരിഷ്കൃതമായ




ജീവിത പശ്ചാത്തലങ്ങളിൽ സന്ദർഭങ്ങൾ ആവശ്യപ്പെടുന്നതനുസരിച്ചുള്ള ശാരീരിക ഇടപെടലുകളാണ് നടത്തപ്പെട്ടതെങ്കിൽ ആധുനിക സമൂഹത്തിലേയ്ക്കു വരുമ്പോൾ അത് കൂടുതൽ പ്രകടനപരതകളിലേയ്ക്കും സദാചാര വ്യവസ്ഥിതികളിലേയ്ക്കും മാറുന്നുണ്ട്. അവിടെ നിന്നു ഉത്തരാധുനികത – നവമാധ്യമ സമൂഹത്തിലേയ്ക്ക് കടന്നെത്തുമ്പോൾ ശരീരം തികച്ചും രാഷ്ട്രീയവല്ക്കരിക്കപ്പെടുന്ന ഒന്നായി മാറുന്നു. സ്ത്രീ – പുരുഷ ദ്വന്ദ്വ സങ്കല്പങ്ങൾ, കുടുംബ സ്ഥാപനങ്ങൾ എന്നിത്യാദികളെ കണ്ടു പരിശീലിച്ച ഇന്ത്യൻ സമൂഹത്തിനു മുമ്പിൽ (സ്ത്രീ) ശരീരത്തിന്റെ രാഷ്ട്രീയ നിലപാടുകൾ പുതിയ ചോദ്യങ്ങളെ ഉയർത്തുകയുണ്ടായി. ആൺകോയ്മകളുടെ ചരിത്ര നിലകളെ പൊളിച്ചെഴുതാനുള്ള സംഘടിത ശ്രമങ്ങൾ നടക്കുമ്പോൾ അതിന്റെ അടിസ്ഥാന ശില ഭിന്നവർഗ്ഗലൈംഗികതയായിരുന്നു. അതുകൊണ്ടു തന്നെ ഭിന്നവർഗ്ഗലൈംഗികതയ്ക്കു പുറത്തുള്ള ശരീരങ്ങളുടെ രാഷ്ട്രീയ വ്യവഹാരങ്ങളെ പൊതുമണ്ഡലം പരിഗണിക്കാതെ അരികുവല്ക്കരിച്ചു. ഇത്തരം അരികുവല്ക്കരണങ്ങൾ അത്യന്തം നിഷ്കളങ്കമായ നിലപാടുകളായിരുന്നുവെന്നു ധരിക്കുന്നതിൽ അപകടകരമായ ഒരു നിസ്സംഗതയുണ്ട്. ബോധപൂർവ്വമായ, നിഗൂഢമായ നീക്കങ്ങളിലൂടെ സ്വവർഗ്ഗരതിക്കാരുടെ, ട്രാൻസ്ജന്ററുകളുടെ ജീവിതങ്ങളെ ഇന്ത്യൻ സമൂഹം ഒതുക്കുകയുണ്ടായി.

പാർശ്വവല്ക്കരിക്കപ്പെട്ടവരുടെ ജീവിതത്തിലേയ്ക്ക് വെളിച്ചം വീശുന്നത് സാംസ്കാരിക പഠനങ്ങളിലൂടെയാണ്. ഇത്തരം പഠനങ്ങൾ പുതിയ ചർച്ച

കൾക്കും സംവാദങ്ങൾക്കുമുള്ള വഴിതുറക്കും. സമീപകാലത്തു വിവാദങ്ങളിൽപ്പെട്ട ഗേ/ലെസ്ബിയൻ/ട്രാൻസ്ജന്ററുകളുടെ ജീവിതത്തെ, സംസ്കാരത്തെ ആവിഷ്കരിക്കുന്ന ഗ്രന്ഥങ്ങളാണ് *വിമതലൈംഗികത: ചരിത്രം സിദ്ധാന്തം രാഷ്ട്രീയം, ട്രാൻസ്ജന്റർ: ചരിത്രം സംസ്കാരം പ്രതിനിധാനം* എന്നിവ. രശ്മി ജി, അനിൽകുമാർ കെ എസ് സംയുക്തമായി രചിച്ച ഇരുഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചത് ചിന്ത പബ്ലിഷേഴ്സാണ്. ലിംഗ ലൈംഗികതയുടെ ബഹുവിധ മണ്ഡലങ്ങളെ, അവയ്ക്കുള്ളിലെയും പുറത്തെയും ഒട്ടനവധി വൈവിദ്ധ്യങ്ങളെ വെളിപ്പെടുത്തുന്ന പഠനങ്ങളാണിവ.

**ട്രാൻസ്ജൻർ – വൈവിദ്ധ്യ ശരീരങ്ങളുടെ പ്രതിനിധാനങ്ങൾ**

ഹിജഡയെന്ന പേരിൽ അപഹസിക്കപ്പെട്ട വലിയൊരു വിഭാഗമാളുകൾക്ക് മാന്യത നല്കുന്ന ട്രാൻസ്ജന്റർ എന്ന പദം മുഖ്യധാരാ സമൂഹത്തിൽ ഇപ്പോൾ സജീവമായി സ്വീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അതിനു പിന്നിലുള്ള കാരണങ്ങൾ ലൈംഗിക/ജന്റർ ന്യൂനപക്ഷങ്ങളുടെ സുദീർഘമായ പോരാട്ടങ്ങളാണ്. ഹിജഡ/നപുംസകമെന്ന പദത്തെ നിഷേധിക്കുമ്പോൾ സാംസ്കാരികമായി ഉയർന്നു നില്ക്കുന്നുവെന്ന് അഭിമാനം കൊള്ളുന്ന കേരളീയ സമൂഹം അക്കൂട്ടരെ 'മൂന്നാം ലിംഗം' എന്ന പേരിൽ അപമാനിക്കുന്നു. പുരുഷൻ ഒന്നാം ലിംഗവും സ്ത്രീ രണ്ടാം ലിംഗവുമാണെന്ന പരമ്പരാഗത ആൺ കേന്ദ്രീകൃത നോട്ടങ്ങളുടെ മുമ്പിൽ ആണും പെണ്ണുമല്ലാത്തവർ മൂന്നാമത്തെ ലിംഗം ആകേണ്ടതാണെന്ന അത്യന്തം വികലമായ വിശ്വാസങ്ങളാണ് 'മൂന്നാം ലിംഗ' പ്രചരണത്തിനു പിന്നിലുള്ളത്. കേരളത്തിലെ ഒരു ട്രാൻസ്ജന്ററും മൂന്നാം ലിംഗമെന്ന പദത്തെ അംഗീകരിക്കില്ല. ട്രാൻസ്ജന്റർ ഐഡന്റിറ്റിയിൽ അഭിമാനത്തോടെ നില്ക്കുന്ന അവർ പൊതുസമൂഹത്തിന്റെ വികല കാഴ്ചപ്പാടുകളെയെല്ലാം നിഷേധിക്കുന്നു.

ട്രാൻസ്ജന്ററുകളുടെ സാമൂഹ്യ പ്രതിസന്ധികളെ ചരിത്രം മുതൽ വർത്തമാനകാലം വരെയുള്ള അവസ്ഥകളെ മുൻനിർത്തി എഴുതപ്പെട്ട *ട്രാൻസ്ജന്റർ: ചരിത്രം സംസ്കാരം പ്രതിനിധാനം* എന്ന ഗ്രന്ഥം ട്രാൻസ്ജന്റർ വിഭാഗങ്ങളുടെ സമഗ്രപാഠങ്ങളാണ്. ട്രാൻസ്ജന്റർ, ട്രാൻസ് സെക്ഷ്വൽസ്, ബൈ സെക്ഷ്വൽസ് എന്നീ വിഭാഗങ്ങളുടെ ജീവിതം, സംസ്കാരം, വെല്ലുവിളികൾ, ഭരണകൂടങ്ങളുടെ നിലപാടുകൾ എന്നിവയെല്ലാം ട്രാൻസ്ജന്റർ ഗ്രന്ഥത്തെ ആധികാരിക സ്വഭാവമുള്ളതാക്കി മാറ്റുന്നു. ഇന്ത്യൻ സമൂഹത്തിലെ ട്രാൻസ്ജന്റർ കമ്യൂണിറ്റിയെ പൊതുധാരയിൽ പ്രതിഷ്ഠിക്കുകയെന്ന കർത്തവ്യം കൂടി ഈ ഗ്രന്ഥം ഏറ്റെടുക്കുന്നുണ്ട്.

**ഗേ/ലെസ്ബിയൻസ് – സ്വവർഗ്ഗരതിയുടെ മണ്ഡലങ്ങൾ**

സ്വവർഗ്ഗരതി അസ്വാഭാവികമാണ് എന്ന ധാരണ അരനൂറ്റാണ്ടിലധികമായി നിലനില്ക്കുന്ന ഇന്ത്യാ മഹാരാജ്യത്ത് ഭരണകൂടം അവരെ ക്രിമിനലുകൾ ആയി മുദ്രകുത്തുന്നു. സ്ത്രീ – പുരുഷ ലൈംഗികതയെ (ഭിന്നവർഗ്ഗലൈംഗികത) മാത്രം അംഗീകരിക്കുമ്പോൾ പുരുഷ സ്വവർഗ്ഗരതിക്കാരും (ഗേ) സ്ത്രീ സ്വവർഗ്ഗരതിക്കാരും (ലെസ്ബിയൻസ്) വെറുക്കപ്പെട്ട ജീവികളായി ആട്ടിയോടിക്കപ്പെടുന്നു. സദാചാര ഗുണ്ടകളും മതസ്ഥാപനങ്ങളുടെ പ്രയോക്താക്കളും നടത്തുന്ന ഇത്തരം കടന്നാക്രമണങ്ങൾ ലെസ്ബിയനുകളുടെ, ഗേകളുടെ പലായനങ്ങൾക്കും ആക്രമണങ്ങൾക്കും കാരണമായിത്തീരുന്നു. സ്വവർഗ്ഗരതിക്കാരെന്നാൽ ക്രിമിനലുകളാണെന്നും പ്രകൃതി വിരുദ്ധരാണെന്നുമുള്ള പ്രചരണങ്ങൾ വ്യാപകമാണ്. അതിനെ പത്ര ദൃശ്യമാധ്യമങ്ങൾ പിന്തുണയ്ക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള കിംവദന്തികൾക്കപ്പുറത്തേയ്ക്ക് ഗേ/ലെസ്ബിയനുകളുടെ ജീവിത യാഥാർത്ഥ്യങ്ങളെ അന്വേഷിക്കുന്ന ഗ്രന്ഥമാണ് *വിമതലൈംഗികത: ചരിത്രം സിദ്ധാന്തം രാഷ്ട്രീയം*.

സ്വവർഗ്ഗരതിയുടെ ചരിത്ര പശ്ചാത്തലങ്ങൾ, ഇന്ത്യൻ സമൂഹത്തിന്റെ വിരുദ്ധ നിലപാടുകൾ, ഗേ/ലെസ്ബിയനുകളുടെ ചരിത്ര സൈദ്ധാന്തിക രാഷ്ട്രീയ പശ്ചാത്തലങ്ങൾ, മതസ്ഥാപനങ്ങളുടെ നിലപാടുകളും അവയ്ക്കെതിരെയുള്ള പ്രതികരണങ്ങളുമുൾപ്പെടെ സമഗ്രമായ പഠനങ്ങളാണ് *വിമത ലൈംഗികത*യിലുള്ളത്. ഭിന്നവർഗ്ഗലൈംഗികതയുടെ വാദമുഖങ്ങളെ ഖണ്ഡിക്കുന്നതിനായി ഗേ/ലെസ്ബിയനുകളുടെ വിശദമായ അഭിമുഖങ്ങളെ ക്കൂടി ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ ഗേ/ലെസ്ബിയനുകളുടെ പ്രതിസന്ധികൾക്കു പരിഹാരം കാണുകയെന്ന സാമാന്യ

**പുരുഷൻ ഒന്നാം ലിംഗവും സ്ത്രീ രണ്ടാം ലിംഗവുമാണെന്ന പരമ്പരാഗത ആൺ കേന്ദ്രീകൃത നോട്ടങ്ങളുടെ മുമ്പിൽ ആണും പെണ്ണുമല്ലാത്തവർ മൂന്നാമത്തെ ലിംഗം ആകേണ്ടതാണെന്ന അത്യന്തം വികലമായ വിശ്വാസങ്ങളാണ് 'മൂന്നാം ലിംഗ' പ്രചരണത്തിനു പിന്നിലുള്ളത്. കേരളത്തിലെ ഒരു ട്രാൻസ്ജന്ററും മൂന്നാം ലിംഗമെന്ന പദത്തെ അംഗീകരിക്കില്ല. ട്രാൻസ്ജന്റർ ഐഡന്റിറ്റിയിൽ അഭിമാനത്തോടെ നില്ക്കുന്ന അവർ പൊതുസമൂഹത്തിന്റെ വികല കാഴ്ചപ്പാടുകളെയെല്ലാം നിഷേധിക്കുന്നു.**

ലക്ഷ്യത്തെ മുൻനിർത്തി പ്രവർത്തിക്കുന്ന സംഘടന കളുടെ ഭാരവാഹികളുടെ രാഷ്ട്രീയ നിലപാടുകൾ സ്വവർഗ്ഗരതിക്കാരുടെ കൂട്ടായ്മകളെ ബലപ്പെടുത്തു ന്നതിന്റെ വിശദാംശങ്ങളും *വിമതലൈംഗികത* യെന്ന ഗ്രന്ഥത്തിലുണ്ട്.

**നീതിക്കുവേണ്ടിയുള്ള ഇടപെടലുകൾ**

ലൈംഗിക/ജന്റർ ന്യൂനപക്ഷങ്ങൾ കഴിഞ്ഞ ഒരു പതിറ്റാണ്ടായി ഇന്ത്യയുടെ വിവിധ ഇടങ്ങളിൽ നടത്തിവരുന്ന പോരാട്ടങ്ങളുടെ ചരിത്രങ്ങളെ ആലേ ഖനം ചെയ്യുന്ന *വിമതലൈംഗികത, ട്രാൻസ്ജന്റർ* എന്നീ ഗ്രന്ഥങ്ങൾ അവരുടെ പോരാട്ടങ്ങൾക്കു കരുത്തു പകർന്നുകൊണ്ട് പൊതുസമൂഹത്തിന്റെ തെറ്റിദ്ധാരണകളെ നീക്കം ചെയ്യുക എന്ന ചരിത്രപ രമായ കടമ നിർവ്വഹിക്കുന്നു. ലൈംഗിക/ജന്റർ ന്യൂനപക്ഷങ്ങളുടെ പ്രകടനങ്ങളിൽ അണിചേർന്ന് അനുഭവം പ്രകടിപ്പിക്കുന്ന ആൾക്കൂട്ടത്തിന്റെ പ്രക ടനം സ്വഭാവത്തിൽ നിന്നുമാറി തികച്ചും പൊളിറ്റി ക്കലായ നിലപാടുകളോടെ *വിമതലൈംഗികത, ട്രാൻസ്ജന്റർ* ഗ്രന്ഥങ്ങൾ ഇടപെടുന്നു. അതിദീർഘ മായ കാലയളവുകളിലേയ്ക്കാണ് ഈ ന്യൂനപക്ഷ ങ്ങളുടെ രാഷ്ട്രീയത്തെ രശ്മിയും അനിൽകുമാറും പ്രതിഷ്ഠിച്ചുവയ്ക്കുന്നത്. ലിംഗപദവി, ലൈംഗികത, ഐഡന്റിറ്റി, ജന്റർ എന്നിവയെ സംബന്ധിച്ചുള്ള ആൺ/പെൺ കൗതുകങ്ങളെ നിരാകരിച്ചുകൊണ്ട് നില്ക്കുന്ന ഇരു ഗ്രന്ഥങ്ങളും ലൈംഗിക/ജന്റർ ന്യൂനപക്ഷങ്ങളുടെ മനുഷ്യാവകാശ സ്വരങ്ങളെ യാണ് കേൾപ്പിക്കുന്നത്.

**ഇന്റർ സെക്ഷ്വൽസിന്റെ ആദ്യ പഠന ഗ്രന്ഥം**

സ്ത്രീ/പുരുഷ മാതൃകകളിൽ നിന്നും വ്യത്യ സ്തമായ ട്രാൻസ്ജന്ററുകളുടെ സമഗ്ര തലങ്ങളെ ആവിഷ്കരിക്കുന്ന *ട്രാൻസ്ജന്റർ* എന്ന ഗ്രന്ഥം ജന്റർ വിഭാഗങ്ങളിലെ അതിസങ്കീർണ്ണമായ ശാരീ രിക/മാനസികാവസ്ഥകൾ അനുഭവിക്കുന്ന ഇന്റർ സെക്ഷ്വൽ വിഭാഗത്തിന്റെ ചരിത്ര - രാഷ്ട്രീയ തല ങ്ങളെ വിശകലനം ചെയ്യുന്നുണ്ട്. പത്തുലക്ഷം പേരിൽ ഒരാൾ എന്ന കണക്കിൽ നില്ക്കുന്ന ഇൻർ സെക്ഷ്വൽസിൽ ഉൾപ്പെടുന്ന ചിഞ്ചു അശ്വതിയുടെ അനുഭവങ്ങൾ ആ വിഭാഗത്തെ സംബന്ധിച്ചുള്ള പുതിയ അറിവുകൾ പകർന്നു നല്കുന്നു.
സ്ത്രീയും പുരുഷനും മാത്രമേ ഭൂമിയിലെ ജീവജാ ലങ്ങളിലുള്ളൂയെന്നു പറഞ്ഞു പഴകിപ്പോയ അറിവ് തെറ്റാണെന്നും സ്ത്രീയും പുരുഷനുമല്ലാത്ത നിരവ ധിയാളുകൾ ഇവിടെയുണ്ടെന്നും ട്രാൻസ്ജന്റർ എന്ന ഗ്രന്ഥം വ്യക്തമാക്കുന്നു. അങ്കമാലി സ്വദേശി യായ ചിഞ്ചു അശ്വതിയുടെ ജീവിതം അതിജീവന ത്തിന്റെ പോരാട്ടങ്ങൾ കൂടിയാണ്. ദളിതയായതിന്റെ പേരിൽ മുഖ്യധാരയിൽ നിന്നും തിരസ്കൃതയായെ ങ്കിൽ ഇന്റർ സെക്ഷ്വൽ ആയതിന്റെ പേരിൽ നേരി ടേണ്ടിവന്ന പരിഹാസങ്ങൾ അതിഭീകരമായിരുന്നു. തോല്ക്കാൻ തയ്യാറാകാതെ അക്കാദമിക് രംഗത്തു മുന്നേറിയ ചിഞ്ചു ക്വീയർ പൊളിറ്റിക്സിന്റെ സജീവ പോരാളിയായി മാറി ഇന്റർ സെക്ഷ്വൽ വിഭാ ഗത്തിനുവേണ്ടി പ്രവർത്തിക്കുന്നു. അതിന്റെ രാഷ്ട്രീയ വെളിപ്പെടുത്തലുകൾ *ട്രാൻസ്ജന്റർ* എന്ന ഗ്രന്ഥത്തിലുണ്ട്.

**അക്കാദമിക് സമൂഹവും നിലപാടുകളും**

മനുഷ്യവൈവിദ്ധ്യങ്ങളെക്കുറിച്ചുള്ള, ഗ്രന്ഥങ്ങ ളായ *വിമതലൈംഗികത, ട്രാൻസ്ജന്റർ* എന്നിവ അക്കാദമികമായ സമീപനത്തിന്റെ ഗൗരവത്തോടെ യാണ് എഴുതപ്പെട്ടിട്ടുള്ളത്. അതേസമയം വരണ്ടുണ ങ്ങിയ അക്കാദമിക് ഗവേഷണ പ്രബന്ധ സ്വഭാവ ത്തിലേയ്ക്ക് അവ മാറുന്നുമില്ല. സൈദ്ധാന്തിക വിശകലനങ്ങളുടെ അടിസ്ഥാന ഉറപ്പുകൾക്കായി ലൈംഗിക/ജന്റർ ന്യൂനപക്ഷങ്ങളിലെ പ്രതിനിധിക ളുടെ അനുഭവ പാഠങ്ങളെ രശ്മിയും അനിലും ഉപ യോഗപ്പെടുത്തിയിരിക്കുന്നു. ഇക്കൂട്ടരുടെ അനുഭവ ങ്ങൾ വ്യാജമാണ് എന്ന് കാല്പനികതയുടെയും സദാചാരത്തിന്റെയും ഭാഗമായി നില്ക്കുന്ന അക്കാ ദമിക് സമൂഹത്തിന്റെ യാഥാസ്ഥിതിക ബോധങ്ങളെ ചോദ്യം ചെയ്യുന്ന ഈ ഗ്രന്ഥങ്ങൾ കേവലം സൈദ്ധാന്തിക വാചാടോപങ്ങൾ ലക്ഷ്യമിടാതെ രാഷ്ട്രീയ ഇടപെടലുകൾക്കായിട്ടുള്ള സാധ്യത കളെ തേടുന്നു. ജന്റർ സ്റ്റഡീസിന്റെ ശാഖകൾക്ക് ആധികാരികമായി റഫർ ചെയ്യാൻ പറ്റുന്ന ഗ്രന്ഥങ്ങ ളാണ് *വിമതലൈംഗികതയും ട്രാൻസ്ജന്ററും* മുഖ്യ ധാരാ തിരസ്കരിച്ച ലൈംഗിക/ജന്റർ ന്യൂനപക്ഷ മേഖലകളിലേയ്ക്ക് വെളിച്ചം വീശിയ ഇരു ഗ്രന്ഥ ങ്ങളും അക്കാദമിക് സമൂഹത്തിന് വലിയൊരു മുതൽക്കൂട്ടും ഭാവിതലമുറകൾക്കുള്ള വഴികാട്ടിയു മാണ്.

**ലൈംഗിക പഠനങ്ങളിലെ പൂർണ്ണത**

ലൈംഗികതയെക്കുറിച്ചുള്ള നിരവധി പഠന ങ്ങൾ ഉണ്ടായപ്പോഴെല്ലാം വിമതലൈംഗികതയെന്ന മേഖലയോട് മുഖ്യധാരാ എഴുത്തുകാർ വിമുഖത പുലർത്തിയിരുന്നു. കേരളീയ പൊതുസമൂഹം പുലർത്തിയ യാഥാസ്ഥിതികബോധവും പിന്തിരി പ്പൻ നിലപാടുകളും അക്കാദമിക് വരേണ്യബോ ധവും അതിന്റെ അടിസ്ഥാന കാരണങ്ങളു മായിരുന്നു ഇത്തരം വഴികളെ നിരാകരിച്ച *വിമത ലൈംഗികത, ട്രാൻസ്ജന്റർ* എന്നീ ഗ്രന്ഥങ്ങൾ സംസ്കാര പഠനമേഖലയ്ക്ക് വലിയ നേട്ടങ്ങൾ സമ്മാനിച്ചു. മലയാളത്തിൽ ലൈംഗികന്യൂനപക്ഷ ങ്ങൾ/ജന്റർ ന്യൂനപക്ഷങ്ങളുടെ സമസ്ത മേഖലക ളെയും ആഴത്തിൽ അടയാളപ്പെടുത്തുന്ന ആദ്യത്തെ സമ്പൂർണ്ണ പഠനങ്ങളാണിവ. അതുകൊ ണ്ടുതന്നെ വ്യാപകമായ സ്വീകാര്യതകൾ ലഭിക്കു കയും ഈ ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമൂഹ്യ പ്രതിസന്ധികൾ പ്രസക്തമായ രീതിയിൽ ചർച്ച ചെയ്യപ്പെടുകയും ചെയ്യും.




# നീർമാതളത്തണലിൽ എഴുത്തുകാരികളുടെ സംഗമം

## 'എഴുത്ത് സ്ത്രീകൾക്ക് ദൈവികമായ ആഹ്ലാദം' - പ്രതിഭാറായ്

പുന്നയൂർക്കുളം: നിത്യജീവിതത്തിലെ വേദനകളെ സർഗാത്മകമായി രൂപപ്പെടുത്തിയും ആത്മസഹനത്താൽ സ്വാംശീകരിച്ചെടുത്തും സ്ത്രീ സൃഷ്ടിക്കുന്ന ദൈവികവും ജൈവികവുമായ ആഹ്ലാദമാണ് എഴുത്ത് എന്ന് ജ്ഞാനപീഠ ജേത്രി പ്രതിഭാറായ് പറഞ്ഞു. കേരള സാഹിത്യ അക്കാദമി പുന്നയൂർക്കുളത്ത് കമല സുറയ്യ സ്മാരകത്തിൽ സംഘടിപ്പിച്ച വനിതാ എഴുത്തുകാരുടെ സംഗമം– നീർമാതളത്തണലിൽ– ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.




എല്ലാ എഴുത്തുകാരും അത്ഭുതങ്ങൾ സൃഷ്ടിക്കുന്നവരാണ്. സ്നേഹത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ഒരുമയുടെയും പൂക്കൾ ചൊരിയുന്ന മഹാത്ഭുതനിർമ്മിതിയാണ് എഴുത്തുകാരുടെ കൈമുതൽ. സർഗാത്മകതകൊണ്ടും ആർദ്രതകൊണ്ടും ഭൂമിയിലെ വേർതിരിവുകളെയും ഭേദചിന്തകളെയും മറികടന്ന് ഔന്നത്യത്തിൽ എത്തിനിൽക്കുന്നവരാണ് എഴുത്തുകാർ. അവരുടെ

മൗനം പോലും വാചാലമാണ്. എഴുത്തുകാർക്കു വേണ്ടി കാലത്തിലൂടെ അവരുടെ വാക്കുകൾ മറ്റുള്ളവരുമായി സംവദിച്ചുകൊണ്ടിരിക്കും. നിശ്ശബ്ദമാക്കപ്പെടലാണല്ലോ ഇന്നു നമ്മുടെ നാട്ടിൽ എല്ലായിടത്തും. നിശ്ശബ്ദതയാണ് ശക്തമായ ശബ്ദമെന്ന് ശബ്ദങ്ങളെ ഇല്ലായ്മചെയ്യുന്നവർ തിരിച്ചറിയുന്നില്ല. ഒരു നാവ് നിശ്ശബ്ദമാക്കപ്പെടുമ്പോൾ ഒരായിരം വാക്കുകൾ ഉയർത്തെഴുന്നേൽക്കുന്നുവെന്നും പ്രതിഭാ റായ് പറഞ്ഞു.

സാറാ ജോസഫ് അധ്യക്ഷതവഹിച്ച ഉദ്ഘാടനസമ്മേളനത്തിൽ ഹിന്ദി എഴുത്തുകാരി മൃദുല ഗാർഗ് മുഖ്യപ്രഭാഷണം നടത്തി. നൊമ്പരങ്ങൾ ഏറ്റുവാങ്ങുകയും മറ്റുള്ളവർക്കുവേണ്ടി ആഹ്ലാദം പകരുകയും ചെയ്ത എഴുത്തുകാരിയാണ് കമല സുറയ്യ എന്ന് അവർ പറഞ്ഞു.സ്ത്രീയുടെ രഹസ്യകാമനകൾ, സങ്കീർണ്ണമായ മനോജീവിതം ഇവയെല്ലാം ആത്മാർത്ഥമായി കമല തുറന്നെഴുതിയപ്പോൾ ഞെട്ടിത്തരിച്ചത് യാഥാസ്ഥിതികമായ സമൂഹമാണെന്നും അവർ പറഞ്ഞു. ജനാധിപത്യത്തിന്റെ നാലാം നെടുംതൂൺ തകർത്ത് ഫാസിസം അതിന്റെ വരവ് ആഘോഷിക്കുമ്പോൾ ഒറ്റ ഇന്ത്യ എന്ന സങ്കൽപമാണ് ഇല്ലാതാകുന്നതെന്ന് അധ്യക്ഷത വഹിച്ച സാറാജോസഫ് പറഞ്ഞു. നാടിന്റെ സ്വാതന്ത്ര്യവും സ്വാശ്രയത്വവും മത്തരത്വവും സംരക്ഷിക്കാൻ പേനകൊണ്ട് പൊരുതണം. ധ്വനിമാനങ്ങളുള്ള മണിനാദമാണ് കമല സുറയ്യയുടെ രചനകൾ. ശരീരത്തിന്റെ സ്വയം നിർണ്ണയവകാശം എഴുത്തിൽ കൊണ്ടുവന്ന കമല സുറയ്യ ചുറ്റുപാടുമുള്ള ലോകത്തെ സുന്ദരമാക്കാൻ ശ്രമിച്ചുവെന്നും സാറാജോസഫ് പറഞ്ഞു.

നീർമാതളത്തണലിൽ സംഘാടകസമിതി ചെയർമാൻ കൂടിയായ കെ.വി.അബ്ദുൾഖാദർ എം.എൽ.എ. വിശിഷ്ടാതിഥികൾക്ക് ഉപഹാരസമർപ്പണം നടത്തി. അക്കാദമി പ്രസിഡണ്ട് വൈശാഖൻ ആമുഖ പ്രഭാഷണം നിർവ്വഹിച്ചു. തമിഴ് എഴുത്തുകാരി കെ.വി. ശൈലജ, ഡോ.സുലോചന നാലപ്പാട്ട്, ഡോ.കെ.പി. മോഹനൻ, ഡോ.മ്യൂസ് മേരി ജോർജ്ജ്, പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് എ.ഡി.ധനീപ് എന്നിവർ സംസാരിച്ചു. ജില്ലാ പഞ്ചായത്ത് അംഗം ടി.എ.അയിഷ, ബ്ലോക്ക് പഞ്ചയാത്തംഗം ജെസീറ നസീർ, വാർഡ് അംഗം ലസിത സുനിൽ എന്നിവർ പങ്കെടുത്തു. ജ്യോതിഭായ് പരിയാടത്തിന്റെ കവിതാലാപനത്തോടുകൂടിയാണ് സമ്മേളനനടപടികൾ ആരംഭിച്ചത്. ഗൗരി ലങ്കേഷിന്റെ നിഷ്ഠുരമായ കൊലപാതകത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഷബിത എം.കെ. പ്രമേയം അവതരിപ്പിച്ചു.

ഉച്ചയ്ക്കുശേഷം നടന്ന കമലയുടെ ആത്മനിഷ്ഠരചനകൾ എന്ന സെമിനാറിൽ മാനസി മോഡറേറ്ററായിരുന്നു. സാഹിത്യ അക്കാദമി വൈസ് പ്രസിഡണ്ട് ഡോ.ഖദീജ മുംതാസ്, ഡോ.എൻ.രേണുക, ഡോ.ജി. ഉഷാകുമാരി, ഡോ.സി.എസ്.ചന്ദ്രിക എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. രവീന രവീന്ദ്രന്റെ *ഒരു കുറ്റപത്രവും ഒമ്പത് മുറിവുകളും* എന്ന കഥാസമാഹാരം ഗിരിജ പാതേക്കര, ഡോ.ഇ.സന്ധ്യയ്ക്ക് നൽകി പ്രകാശനം ചെയ്തു. സ്ത്രീഭാവനയുടെ പൗരമണ്ഡലങ്ങൾ എന്ന വിഷയം ഡോ.കവിത ബാലകൃഷ്ണൻ അവതരിപ്പിച്ചു.



പുന്നയൂർക്കുളം കുടുംബശ്രീ അംഗങ്ങൾ തിരുവാതിരക്കളി അവതരിപ്പിച്ചു. തുടർന്ന് സതീഷ് കെ.സതീഷ് സംവിധാനം ചെയ്ത് ഗ്രാൻമ കോഴിക്കോട് അവതരിപ്പിച്ച എന്റെ നീർമാതളം എന്ന നാടകം അരങ്ങേറി. സരിത അശോകൻ നാലപ്പാട്ട് സംവിധാനം ചെയ്ത ഋഷികവി എന്ന ഡോക്യുമെന്ററിയുടെ പ്രദർശനം നടന്നു.

സീമ ശ്രീലയം



# കസീനിയുടെ വിജയഗാഥ

'ആകാശത്ത് ശനിയെക്കാണുമ്പോഴൊക്കെ ഞങ്ങൾ നിന്നെ ഓർക്കും ' നാസ ശാസ്ത്രജ്ഞർ ട്വിറ്ററിൽ ഇങ്ങനെ കുറിച്ചത് കസീനി പേടകത്തെക്കുറിച്ചാണ്. ഈ വർഷം സെപ്റ്റംബർ 15 ന് ശനിയിൽ ഇടിച്ചിറങ്ങി ദൗത്യം അവസാനിപ്പിച്ചതോടെ കസീനി ചരിത്രത്തിന്റെ ഭാഗമായി മാറി. ഫ്ലോറിഡയിലെ കേപ്കനാവറിൽ നിന്നും 1997 ഒക്റ്റോബർ 15 നാണ് വലയഗ്രഹമായ ശനിയുടെയും അതിന്റെ ഉപഗ്രഹങ്ങളുടെയും രഹസ്യങ്ങൾ തേടി കസീനി ,ഹൈഗൻസ് പേടകങ്ങൾ ഭൂമിയിൽ നിന്നു യാത്രതിരിച്ചത്. നാസ, യൂറോപ്യൻ സ്പേസ് ഏജൻസി, ഇറ്റാലിയൻ സ്പേസ് ഏജൻസി എന്നിവയുടെ സംയുക്ത സംരംഭമായിരുന്നു രണ്ടു പേടകങ്ങൾ ഉൾക്കൊള്ളുന്ന ഈ ദൗത്യം.

ശനിയുടെയും  അതിന്റെ ഉപഗ്രഹങ്ങളുടെയും നിഗൂഢതകൾ തേടി, വർഷങ്ങൾ നീണ്ട സഞ്ചാരത്തിനിടെ കസീനി – ഹൈഗൻസ് പേടകങ്ങൾ ചുരുൾ നിവർത്തിയ രഹസ്യങ്ങളും നമുക്കു കാണിച്ചു തന്ന ബഹിരാകാശ വിസ്മയങ്ങളും നിരവധി. ശുക്രന്റെയും വ്യാഴത്തിന്റെയും ചന്ദ്രന്റെയുമൊക്കെ നിരവധി അപൂർവ്വ ദൃശ്യങ്ങൾ അവ ലഭ്യമാക്കി. നീണ്ട ഏഴുവർഷത്തെ യാത്രയ്ക്കൊടുവിൽ 2004 ജൂലൈയിൽ കസീനി ശനിയുടെ ഭ്രമണപഥത്തിലെത്തി. ഹൈഗൻസ് പേടകം 2004 ഡിസംബറിൽ ശനിയുടെ ഏറ്റവും വലിയ ഉപഗ്രഹമായ ടൈറ്റനിൽ ഇറങ്ങി. അതോടെ സൗരയൂഥത്തിലെ ഒരു ബാഹ്യഗ്രഹ ഉപഗ്രഹത്തിൽ ഇറങ്ങുന്ന ആദ്യ പേടകം എന്ന റെക്കോഡ് ഹൈഗൻസിനു സ്വന്തമായി. 1979 ൽ പയനിയർ , 1988 ൽ വൊയേജർ–1 , 1989 ൽ വൊയേജർ–2 എന്നീ പേടകങ്ങൾ ശനിയുടെ ദൃശ്യങ്ങൾ ലഭ്യമാക്കിയിരുന്നെങ്കിലും അതിനുശേഷം ശനി പര്യവേക്ഷണത്തിൽ വലിയൊരു ഇടവേള തന്നെയുണ്ടായി. അതുകൊണ്ടു തന്നെ കസീനി–ഹൈഗൻസ് ദൗത്യത്തെ വലിയ പ്രതീക്ഷയോടെയാണ് ശാസ്ത്രലോകം വരവേറ്റത്.

ശനി ദശ , 'കണ്ടക ശനി കൊണ്ടേ പോകൂ' തുടങ്ങിയ അന്ധവിശ്വാസങ്ങളിലൂടെ 'പ്രശസ്ത'മാണല്ലോ  ശനിഗ്രഹം . ശാസ്ത്രം ഇത്ര പുരോഗമിച്ചിട്ടും ബഹിരാകാശപേടകങ്ങൾ ശനിയിലെത്തി  എത്രയോ ദൃശ്യങ്ങൾ അയച്ചിട്ടും പാവം ശനിഗ്രഹത്തിന് ഇപ്പോഴും ശനി ദശ മാറിയിട്ടില്ല!ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും ഇത്തരം അന്ധവിശ്വാസങ്ങൾ നിലനിൽക്കുന്നു

എന്നത് ലജ്ജിപ്പിക്കുന്ന കാര്യം തന്നെ. ശനിയുടെയും അതിന്റെ ഉപഗ്രഹങ്ങളുടെയും നിരവധി രഹസ്യങ്ങളിലേക്കാണ് കസീനി-ഹൈഗൻസ് ദൗത്യം വെളിച്ചംവീശിയത്.

രണ്ടു ദശകം നീണ്ട ദൗത്യത്തിനിടെ പതിമൂന്നു വർഷമാണ് കസീനി ശനിയുടെ ഭ്രമണപഥത്തിൽ ചുറ്റിക്കറങ്ങി വിവരങ്ങൾ ലഭ്യമാക്കിയത്. ശനിയുടെ വലയങ്ങൾ, അതിഭീമമായ വാതക പടലങ്ങൾ ,ശനിയിലെ കൊടുങ്കാറ്റ്, ശക്തിയേറിയ കാന്തിക മണ്ഡലം, ധ്രുവദീപ്തികൾ, ശനിയുടെ ഉപഗ്രഹമായ എൻസലാഡസിലെ മഞ്ഞുപാളികൾ, ടൈറ്റാനിലെ ഹൈഡ്രോകാർബൺ തടാകങ്ങൾ എന്നിവയെക്കുറിച്ചുള്ള അപൂർവ്വ വിവരങ്ങൾ ഈ പര്യവേക്ഷണത്തിലൂടെ ലഭ്യമായി. ശനിയുടെ ചെറു ഉപഗ്രഹമായ, പറക്കും തളികയുടെ ആകൃതിയിലുള്ള അറ്റ്ലസിന്റെ ദൃശ്യവും കസീനി ലഭ്യമാക്കി. പുതിയ ചില ഉപഗ്രഹങ്ങളെ തിരിച്ചറിയുകയും ചെയ്തു. ശനിയിലെ വാതക പടലങ്ങൾ പലഭാഗങ്ങളിലും വ്യത്യസ്ത വേഗതയിൽ ചലിക്കുന്നതുകൊണ്ട് ശനിയുടെ ഭ്രമണവേഗം സംബന്ധിച്ച് പല ആശയക്കുഴപ്പങ്ങളുമുണ്ട്. ഇത് പരിഹരിക്കാൻ സഹായിക്കുന്ന വിവരങ്ങളും കസീനി ലഭ്യമാക്കി. ശനിയെക്കുറിച്ചോർക്കുമ്പോൾ ആദ്യം ഓർമ്മയിലെത്തുന്നത് ഗ്രഹത്തിനു ചുറ്റുമുള്ള വലയങ്ങൾ തന്നെയാവും. ഈ വലയങ്ങൾ എങ്ങനെ രൂപം കൊണ്ടു, എന്താണിതിലെ ഘടകങ്ങൾ, ഇവയുടെ പഴക്കമെത്ര തുടങ്ങിയ സമസ്യകൾ പൂരിപ്പിക്കാൻ കസീനി ലഭ്യമാക്കിയ വിവരങ്ങൾ സഹായകമാവുമെന്നാണ് ശാസ്ത്രജ്ഞരുടെ പ്രതീക്ഷ.

സൗരയൂഥത്തിന്റെ ഉല്പത്തിയും പരിണാമവും സംബന്ധിച്ച രഹസ്യങ്ങൾ തന്നെയാണ് ഈ പര്യവേക്ഷണത്തിലൂടെ ചുരുൾനിവരാൻ പോവുന്നത്. ഭൂമിക്കപ്പുറം ജീവനുണ്ടോ, അല്ലെങ്കിൽ ഉണ്ടായിരുന്നോ എന്ന ചോദ്യത്തിനുത്തരവും ഈ ദൗത്യം തേടി. ശനിയുടെ ഉപഗ്രഹങ്ങളായ ടൈറ്റനിലും എൻസലാഡസിലും ജീവന്റെ കണങ്ങൾ ഉണ്ടാവുമോ എന്ന ചോദ്യത്തിന് ഇനിയും കൃത്യമായ ഉത്തരം കിട്ടേണ്ടതുണ്ട്. ഏതെങ്കിലും തരത്തിലുള്ള ജീവസാന്നിധ്യത്തിനുള്ള വിദൂരസാധ്യത പ്രതീക്ഷിക്കുന്ന ടൈറ്റനിലും എൻസലാഡസിലും പേടകം തകർന്നുവീഴുന്നതു കൊണ്ടുള്ള മലിനീകരണപ്രശ്നങ്ങൾ ഒഴിവാക്കാൻ വേണ്ടിയാണ് 'ഗ്രാൻഡ് ഫിനാലെ' എന്നു വിശേഷിപ്പിക്കപ്പെട്ട അന്തിമദൗത്യത്തിനൊടുവിൽ കസീനിയെ ശനിയിൽ ഇടിച്ചിറക്കി ദൗത്യം അവസാനിപ്പിച്ചത്. കസീനി ലഭ്യമാക്കിയ ഭീമമായ വിവരങ്ങളുടെയും ദൃശ്യങ്ങളുടെയും അതിസൂക്ഷ്മമായ വിശകലങ്ങളിലൂടെ വിസ്മയിപ്പിക്കുന്ന വിവരങ്ങൾ ഇനിയും വെളിച്ചത്തുവരുമെന്ന പ്രതീക്ഷയിലാണ് ശാസ്ത്രലോകം.

## കാർട്ടൂൺ



"Happy Mother's Day! Here's your gift - I'll be back later for dinner!"


'മാതൃദിനാശംസകൾ ! ഇതാ നിനക്കുള്ള സമ്മാനം- ഞാൻ അത്താഴമാകുമ്പോഴേക്കും തിരിച്ചെത്താം !'




Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara

ഫോട്ടോഫീച്ചർ

# അമ്മച്ചിത്രങ്ങൾ



Working with Pappu




Posing Vertical Full Image



When She Fell and Hurt Herself with Her Ice Bag Horizontal



*Posing for a Photo with These Two Kinginis*



**കുഞ്ഞില**
**എഴുത്താൾ,**
**സിനിമ സംവിധായിക. ബോംബെ.**



*Pappu Kicks Baby*